

## OUR ESTABLISHMENTS IN VARIOUS PARTS OF MUMBAI CITY AND SUBURBS AND THANE DISTRICT ARE AS FOLLOWS:

| | | |
|---|---|---|
| 1. | Registered Office | "Navin Asha", 126, Dadasaheb Phalke Road, Dadar (C.Rly), Mumbai – 400 014. Tel : 2411 31 01. |
| 2. | Chembur Complex | Sree Narayana Nagar,P.L.Lokhande Marg,Chembur, Mumbai-400 089. (Tel: (O) 2525 5337/2525 6083.<br>Sree Narayana Guru High School Tel: 25253037<br>Kumaran Asan Pre-Primary School Tel-25256037<br>Sree Narayana Guru Marathi School Tel: 2525 6104<br>Sree Narayana Guru College of Commerce.Tel: 2525 09 26/ 2522 80 18<br>Sree Narayana Guru Institute of Information Technology<br>Sree Narayana Guru Mandiram<br>Sree Narayana Guru Hall<br>Sree Narayana Guru Playground |
| 3 | International Centre for Sree Narayana Guru Studies | Gurudeva Giri, Plot No.6, Sector-20, Nerul, Navi Mumbai – 400 706 Tel./Fax : 2771 82 80 |
| 4. | Goregaon Guru Centre | 2, Prembindu, Behind Baliga Nursing Home, S.V.Road, Goregaon (W), Mumbai – 400 062. Tel : 28737752. |
| 5. | Bhandup Guru Centre | B-2, Neelima Apts. S.P.S.Marg, Bhandup, Mumbai-400078. Tel: 25965349. |
| 6. | Kalyan Guru Centre | Jai Venkatesh Apartment, Flat No.17/1, B-Wing, Near Ayyappa Temple, Katemanivli, Kalyan (E)Tel: 0251-2250503 |
| 7. | Ambernath Guru Centre | B-2/4, Kaveri CHS.Ltd. Basav Kalyan Nagar, Shiv Mandir Road, Ambernath (E). Tel: 0251-2606953 |
| 8. | Thane Community Centre | Mavis Bungalow, A/15/1, Plot No.23, Panch Pakadi Village, Sector-1, Road No.27, Shree Nagar, Wagle Estate, Thane – 4. Tel: 25827787 |
| 9. | Dombivli Guru Centre | 4,Sonal Apartments, Veer Savarkar Road, Dombivli (E). Tel: 0251-2472896. |
| 10. | Vasai Guru Centre | Flat No.G-1/2, Ground Floor, Vimal Apts. Vasai (W), Thane Dist. |
| 11. | Powai Guru Centre | Flat No.G-1 B, Dream House II, Opp. I.I.T., Powai, Mumbai – 400 076. |
| 12. | Sakinaka Guru Centre | 1, C.B.Sharma Compound, Lakshmi Narayan Mandir Road, Sakinaka, Mumbai – 400 072. Tel: 2850 90 47 |
| 13. | Vashi Guru Centre | D2/F2, Sector 10, Vashi, Navi Mumbai Tel:2766 37 00 |
| 14. | Airoli Guru Centre | A-103, Sathyam Building, Sector-2A, Airoli,Navi Mumbai – 400 708 Tel.: 65107231 |

*പത്രാധിപക്കുറിപ്പ്.......*

# ഗുരുദേവഗിരി തീർത്ഥാടനം

പ്രവാസ വഴിയിലെ ഗൃഹാതുരതയുടെ പച്ചപ്പുനിറഞ്ഞ അപൂർവം ചില തുരുത്തുകളിൽ പ്രഥമസ്ഥാനത്തു നിൽക്കുന്ന ഗുരുദേവഗിരിയിലേക്കുള്ള തീർത്ഥയാത്രയ്ക്കു സമയമായി. ഒൻപതാമതു തീർത്ഥാടന പദയാത്രയെ വരവേൽക്കാനുള്ള തയ്യാറെടുപ്പുകൾ നവിമുംബൈയിലെ (നെരുൾ) ഗുരുദേവഗിരിയിൽ ആരംഭിച്ചു കഴിഞ്ഞു.

ഇരുപതാം നൂറ്റാണ്ടിലെ മഹാനായ മലയാളിയെന്ന് ലോകമാകെ സമ്മതിച്ച ആ മഹാ തേജോമയന്റെ ജ്ഞാനത്തിന്റെയും കരുണയുടെയും ആത്മീയതയുടെയും സ്നേഹജ്വാല തെളിയിച്ച് സവർണാധിപത്യത്തിന്റെ കടവേരറുത്ത ആ സന്യാസിവര്യന്റെ പവിത്രസാന്നിധ്യം കുടികൊള്ളുന്ന ഗുരുദേവഗിരിയിലേക്ക് വ്രതം നോറ്റ് മഞ്ഞയുടുത്ത്, ഉപാധിയില്ലാത്ത മനുഷ്യസ്നേഹത്തിന്റെ മഹാമന്ത്രവുമായി ഭക്തജനങ്ങൾ അണിചേരും.

ശിവഗിരി തീർത്ഥാടനത്തിന്റെ മാതൃകയാണ് വർഷംതോറും ഗുരുദേവഗിരി തീർത്ഥാടനവും സംഘടിപ്പിക്കുന്നത്. ശിവഗിരി ഗുരുദേവ സമാധികൊണ്ട് പവിത്രമെങ്കിൽ, ഗുരുദേവഗിരി ഗുരുദേവന്റെ തിരുശേഷിപ്പ് സംരക്ഷിക്കുന്നതിലൂടെ ചൈതന്യപൂരിതമായിരിക്കുന്നു.

ഗുരുദേവഗിരിയിലേക്കുള്ള തീർത്ഥാടനം ആരംഭിച്ചിട്ട് എട്ടുവർഷം പിന്നിടുന്നു. ഒമ്പതാമതു തീർത്ഥാടനത്തിനാണ് ഇപ്പോൾ ഒരുക്കങ്ങൾ നടക്കുന്നത്. ഫെബ്രുവരി 11 മുതൽ നാലുദിവസം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികൾ.

11ന് ഗുരുദേവഗിരിയിലെ മഹാദേവക്ഷേത്രത്തിലെയും ഗുരുമന്ദിരത്തിലേയും പ്രതിഷ്ഠ വാർഷിക മഹോത്സവം, 12ന് മഹാശിവരാത്രി ആഘോഷം, 13ന് വിശേഷാൽ പൂജകളും കലാപരിപാടികളും. 14ന് തീർത്ഥാടന ഘോഷയാത്രയും പൊതുസമ്മേളനവും. കേരളമുൾപ്പെടെ ഒട്ടുമിക്ക സംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നുമായി ആയിരങ്ങൾ അണിചേരുന്ന, കേരളത്തിനു പുറത്തെ ഏറ്റവും വലിയ തീർത്ഥാടന പദയാത്രയും സമ്മേളനവുമായിരിക്കും ഗുരുദേവഗിരിയിൽ നടക്കുക.

ഇന്നുവരെ ലോകം കണ്ട പ്രഗത്ഭമതികളായ സാമ്പത്തിക വിദഗ്ദ്ധർക്കും ശാസ്ത്രജ്ഞർക്കും മനുഷ്യാവകാശ പ്രവർത്തകർക്കും പരിസ്ഥിതി വാദികൾക്കും മുന്നിൽ ഒരു പ്രഹേളികയായി നിലകൊള്ളുന്ന ജഗത്ഗുരുവിന്റെ ഭൗതിക തിരുശേഷിപ്പായ ദിവ്യദന്തം ഇവിടെ പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ക്ഷേത്രത്തിൽ സുവർണപേടകത്തിൽ സൂക്ഷിച്ചിരിക്കുന്നു. ഈ ദിവ്യദന്തം ഭക്തർക്ക് ദർശിക്കാനുള്ള അവസരം വർഷത്തിലൊരിയ്ക്കൽ നടക്കുന്ന ഗുരുദേവഗിരി തീർത്ഥാടന വേളയിൽ മാത്രമേ ലഭിയ്ക്കുകയുള്ളൂ. സിലോണിലെ ശ്രീബുദ്ധന്റെ ഭൗതിക തിരുശേഷിപ്പുപോലെ.

ഗുരുദേവാനുഗ്രഹം നിർലോഭം ചൊരിയപ്പെട്ട ഗുരുദേവഗിരിയിൽ ചിലവഴിക്കുന്ന നിമിഷങ്ങൾ മനസ്സിൽ ശാന്തിയും സമാധാനവും നിറയ്ക്കുമ്പോൾ, അറിയാതെ ശിവഗിരിക്കുന്നിലെ സമാധി മണ്ഡപം മനസ്സിലേയ്ക്ക് കയറിവരും. സമാധി മണ്ഡപത്തിനു ചുറ്റുമുള്ള മൺതരികൾ പകർന്നു നൽകുന്ന ഗുരുചൈതന്യത്തിന്റെ കാന്തിക തരംഗങ്ങൾ ഈ പവിത്രഭൂമിയിൽ നിന്നും നമുക്കു ലഭിക്കുന്നു.

ഇന്ത്യയടക്കമുള്ള ലോകരാജ്യങ്ങൾ നേരിടുന്ന മത-തീവ്രവാദ ഭീഷണികൾ വർദ്ധിച്ചുവരുന്ന ഈ സാഹചര്യത്തിൽ ഗുരുദേവദർശനത്തിന്റെ പ്രസക്തി ഏറുകയാണ്. ഗുരുദേവദർശനത്തിന്റെ ഈ പ്രാധാന്യം മനസ്സിലാക്കി ഗുരുധർമ്മ പ്രചരണ രംഗത്ത് അതീവ ജാഗ്രത പുലർത്തുന്ന ശ്രീനാരായണ മന്ദിരസമിതി നടത്തുന്ന ഒൻപതാമതു ഗുരുദേവഗിരി തീർത്ഥാടനം എന്തുകൊണ്ടും അതീവ പ്രാധാന്യമർഹിക്കുന്നു.



**എൻ.എസ്. സലിംകുമാർ**

എഡിറ്റർ

# ഒരു നവംബർ ഇരുപത്തിയെട്ട്

ബിജലി ഭരതൻ

"Narayana Guru's philosophy doesen't belongs to any caste, community religion or country. If this philosophy spreads throughout the world how beautiful the world would be to live in. I truely believe this philosphy should reach every nook and corner" പൂജാ യാദവ് എന്ന പെൺകുട്ടി, ശ്രീനാരായണ മന്ദിരസമിതി സംഘടിപ്പിച്ച പ്രസംഗമത്സരത്തിൽ തന്റെ വാക്ചാതുര്യത്തിന് വിരാമമിട്ടത് ഇങ്ങനെയാണ്.



ഡോ. കെ.കെ. ദാമോദരൻ നിലവിളക്ക് കൊളുത്തി സാഹിത്യമത്സരം ഉദ്ഘാടനം ചെയ്യുന്നു.

എഴുപത്തിയേഴാമത് ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച്, ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ്, ശിവഗിരിമഠം കേരളത്തിലും ഇന്ത്യക്കകത്തും പുറത്തുമുള്ള ശ്രീനാരായണ പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് പലപരിപാടികളും ആസൂത്രണം ചെയ്യുകയുണ്ടായി. മുംബൈ ശ്രീനാരായണ മന്ദിരസമിതി അതിനെ സഹർഷം സ്വാഗതം ചെയ്തു. ഗുരുവിന്റെ ജീവിതത്തെയും ദർശനങ്ങളെയും വിഷയമാക്കിക്കൊണ്ടുള്ള പ്രസംഗങ്ങൾ, ഉപന്യാസങ്ങൾ, ശ്ലോകപാരായണം എന്നിവയുടെ മത്സരങ്ങൾ, സമിതിയുടെ 26 യൂണിറ്റുകളിലേയും കുട്ടികളേയും യുവാക്കളേയും പങ്കെടുപ്പിച്ചുകൊണ്ടൊരു സാഹിത്യോത്സവമായി നടത്തപ്പെട്ടു.

ഇതര തീർത്ഥാടനങ്ങളിൽ നിന്ന് വേറിട്ടൊരു തനിമയും ഗരിമയും ശിവഗിരി തീർത്ഥാടനത്തിനുള്ളത്, അത് അനുഷ്ഠാനങ്ങൾക്കുപരി വിദ്യാഭ്യാസത്തിന്റെ കിരണങ്ങൾ ഉൾക്കൊണ്ട്, ശുചിയായി, ഈശ്വരഭക്തിയാൽ സത്ത്വമാനസരായി, സംഘടനകൊണ്ട് ശക്തരായി, കൃഷിയും കച്ചവടവും കൈത്തൊഴിലും സാങ്കേതിക വിദ്യയും കൊണ്ട് ഒരു ജനതതിയെ സർവ്വതന്ത്ര സ്വതന്ത്രരാക്കുന്നു. എന്നുള്ളതാണ് ഈ തീർത്ഥാടനത്തിന്റെ ഭാഗമായി ഇങ്ങനെയൊരു മത്സരം സംഘടിപ്പിക്കുമ്പോൾ സമിതിക്ക് പല ലക്ഷ്യങ്ങളായിരുന്നു.

തഴുകിയുറക്കുകയും തട്ടിയുണർത്തുകയും ചെയ്യുന്ന തെന്നലായും പ്രചണ്ഡമാരുതനായും ദർശനങ്ങളും ജീവിതവും പ്രവൃത്തിയും സഫലമായി രൂപാന്തപ്പെടുത്തിയ ശ്രീനാരായണഗുരുവിനെ, ദർശനങ്ങളെ, ഒരുണർത്തു



**സാഹിത്യമത്സരത്തിൽ പങ്കെടുത്തവർ**

പാട്ടിന്റെ സംഗീതംപോലെ ഈ കുരുന്നുകളുടെ മനസ്സിലേയ്ക്കെത്തിക്കുക. ജീവിതമൊരു സംഗീതമാക്കാൻ പ്രാപ്തമാക്കുന്ന ദർശനങ്ങൾക്ക് എന്നും പ്രസക്തിയുണ്ട്. അതിലൂടെ ഗുരുധർമ്മാനുസാരികളായ ഭാവിവക്താക്കളെ, ഗുരുധർമ്മപ്രചാരകരെ, വാർത്തെടുക്കുക. ഇത് വളരെ ശ്രമകരവും എന്നാൽ ശ്രമസാദ്ധ്യവുമായ ഒന്നാണ്. ഗുരുദേവ ദർശനത്തിന്റെ അകക്കാമ്പറിഞ്ഞ്, അത് അന്യഭാഷകളിൽ ആശയവിനിമയം ചെയ്യാൻ പ്രാപ്തരായ പ്രചാരകർ ശ്രീനാരായണ പ്രസ്ഥാനങ്ങളിൽ വിരളമാണ് ഈ പോരായ്മ പരിഹരിക്കുക.

മറ്റൊന്ന്, ലോകകാര്യങ്ങളിലെ ഏതെങ്കിലുമൊരുവശം പഠിച്ച്, അതിനെ ഒരുപജീവനമാക്കിത്തീർക്കുക എന്നുള്ളതാണ് വിദ്യാഭ്യാസത്തിന്റെ ഇന്നത്തെ ലക്ഷ്യം. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി മനുഷ്യത്വം എന്താണെന്നും, ജീവിതത്തിന്റെ അർത്ഥമെന്താണെന്നും കണ്ടെത്തി ജീവിക്കാനുള്ള അറിവ് ആധുനിക വിദ്യാഭ്യാസം, മാത്സര്യത്തിന്റെ ലോകത്ത് നൽകുന്നില്ല. ഈ കുറവ് നികത്തേണ്ടത് ഔപചാരിക വിദ്യാഭ്യാസത്തിലൂടെയാണ്. സാംസ്കാരിക വിഭാഗത്തിന്റെ മീറ്റിംഗുകളിലും അന്തർദേശീയ ലൈബ്രറി മീറ്റിംഗുകളും പ്രസംഗമത്സരങ്ങളും മറ്റും സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് വളരെയേറെ ഊന്നൽ നൽകുകയും അതിനുവേണ്ട തയ്യാറെടുപ്പുകൾ നടത്തിവരികയുമായിരുന്നു, യുവജനങ്ങളേയും കുട്ടികളേയും പ്രസ്ഥാനത്തിലേയ്ക്കാകർഷിക്കു എന്ന സോദ്ദേശ്യത്തോടെ.

നെരുൾ ഗുരുദേവഗിരി, ആനന്ദ് രാജ് മെമ്മോറിയൽ ഹാളിൽ, 2009 നവംബർ 14, ഞായറാഴ്ച രാവിലെ 11 മണിക്ക് ഗുരുദേവ ചിത്രത്തിന് മുന്നിൽ പ്രസിഡണ്ട് ഡോ. കെ. കെ. ദാമോദരൻ ഭദ്രദീപം തെളിയിച്ചു. ചെയർമാൻ എം.കെ. ദാമോദരൻ, ജനറൽ സെക്രട്ടറി, എൻ.എസ്. സലിംകുമാർ, സോണൽസെക്രട്ടറി ശശി ദാമോദരൻ എന്നിവർ അനുബന്ധിതരായി, ഗുരുഷഡ്കം ചൊല്ലി, ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ചടങ്ങുകൾക്ക് സമാരംഭം കുറിച്ചു.

ശ്രീമദ് ശാരദാനന്ദ സ്വാമികൾ ചെമ്പൂരിൽ എത്തി. സമിതി ഭാരവാഹികളുമായി കൂടിക്കാഴ്ച നടത്തിയതുമുതൽ ആഘോഷ പരിപാടികൾക്ക് നേതൃത്വം നൽകിയ സാംസ്കാരിക വിഭാഗം ചെയർമാൻ ശ്രീ. പി.പി. സദാശിവൻ ഇതിന്റെ ആവശ്യകതയെക്കുറിച്ച് ഹ്രസ്വമായ തന്റെ സ്വാഗത പ്രസംഗത്തിൽ പരാമർശിച്ചു. പ്രസിഡണ്ട് ഡോ. ദാമോദരൻ



**ഡോ. കെ.കെ. ദാമോദരൻ, എൻ. എസ്. സലിംകുമാർ എന്നിവർ വിജയികൾക്ക് സമ്മാനദാനം നടത്തുന്നു**

മിതമായ അനുഗ്രഹ പ്രഭാഷണം നടത്തി.

പ്രസംഗ മത്സരമായിരുന്നു ആദ്യത്തെ ഇനം "Guru as a Social Reformer" എന്ന വിഷയമായിരുന്നു സബ് ജൂനിയേഴ്സിന് തങ്ങളുടെ മികവ തെളിയിക്കേണ്ടിയിരുന്നത്. ഈ വിഭാഗത്തിൽ അഞ്ജനാ അശോക് (പവായ്), സുഖിത ഷെട്ടിഗർ (പവായ്) അശ്വിൻ പി. അനിൽ എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി.

ശ്രീനാരായണ തത്വങ്ങളുടെ ആത്മസത്ത എന്താണെന്ന് ചോദിച്ചാൽ രണ്ടാമതൊന്നാലോചിക്കാതെ പറയാം അനുകമ്പ അഥവാ മനുഷ്യത്വം. എല്ലാ സംസ്കാരങ്ങളും സംഗമിക്കുന്നത് മനുഷ്യത്വത്തിലാണ്. ഈ സംസ്കാരത്തിൽ പൗരസ്ത്യമെന്നോ പാശ്ചാത്യമെന്നോ ഭിന്നമതമെന്നോ ഉള്ള വ്യത്യാസമില്ലാതെ, മനസ്സിലൂടെ, ഹൃദയത്തിലൂടെ, വാക്കിലൂടെ, വായുവിലൂടെ ഒഴുകിയെത്തുന്നതാണ്, അനുകമ്പയുടെ ഈ സംഗമം. അതെ Guru and the concept of Compassion അതായിരുന്നു ജൂനിയേഴ്സിന്റെ വിഷയം. അസാമാന്യമായ വാക്ധാരണിയാൽ രേഷ്മ സുരേന്ദ്രനും (പവായ്), പൂജ യാദവും (പവായ്) ഒന്നും രണ്ടും സ്ഥാനത്തെത്തി. ശിൽപ സുഗതൻ (കല്യാൺ) മൂന്നാം സ്ഥാനം കരസ്ഥമാക്കി.

ശ്രീനാരായണ ഗുരുവിന്റെ ഏകലോക വീക്ഷണത്തിന് നടരാജഗുരുവിൽ നിന്നും ഉൾക്കാഴ്ച ലഭിച്ച രണ്ടാം ലോകമഹായുദ്ധത്തിലെ ബോംബർ പൈലറ്റായിരുന്ന ഗാരി ഡേവിസിനെ ഉദ്ധരിച്ച് പ്രൗഢോജ്ജ്വലമായ പ്രസംഗത്തിലൂടെ ഹരികൃഷ്ണൻതമ്പി (അണുശക്തിനഗർ) ഏവരുടേയും ശ്രദ്ധ പിടിച്ചുപറ്റി സീനിയർ വിഭാഗത്തിൽ ഒന്നാമനായി. "World peace through Religious Harmony" എന്ന വിഷയമവതരിപ്പിച്ച് ആഷിഷ് ഗംഗാധരൻ (വസായ്) രണ്ടാം സ്ഥാനത്തിനർഹനായി. അതോടെ ആദ്യത്തെ സെഷന് വിരാമമായി.

ഗുരുദേവകൃതികളുടെ ആലാപനവും ഉപന്യാസ മത്സരവുമായിരുന്നു ഉച്ചയ്ക്ക് ശേഷം. സബ്ജൂനിയേഴ്സിലെ പൂജാ പ്രസാദ് ശിവപ്രസാദ പഞ്ചകം മധുരോദാരമായി ചൊല്ലിക്കൊണ്ട് രണ്ടാം ഘട്ടം തുടങ്ങി. പാപം, ശിക്ഷ, ദുഃഖം, മരണം എന്നീ നാലുവാക്കുകളില്ലാതെ, ഉപനിഷദ് സത്യമായ വേദാന്തം കടഞ്ഞെടുത്ത് ഭാവഗാംഭീര്യവും രചനാ ലാളിത്യവും തുളുമ്പുന്ന ഒരത്യപൂർവ്വ കൃതിയായ ദൈവദശകമാണ് ഈ വിഭാഗത്തിലെ ഇരുപത്തിമൂന്നുപേരിൽ ഇരുപത് കുട്ടികളും ചൊല്ലിയത്. അർത്ഥം ഗ്രഹിക്കാതെ, അക്ഷരസ്ഫുടതയില്ലാതെ ആലപിച്ചെങ്കിലും ഈ കുരുന്നുകളെ അതിന് പ്രേരിപ്പിച്ച് തയ്യാറാക്കിയ അമ്മമാർക്ക് അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ.

നിഷാരാജൻ (ഡോംബിവ്‌ലി), അമൃതേഷ് മുരളീധരൻ (നെരുൾ), ഐശ്വര്യ (ഐരോളി) യഥാക്രമം വിജയികളായി. ജൂനിയേഴ്സിൽ, ശിൽപ സുഗതൻ ശ്രുതിമധുരമായി ദൈവദശകം ചൊല്ലി ഒന്നാമതും അഭിജിത് അശോകൻ (സി.ബി.ഡി.) രണ്ടാമനും അഭിത് മോഹൻ (നെരുൾ) മൂന്നാമനും ആയി. സീനിയറിലെ സാജിത് സോമന്റെ ജനനീ നവരത്ന മഞ്ജരി ആലാപനത്തോടെ മത്സരം അവസാനിച്ചു.

77-ാമത് ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് ശ്രീനാരായണ മന്ദിരസമിതിയുടെ നവിമുംബൈയിലുള്ള അന്തർദേശീയ ശ്രീനാരായണ പഠനകേന്ദ്രത്തിൽ വെച്ച് നടന്ന സാഹിത്യമത്സരത്തിൽ വിജയികളവരിൽ ചിലർ

## സബ്-ജൂനിയർ വിഭാഗം


അഞ്ജനാ അശോകൻ
പ്രസംഗം


സുകിത ഷെട്ടിഗർ
പ്രസംഗം


അശ്വിൻ അനിൽ
പ്രസംഗം


നിഷ രാജൻ
കവിതാലാപം


അമൃതേഷ് മുരളീധരൻ
കവിതാലാപം


ഐശ്വര്യ സുദർശനൻ
കവിതാലാപം


റോഷൻ ശ്രീനിവാസൻ
ഉപന്യാസം


അമൃതാ സജീവ്
ഉപന്യാസം

## ജൂനിയർ വിഭാഗം


ശിൽപ സുഗതൻ
പ്രസംഗം &
കവിതാലാപം


അഭിജിത് അശോകൻ
ഉപന്യാസം &
കവിതാലാപം


അഭിത് മോഹൻ
കവിതാലാപം


അറുൻ ഷാജി
ഉപന്യാസം

## സബ്-ജൂനിയർ വിഭാഗം



ശ്രീലക്ഷ്മി മേനോൻ
ഉപന്യാസം

## ജൂനിയർ വിഭാഗം



രേഷ്മാ സുരേന്ദ്രൻ
പ്രസംഗം



പൂജായാദവ്
പ്രസംഗം



മീരാകൃഷ്ണൻ
ഉപന്യാസം

### ഉപന്യാസ മത്സരത്തി വിജയികൾ

സബ് ജൂനിയർ : റോഷൻ ശ്രീനിവാസൻ (വിരാർ), അമൃതാ സജീവ് (നെരുൾ), ശ്രീലക്ഷ്മി മേനോൻ (പവായ്)

ജൂനിയർ : മീരാകൃഷ്ണൻ (പവായ്), അഭിജിത്ത് അശോകൻ (സി. ബി.ഡി.), അരുൺ ഷാജി (സിബിഡി)

സീനിയർ : സുജിത്ത് സോമൻ (സാക്കിനാക്ക), ഹരികൃഷ്ണൻ തമ്പി (അണുശക്തിനഗർ)

ഗുരുധർമ്മ പ്രചാരണ സഭയുടെ സെക്രട്ടറിയും ധർമ്മസംഗം ട്രസ്റ്റ് മെമ്പറും അരുവിപ്പുറം മഠാധിപതിയുമായ സാന്ദ്രാനന്ദസ്വാമികളുടെ സാന്നിദ്ധ്യവും പ്രഭാഷണവും വേദിയെ ധന്യമാക്കി.

വിജയികൾക്ക് ക്യാഷ് അവാർഡും എല്ലാ മത്സരാർത്ഥികൾക്കും സർട്ടിഫിക്കറ്റും സമ്മാനവും അന്നുതന്നെ കൊടുക്കാൻ കഴിഞ്ഞു. സമ്മാനദാനം നിർവ്വഹിച്ചത് സാന്ദ്രാനന്ദ സ്വാമികൾ, പ്രസിഡണ്ട് ഡോ. ദാമോദരൻ, ജന. സെക്രട്ടറി എൻ. എസ്. സലിംകുമാർ, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. പി.കെ. വേണു, അസി. ട്രഷറർ ശ്രീ. കെ.കെ.

(ശേഷം പേജ് 25-ൽ)

## സീനിയർ വിഭാഗം



ഹരികൃഷ്ണൻ തമ്പി
ഉപന്യാസം &
പ്രസംഗം



ആശിഷ് ഗംഗാധരൻ
പ്രസംഗം



**രേഖാ സുരേഷ്കുമാർ**

മഹാരാഷ്ട്രക്കാരിയും അധ്യാപികയുമായ രേഖ ശ്രീനാരായണ മന്ദിരസമിതിയിലെ വിരാർ യണിറ്റിൽ സബ്-ജൂണിയർ വിഭാഗത്തിലുള്ള കുട്ടികൾക്ക് സാഹിത്യ മത്സരത്തിൽ പങ്കെടുക്കാൻ വേണ്ടി പരിശീലനം നൽകുന്നു.

# ''തൃശൂർ ശ്രീനാരായണ സാഹിത്യ പരിഷത്തിന്റെ 2009 ലെ അവാർഡ് പ്രൊഫ. എം. സത്യപ്രകാശത്തിന്''

തൃശൂർ ശ്രീനാരായണ സാഹിത്യപരിഷത്തിന്റെ ഈ വർഷത്തെ സാഹിത്യ പുരസ്കാരം ഗുരുധർമ്മ പ്രചാരകൻ, കൊല്ലം എസ്. എൻ. കോളേജ് ശ്രീ ശങ്കരാ യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങളിലെ മുൻ ഇംഗ്ലീഷ് പ്രൊഫസർ, പ്രശസ്ത സാഹിത്യ സാംസ്കാരിക പ്രവർത്തകൻ എന്നീ നിലകളിൽ ശ്രദ്ധേയനായ പ്രൊഫ. എം സത്യപ്രകാശിന് ലഭിച്ചു. സാഹിത്യത്തിൽ വിവിധയിനങ്ങളിലായി അൻപതോളം കൃതികളുടെ കർത്താവുകൂടിയാണ് ഇദ്ദേഹം. ശ്രീ. സത്യപ്രകാശത്തിന്റെ സമഗ്രസാഹിത്യ സംഭാവനകളാണ് ഈ അവാർഡിനായി പരിഗണിച്ചത്. പതിനായിരത്തി ഒന്ന് രൂപയും ശില്പവും പ്രശസ്തിപത്രവുമാണ് അവാർഡായി പ്രഖ്യാപിച്ചിട്ടുള്ളത്. എസ്. എൻ. സാഹിത്യ പരിഷത്ത് സംസ്ഥാന പ്രസിഡന്റും, ഗ്രന്ഥകാരനും, നാട്ടിക എസ്. എൻ. കോളേജ് മുൻ പ്രിൻസിപ്പലുമായ ഡോ. തോളൂർ ആർ ശശിധരന്റെ അദ്ധ്യക്ഷതയിലുള്ള ഒരു കമ്മിറ്റിയാണ് അവാർഡ് തീരുമാനിച്ചത്.

കേരള സർക്കാർ പ്രസിദ്ധീകരിച്ച സരസ കവി മൂലൂരിന്റെ ജീവചരിത്രം, പ്രഭാത് ബുക്ക് ഹൗസ് പുറത്തിറക്കിയിട്ടുള്ള ഗുരുദേവദർശനം, മഹാകവി എം. പി. അപ്പൻ, വിവേകോദയം അവാർഡ് നേടിയ ശ്രീ സത്യപ്രകാശത്തിന്റെ ഇംഗ്ലീഷിലുള്ള ഗുരുദേവന്റെ ലഘു ജീവചരിത്രം എ ന്നിവ ജഡ്ജിംഗ് കമ്മറ്റിയുടെ വിശേ ഷ ശ്രദ്ധ ആകർഷിച്ച കൃതികളാണ്. കൂടാതെ ഇദ്ദേഹം ഒരു പരീക്ഷണം എന്ന നിലയിൽ പ്രസിദ്ധീകരിച്ചു തുടങ്ങിയ 'വിശ്വവനിതാ പ്രതിഭകൾ' (കമലദളം മാസിക) എന്ന ലേഖന പരമ്പരയും ജഡ്ജിംഗ് കമ്മറ്റിയുടെ പരാമർശനത്തിന് വിധേയമായിട്ടുണ്ട്, 1940 ൽ ജനിച്ച ശ്രീ സത്യപ്രകാശും 1960 ൽ കാവ്യരചനയുമായി സാഹിത്യരംഗത്ത് കടന്നുവന്നു. ചെറു കഥകൾ, പ്രബന്ധങ്ങൾ, നോവലുകൾ, ഏകാങ്ക നാടകങ്ങൾ, യാത്രാവിവരണങ്ങൾ, അഭിമുഖ സംഭാഷണങ്ങൾ എ ന്നിവ പത്രമാസികളിൽ പ്രസി



ദ്ധീകരിച്ച് യശസ്സുനേടി. മഹാകവി കുമാരനാശന്റെ ജന്മശതവാർഷീക ആഘോഷത്തോടനുബന്ധിച്ച് ഇദ്ദേഹം പ്രസിദ്ധീകരിച്ച ''ആശാന്റെ ശില്പശാല'' എന്ന കൃതിയ്ക്ക് പദ്മഭൂഷൻ കെ. സുകുമാരൻ എഴുതിയ അവതാരികയിൽ പ്രസ്താവിച്ചിട്ടുള്ള പ്രോത്സാഹജനകമായ വാക്യങ്ങൾ ഈ സാഹിത്യകാരന് കരുത്ത് നൽകിയെന്നുള്ളത് പരമാർത്ഥമത്രെ. ''സാഹിത്യ രചനയിലും സാംസ്കാരിക പ്രവർത്തനങ്ങളിലും വ്യാപരിച്ചുകൊണ്ടിരിക്കുന്ന ഊർജ്ജസ്വലനാണ് സത്യപ്രകാശ്. ആംഗല സാഹിത്യ അദ്ധ്യാപനം ജീവിതവൃത്തിയായി സ്വീകരിച്ച ഇദ്ദേഹത്തിന് സാഹിത്യകലയുടെ വിവിധ വശങ്ങ ളെപ്പറ്റി പഠിക്കാനും ധാരാളം സന്ദർഭം ലഭിച്ചിട്ടുണ്ട്. ഈ ഗ്രന്ഥകാരന് സകലവിധ നന്മകളും ആശംസിക്കുന്നു''. ''(ആശാന്റെ ശില്പശാല 1976)'' സാഹിത്യ വാസനയുണ്ടായിരുന്ന

സത്യപ്രകാശത്തിന്റെ പിതാവ് കടയ്ക്കാവൂർ അഴികത്ത് വീട്ടിൽ കെ. വി. മാധവൻ അവർകളുടെ പ്രോത്സാഹനവും പ്രസ്തുത കാലാകാരന് ലഭിച്ചിരുന്നു. ഇദ്ദേഹത്തിന്റെ ആദ്യകാല സാഹിത്യ സൃഷ്ടികൾ പ്രസിദ്ധീകരിക്കുവാൻ കേരള കൗസ്തുഭം വാരിക എഡിറ്റർ തോളൂർ രമാനും സഹായിച്ചിട്ടുണ്ട്.

ഈ സാഹിത്യകാരൻ പ്രസിദ്ധീകരിച്ചിട്ടുള്ള ''തകർന്ന തമ്പുരു'' ''ആഴിയുടെ മകൾ'' എന്നീ നോവലുകൾക്കും സരസ കവി മൂലൂർ എന്ന ജീവചരിത്രത്തിനും യഥാക്രമം കേന്ദ്ര അഡൽറ്റ് എഡ്യൂക്കേഷൻ ഡയറക്ടറുടെ പ്രശസ്തി പത്രവും കാൻഫെണ്ട് അവാർഡും, ബാംഗ്ലൂർ ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മെറിറ്റ് സർട്ടിഫിക്കറ്റും ലഭിക്കുകയുണ്ടായി. ഇതിന് പുറമേ, ന്യൂഡൽഹി കേന്ദ്ര ദളിദ് അക്കാഡമിയുടെ ഡോ. അബേദ്കർ ഫെല്ലോഷിപ്പ്, ഹരിയാന ''ജമിനി അക്കാദമി പുരസ്കാരം,'' തിരു എസ്. എം. അക്കാദമിയുടെ സാഹത്യ നിപുണ അവാർഡ് ഉൾപ്പെടെ പതിനേഴോളം പുരസ്കാരങ്ങൾ സത്യപ്രകാശം നേടുകയുണ്ടായി. 2004-ൽ മുംബൈ ശ്രീനാരായണ മന്ദിരസമിതി മുൻ രാഷ്ട്രപതി കെ. ആർ നാരായണന്റെ അദ്ധ്യക്ഷതയിൽ നടത്തിയ ശ്രീനാരായണ കൺവൻഷനിലും, ശിവഗിരി ധർമ്മസംഘം ഡൽഹിയിൽ (2007) ൽ ചേർന്ന പാർലമെന്റ് ഓഫ് വേൾഡ് റിലീജൻസ് എന്ന മഹാ സമ്മേളനത്തിലും പ്രസംഗിക്കാനവസരവും, ഹൈദ്ര ബാദിലെ (2009 ആഗസ്റ്റിൽ) എസ്സ്. പി. തെലുങ്ക് യൂണിവേഴ്സിറ്റി സംഘടിപ്പിച്ച സെമിനാറിൽ പ്രബന്ധം അവതരിപ്പിക്കാനുള്ള സന്ദർഭവും സത്യപ്രകാശത്തിന് ലഭിച്ചിട്ടുണ്ട്.

കൊല്ലം ഗുരുദേവ കലാവേദി, ഇലവുംതിട്ട മൂലൂർ സ്മാരക സമിതി, തിരുവനന്തപുരം സഹൃദയമണ്ഡലം, വർക്കല ആർട്സ് ഫോറം, കൊട്ടാരക്കര ആശാൻ സ്മാരകസമിതി തുടങ്ങിയുള്ള പല കലാ സാംസ്കാരിക സംഘടനകളുടെയും ജനയിതാവ് ഇദ്ദേഹമാണ്. സി. പി. ശ്രീധരൻ പ്രസിദ്ധീകരിച്ച കേരളത്തിലെ ''ഇന്നത്തെ സാഹിത്യകാരന്മാർ'' എന്ന കൃതിയിലും കേരള സാഹിത്യ അക്കാദമി, കേന്ദ്ര സാഹിത്യ അക്കാദമി എന്നിവയുടെ ഡയറക്ടറികളിലും, ഏഷ്യാറഫറൻസു ഗ്രന്ഥത്തിലും ഇദ്ദേഹത്തിന്റെ ജീവചരിത്രക്കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീനാരായണ സാഹിത്യപരിഷത്തിന്റെ മഹനീയമായ ഈ പുരസ്കാരം പ്രൊഫ. സത്യപ്രകാശത്തിന് ലഭിച്ചതിൽ കൊല്ലം ഗുരുദേവകാലാവേദി ഭാരവാഹികളും, ഇതിന്റെ ബ്രാഞ്ചിലെ പ്രവർത്തകരും ഇദ്ദേഹത്തെ ആത്മാർത്ഥമായി അനുമോദിച്ചു.



ഗുരുരത്നം ത്രൈമാസികയിലേക്ക് നൂറിൽ കൂടുതൽ വരിക്കാരെ ചേർത്ത എഡിറ്റോറിയൽ ബോർഡംഗം വി.കെ. ചന്ദ്രിഗറിന് സമിതി പ്രസിഡണ്ട് ശ്രീ. കെ.കെ. ദാമോദരൻ ഗുരുഫലകം നൽകി ആദരിച്ചു. ചെയർമാൻ ശ്രീ. എം.ഐ. ദാമോദരൻ, എഡിറ്റോറിയൽ ബോർഡംഗം എം.ജി. രാഘവൻ എന്നിവർ സമീപം

# കോപം പാപമോ ?

സ്വാമി സുധി ചൈതന്യ

**നമ്മുടെ കോപം വേറൊരാളുടെ സമാധാനം കെടുത്തുന്നുവെങ്കിൽ അത് ഹിംസയാണ്. കോപം ഹിംസയായി മാറുമ്പോൾ അതിന് സാമൂഹിക പ്രസക്തി ഉണ്ടാകുന്നു. അവിടെ നിയമത്തിന് പ്രാബല്യത കൈവരുന്നു. വേറൊരുവന്റെ സമാധാനം നശിപ്പിക്കുന്നത് നിയമലംഘനമാണ്. ലോകത്തിലെ എല്ലാ നിയമസംഹിതകളിലും കോപം പരദ്രോഹമായിത്തീരുമ്പോൾ ശിക്ഷാർഹമായിത്തീരുന്നു.**



കോപിക്കാത്തവരായി ആരെങ്കിലും ഉണ്ടായിരിക്കുമോ? അങ്ങനെ ഒരാൾ ഉണ്ടാകുവാൻ ഇടയില്ല. എന്നാൽ ഒരു ജ്ഞാനബുദ്ധനിൽ കോപം അനുകമ്പയായി ശോഭിക്കാറുണ്ട്. എന്തെന്നാൽ അദ്ദേഹം കോപത്തെ നിമിത്തമാക്കി ശിഷ്യരെ പ്രബുദ്ധരാക്കുന്നു. ഒരു ശിഷ്യൻ സെൻഗുരുവിനോടു ചോദിച്ചു: "ഞാൻ ആരാണ്? എന്താണ് എന്റെ യഥാർത്ഥ സത്ത?" ഗുരു ഉടനെതന്നെ ശിഷ്യന്റെ കൈകൾ പിടിച്ചെടുത്ത് വാതിൽപ്പാളികൾക്കിടയിൽവച്ച് ഞെരിച്ചു. ശിഷ്യൻ ഒരു നിലവിളിയോടെ പൂർണപ്രജ്ഞനായി. അയാൾ ഗുരുവിനെ വണങ്ങി ധ്യാനനിരതനായി.

ശിഷ്യന്റെ ചോദ്യത്തിലുള്ള അസഹിഷ്ണുത കൊണ്ടോ വിരോധംകൊണ്ടോ ഒന്നുമല്ല ഗുരു ഇത്തരമൊരു ക്രൂരമെന്നു തോന്നിപ്പിക്കുന്ന ശിക്ഷണം നൽകിയത്. ശിഷ്യന്റെ ചോദ്യം ജ്ഞാനത്തിലേക്കു പ്രവേശിക്കാൻ വെമ്പുന്ന ഒരു ജിജ്ഞാസുവിന്റേതായിരുന്നു. അതുകൊണ്ട് ശിഷ്യന്റെ സ്വരൂപത്തിലേക്ക്, ബുദ്ധപ്രകൃതിയിലേക്ക് ഒരു നൊടിയിടയിൽത്തന്നെ എത്തിച്ചുകൊടുക്കാനായി ഗുരു സൃഷ്ടിച്ച ഒരു അന്തരീക്ഷമാണ് ഈ ശിക്ഷണം. ചോദ്യം ചോദിക്കുന്നവനിൽനിന്ന് ഉത്തരത്തിലേക്ക് ഒട്ടും ദൂരമില്ലെന്നു ബോധ്യപ്പെടുത്തിക്കൊടുക്കുവാൻവേണ്ടി കൂടിയാണിത്. കൈകൾ വാതിൽപ്പാളികൾക്കിടയിൽ ഞെരു

ങ്ങിയപ്പോൾ ശിഷ്യനിലെ ചോദ്യങ്ങളെല്ലാം തിരോഭവിച്ച ഏകമായ സത്തയുടെ സാന്ദ്രമായ അവബോധത്തിലേക്ക് ഉണർത്തുകയായിരുന്നു ഗുരു ചെയ്തത്. ശിഷ്യൻ യഥാർത്ഥ അന്വേഷിയായതുകൊണ്ട് ഗുരുവിന്റെ പ്രവൃത്തിയിലെ കാരുണ്യം തിരിച്ചറിയുന്നു. ഒരു ഗുരുവും ശിഷ്യത്വമില്ലാത്ത ഒരു വ്യക്തിയിൽ ഇത്തരം ഒരു ശിക്ഷണം അടിച്ചേൽപ്പിക്കുകയില്ല. ശിഷ്യത്വമില്ലാത്ത ഒരാൾ ഈ ശിക്ഷണത്തെ നീചമായ പ്രവൃത്തിയായി വ്യാഖ്യാനിച്ചേക്കും. ഗുരുവിനോട് പിന്നെ പകയും ശത്രുതയും തോന്നാനിടയുമുണ്ട്. സെൻബുദ്ധിസ്റ്റുകൾക്കിടയിൽ കഠിനമായ പ്രബോധനരീതികൾ നിലനിൽക്കുന്നതുകൊണ്ട് അന്വേഷിയായ ശിഷ്യന്റെ ഉള്ളിലും ഗുരുവിന്റെ ശിക്ഷണം ഏറ്റുവാങ്ങാനുള്ള തയ്യാറെടുപ്പ് ഉണ്ടായിരിക്കും. അതുകൊണ്ട് ഇവിടത്തെ ഗുരുവിന്റെ ക്രോധം ശിക്ഷണത്തിന്റെ ഒരു അന്തരീക്ഷം സംരചിക്കുകയാണ് ചെയ്യുന്നത്.

എന്നാൽ ഇത്തരത്തിലുള്ള കോപമല്ല സമാന്യ ജനങ്ങളിൽ മുളപൊട്ടുന്നത്. അത് അബോധത്തിന്റെ പ്രതികരണാത്മകമായ തള്ളിച്ചയാണ്. കോപം ഒരു വികാരമാണ് (emotion). കോപം എന്ന വികാരത്തിന് രണ്ട് തലങ്ങളിൽ രൂപം പ്രാപിക്കുവാൻ കഴിയും. ശാരീരികതലത്തിലും മാനസികതലത്തിലും. ഇതിൽ മാനസികതലത്തിലുള്ള കോപം ഉണ്ടാകുന്നത് ആർജ്ജിതസംസ്കാരത്തിൽനിന്നാണ്. അങ്ങനെയുള്ള കോപത്തെ ഒഴിവാക്കിയെടുക്കാൻ എളുപ്പമാണ്. ശാരീരികതലത്തിലെ കോപം അനാർജ്ജിതമായ പ്രേരണകളുമായി ബന്ധപ്പെട്ടുകിടക്കുന്നു. അവ ജൈവികവാസനയായി വ്യക്തിയിൽ ജന്മനാതന്നെ ശയിക്കുന്നതാണ്. ഒരുദാഹരണം പറഞ്ഞാൽ ഒരുവന്റെ മൂക്ക് വേറൊരുവൻ പൊത്തിപ്പിടിച്ചാൽ അയാൾക്ക് ശ്വാസം കിട്ടാതെ വരുമ്പോൾ അപരനെ കഥകഴിച്ചും മൂക്കിൽനിന്നുള്ള പിടിയെ വിടുവിച്ചെടുക്കും. ശാരീരികമായി രൂപം കൊള്ളുന്ന കോപം ശരീരത്തിന്റെ ജീവൻരക്ഷാകാമനകളെ തടസ്സപ്പെടുത്തുമ്പോഴാണ് ഉണ്ടാകുന്നത്. കോപം ശരീരത്തിൽ രൂപം കൊള്ളുന്നത് ശരീരത്തിന്റെ അടിസ്ഥാനപരമായ തൃഷ്ണകളെ നിഷേധിക്കുമ്പോഴാണ്-വിശപ്പ്, ദാഹം, ഉറക്കം, രതി എന്നിവയെ. മാനസികതലത്തിലുള്ള കോപം രൂപപ്പെടുന്നത് മാനസികമായ ആഗ്രഹങ്ങളെ വിഘ്നപ്പെടുത്തുമ്പോഴാണ്. ഒരുവൻ കാമിക്കുന്ന സുന്ദരിയായ ഒരു പെൺകുട്ടിയെ വേറൊരുവനും കാമിക്കുമ്പോൾ ആദ്യത്തെ കാമുകനു രണ്ടാമത്തെ കാമുകനോടു വിരോധം ജനിക്കുകയും അതു ശത്രുതയായി മാറുകയും പിന്നീട് ക്രൂരമായ ഒരു കൊലപാതകംവരെ സംഭവിച്ചേക്കാവുന്നത് മനസ്സിൽ രൂപപ്പെടുന്ന ക്രോധത്തിന്റെ ഉദാഹരണമാണ്. രണ്ട് തലത്തിലും ആഗ്രഹങ്ങളെ തടസ്സപ്പെടുത്തുമ്പോഴാണ് കോപം ആവിർഭവിക്കുന്നത്. കാമനകൾ മാനസികതലത്തിലും ശാരീരികതലത്തിലും ഏറിമാറിത്തിരിയുന്ന ഊർജ്ജവിക്ഷേപങ്ങളാണ്.

ഭഗവദ്ഗീതയിൽ കോപത്തിന്റെ ഉത്ഭവം കാമത്തിൽനിന്നുതന്നെ എന്ന് സംശയലേശമന്യേ ഭഗവാൻ കൃഷ്ണൻ പറയുന്നു. കാമാത് ക്രോധോഽഭിജായതേ - കാമത്തിൽനിന്നും ക്രോധം ഉണ്ടാകുന്നു. ക്രോധം മനസ്സിൽ രൂപംകൊണ്ടാൽ അതിനു പുറത്തുവരാനുള്ള വ്യഗ്രതയാവും. അതുകൊണ്ട് കോപിച്ചവന്റെ പെരുമാറ്റം അക്രമോത്സുകമാകുന്നു. കോപത്തിന്റെ പുറംതള്ളലിനെ നിയന്ത്രിക്കുവാൻ ക്രുദ്ധനു കഴിയുന്നില്ല. കോപിക്കുമ്പോൾ ഏതോ ഒരു യാന്ത്രികശക്തിയുടെ ആവേശംപോലെ സ്വേച്ഛ അയാളിൽ പ്രവർത്തിക്കാതെ വരുന്നു. അവന്റെ അവബോധത്തിന്റെ മുകളിൽ ഒരു മൂടൽമഞ്ഞുവന്ന് കാഴ്ചയെ മറയ്ക്കുന്ന അനുഭവം.

ശരീരശാസ്ത്രപ്രകാരം കാമത്തെ തടയുന്ന നിമിഷം അഡ്രീനലിൻ ഗ്രന്ഥിയിൽനിന്നും ഒരു സ്രാവം രക്തത്തിൽ കലരുകയും അത് കരളിലേക്കും ഹൃദയത്തിലേക്കും ഇരച്ചുചെല്ലുകയും കൈകാലുകളിലേക്കും വാക്കിലേക്കും നോക്കിലേക്കും അഗ്നി തുപ്പുകയും ചെയ്യുന്നു. ഒരു നൊടിയിൽ കോപിക്കുന്നവൻ എന്തു ചെയ്യുന്നു എന്ന് പറയാൻ കഴിയില്ല. സർവത്തിനേയും നശിപ്പിക്കാനുള്ള ഉദ്വേഗം അവനെ കീഴടക്കിയിരിക്കും. സ്ഥലം, കാലം, മൂല്യബോധം, പ്രായോഗികത ഇവയൊന്നും അയാളുടെ ബോധത്തിലേക്കു വരികയില്ല. അമ്മയേയും അച്ഛനേയും തല്ലാം. സ്വന്തം കുഞ്ഞിനെ എടുത്ത് കിണറ്റിലെറിയാം. അസഭ്യമായ വാക്കുകൾ പറയാം. കോപത്തിനു കാരണമായി വരുന്ന പ്രതിയോഗി ശക്തനാണെങ്കിൽ സ്വയം മർദ്ദിക്കാം. ചിലപ്പോൾ ആത്മഹത്യ ചെയ്തെന്നും വരാം. ഇനി കോപത്തെ നിയന്ത്രിച്ചാലോ? അത് അബോധത്തിലേക്ക് വിഷാദത്തിന്റെ കൂരിരുട്ടിനെ പറഞ്ഞയക്കും. പലതവണ ബാഹ്യസമ്മർദ്ദം മൂലം കോപം അടക്കിയവൻ തികഞ്ഞ ഒരു വിഷാദരോഗിയായിത്തീരാനും ഇടയുണ്ട്.

കോപം സജീവമായ ഒരു വികാരമാണ്. കഥകളിലും കവിതകളിലും

സിനിമകളിലും കോപം അവതരിപ്പിക്കപ്പെടുമ്പോൾ അതിനൊരു വശ്യതയുണ്ട്. നവരസങ്ങളിലൊന്നാണ് രൗദ്രം. അതുകൊണ്ട് ക്രോധത്തിന് ആംഗ്യാഭിനയത്തിലും സ്ഥാനമുണ്ട്. ക്രോധത്തെ ജീവിതത്തിൽനിന്നും എടുത്തുമാറ്റിയാൽ ആ മനുഷ്യൻ ഉണങ്ങിവരണ്ട ഒരു ഇലപോലെയാവും. ഒരു സാധാരണ മനുഷ്യന്റെ കാര്യമാണ് പറയുന്നത്.

പിന്നെ എന്താണ് കോപത്തിന്റെ ദോഷം? അതിനെ എല്ലാ മതത്തിലും പാപമായിട്ടാണ് കരുതുന്നത്. മുഹമ്മദുനബിയോട് ഒരാൾ, ''എന്താണ് മതം? '' എന്നു ചോദിച്ചപ്പോൾ നബി തിരുമേനി പറഞ്ഞു: ''നീ കോപിക്കാതിരിക്കുവിൻ. അതാണ് മതം.'' പക്ഷേ, കോപം ഉള്ളിൽ ഉടലെടുക്കുകയും പുറത്ത് കാണിക്കാതിരിക്കുകയും ചെയ്യുന്നത് വ്യക്തിയെ രോഗാതുരമാക്കുകയേയുള്ളൂ. കോപം വരുമ്പോൾ ആ വികാരത്തെ നമുക്കറിയാൻ കഴിയണം. കോപത്തെ മറികടക്കുവാനുള്ള ഏറ്റവും നല്ല വഴി കോപത്തെ അറിയുക എന്നുള്ളതാണ്. ചിലർ കോപം വരുന്നതിനു മുമ്പേ അറിയുന്നു. ചിലർ കോപിക്കുമ്പോൾ അറിയുന്നു. ചിലർ കോപിച്ചു കഴിഞ്ഞതിനുശേഷം അറിയുന്നു. ഇനിയൊരു കൂട്ടർ കോപിച്ചുകഴിഞ്ഞാലും താൻ കോപിച്ചു എന്ന കാര്യംപോലും അറിയാറില്ല. ഇങ്ങനെ നാലുതരത്തിൽ പ്രജ്ഞാവികാസം സംഭവിച്ച ആളുകളെ നമുക്ക് കാണാൻ കഴിയും. ഇതിൽ ആദ്യം പറഞ്ഞ, കോപം വരുന്നതിനു മുമ്പേ ഉള്ളിൽ അറിയുന്നവരിൽ അപ്പോൾതന്നെ ആ ഊർജ്ജം നിർവീര്യമായിപ്പോകും. ധ്യാനത്തിലൂടെ ഈ പ്രജ്ഞാവികാസത്തിലേക്ക് എത്തിച്ചേരാനാകും.

ഒരിക്കൽ ഒരു ശിഷ്യൻ സെൻ ഗുരുവായ ബാങ്കിയെ കാണാൻ വന്നു.

''ഗുരോ, എനിക്ക് കോപം അടക്കാൻ കഴിയാറില്ല. എങ്ങനെ എനിക്കത് മാറ്റിയെടുക്കാനാകും?''

''നിന്റെ കോപമൊന്ന് കാണട്ടെ?''

''ഇപ്പോൾ എനിക്കത് കാണിക്കാനാവില്ല.''

''അതു ശരി. അപ്പോൾ കോപം വരുമ്പോൾ നീ എന്റെ അരികിൽ വരിക.''

അപ്പോൾ ശിഷ്യൻ പറഞ്ഞു : ''കോപം വന്നാൽ അങ്ങയുടെ അടുത്ത് എത്തുമ്പോഴേക്കും അത് ഇല്ലാതായിത്തീരും.''

ഗുരു പറഞ്ഞു: ''എങ്കിൽ ആ കോപം നിന്റേതായിരിക്കില്ല. അങ്ങനെയായിരുന്നെങ്കിൽ നീ വിചാരിക്കുമ്പോൾ നിനക്ക് കോപിക്കാമായിരുന്നു.''

പൂർണബോധത്തോടുകൂടി ഇരിക്കുന്ന ഒരാൾക്ക് കോപിക്കാനാവില്ല. കോപം അയാളുടെ സ്വാഭാവികതയല്ല. പുറത്തുനിന്നും അടിച്ചേൽപ്പിക്കപ്പെട്ടതാണ്. അതുകൊണ്ട് കോപത്തെ അറിയുക. അതാണ് ഏറ്റവും ഉദാത്തമായ തിരിച്ചറിവ്. എത്ര വലിയ അരിശം വന്നാലും കലിതുള്ളാതെ താൻ അരിശം കൊള്ളുന്നു എന്ന കാര്യം ഉള്ളിൽ അറിയുക. സുബോധത്തോടുകൂടിയിരിക്കുന്ന നിങ്ങൾക്ക് അതുകൊണ്ട് കോപിക്കാൻ പറഞ്ഞാൽ കോപിക്കാൻ കഴിയുകയില്ല. സഹജമായി ആനന്ദമുള്ള ഒരാൾക്കും കോപിക്കാൻ കഴിയുകയില്ല. കോപിക്കുന്നതിനുമുമ്പ് ആത്മബോധം മറഞ്ഞുപോകേണ്ടതുണ്ട്. ആത്മബോധം ഉണർന്നിരിക്കലും കോപിക്കലും രണ്ടും ഒരുമിച്ചു നടക്കില്ല.

അതുകൊണ്ട് കോപത്തെ ഇനി നിയന്ത്രിക്കുന്നതിനു പകരം കോപത്തെ മനസ്സിലാക്കുക. കോപം ഉള്ളിൽ ഉടലെടുത്തിട്ടുണ്ടെങ്കിൽ കുറച്ചുനേരത്തേക്ക് അതു ചില ശാരീരികമായ അസ്വാസ്ഥ്യങ്ങളൊക്കെയുണ്ടാക്കും. ഓടിപ്പോയി മുറിയിൽക്കയറി ആ കോപത്തെ കുടഞ്ഞുകളയാം. കൈകാലുകൾ ഊക്കോടെ ചലിപ്പിച്ച് നൃത്തം ചെയ്യാം. തലയണയിൽ കമിഴ്ന്നുകിടന്ന് കരയാം. തലയണയെ മർദ്ദിക്കാം. കുളിമുറിയിൽ കയറി ഷവർ ഓൺചെയ്ത് കുറെനേരം തണുത്തവെള്ളം തലയിലൊഴിക്കാം. ഇവയെല്ലാം മെഡിറ്റേഷനുകളാണ്. കോപത്തെ അറിയുന്നവനു മാത്രമേ ഈ ചികിത്സ സ്വയം ചെയ്യാൻ കഴിയുകയുള്ളൂ.

നമ്മുടെ കോപം വേറൊരാളുടെ സമാധാനം കെടുത്തുന്നുവെങ്കിൽ അത് ഹിംസയാണ്. കോപം ഹിംസയായി മാറുമ്പോൾ അതിന് സാമൂഹിക പ്രസക്തി ഉണ്ടാകുന്നു. അവിടെ നിയമത്തിന് പ്രാബല്യത കൈവരുന്നു. വേറൊരുവന്റെ സമാധാനം നശിപ്പിക്കുന്നത് നിയമലംഘനമാണ്. ലോകത്തിലെ എല്ലാ നിയമസംഹിതകളിലും കോപം പരദ്രോഹമായിത്തീരുമ്പോൾ ശിക്ഷാർഹമായിത്തീരുന്നു.

വികാരങ്ങളെ അറിയുന്നതിലൂടെ വികാരങ്ങൾ വിമലീകരിക്കപ്പെടുന്നു. ഒരു മനുഷ്യൻ അവനിലെ മൃഗീയതകൾക്കപ്പുറത്തേക്ക് ഉയരുന്നത് ഈ ധ്യാനാവബോധത്തിലൂടെയാണ്. മനുഷ്യന്റെ സഹജസ്വരൂപം ദൈവികമാണ്. ക്രോധത്തിന് അവിടെ സാംഗത്യമില്ല. അതുകൊണ്ട് നമുക്ക് സൗമ്യമായി ക്രോധത്തെ ഉള്ളറിഞ്ഞ് മന്ത്രിക്കാം. ശാന്തോഽഹം.... സൗമ്യോഽഹം .....ശാന്തോഽഹം.... സൗമ്യോഽഹം.....

# ജഗദ്ഗുരു ശ്രീനാരായണ ഗുരുദേവ്

**നിർമ്മലാമോഹൻ**

വിശ്വമാനവികതയിലൂന്നിയ ഏകത്വദർശനമായി ഭാരതീയ ദർശനത്തെ ലോകത്തിന് നൽകിയ ശ്രീനാരായണ ഗുരുവിനെ ജഗദ്ഗുരുവായി പ്രഖ്യാപിച്ചു കൊണ്ട് 2006ൽ ഭാരതിയ സർക്കാർ ഒരു നാണയം ഇറക്കി. ഔദ്യോഗികമായി പ്രഖ്യാപനം ലഭിച്ചിട്ടും ജഗദ്ഗുരു നാണയത്തിൻമേൽ തന്നെ ഉറച്ചിരിക്കുകയാണ്. ജഗദ് ഗുരുവിനെ ജഗത്തിലേയ്ക്കിറക്കാനും ഗുരുദർശനങ്ങൾ ജനങ്ങളിൽ പകർത്താനും ശ്രീനാരയണീയർ കൂടുതൽ ശ്രമിക്കേണ്ടിയിരിക്കുന്നു. ഗുരുദർശനങ്ങൾ മാത്രമാണ് മൂല്യങ്ങൾ നശിച്ച ഈ കാലഘട്ടത്തെ ഉയർത്തെഴുന്നേൽപ്പിക്കുവാനുള്ള ഏകമാർഗ്ഗമെന്ന് മനസ്സിലാക്കിയ പാശ്ചാത്യരും അതിനെപറ്റി ചിന്തിയ്ക്കാൻ തുടങ്ങിയിരിക്കുന്നു. എന്നാൽ ഗുരുദേവന്റെ ജന്മനാടായ ''ദൈവത്തിന്റെ സ്വന്തം നാട്ടിൽ''പോലും ജഗദ് ഗുരുവിന്റെ ദർശനങ്ങൾക്ക് പ്രസക്തിയില്ലാതായികൊണ്ടിരിക്കുകയാണ്. ജാതിമതാദി ഭേദങ്ങൾക്ക് അതീതനായിരുന്ന ഗുരുദേവന്റെ പേരിൽ പല സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. ശ്രീനാരയണ ഫൗണ്ടേഷൻ എന്നപേരിൽ ഒരു സംഘടനകൂടി ഇപ്പോൾ ഉടലെടുത്തിരിക്കുകയാണ്. ഈ സംഘ ടനകളും സമിതികളും സംഘങ്ങളുമൊക്കെ അതാതിന്റെ പേരിൽ മാത്രം ഒതുങ്ങിപ്പോവുകയും അംഗങ്ങൾ അതിൽ മാത്രം പ്രവർത്തിക്കുകയും ചെയ്യുന്നതിന്റെ ഫലമായി ശ്രീനാരയണ ഗുരു വിഭാവനം ചെയ്ത വിശ്വമാനവീകത ഇല്ലാതായിരിക്കുകയാണ്.

1888ൽ അരുവിപ്പുറം പ്രതിഷ്ഠയിലൂടെ ജനങ്ങളുടെ ആദ്ധ്യാത്മികവും സാമൂഹീകവും സാംസ്കാരികവുമായ ഉന്നമനത്തിനിറങ്ങിത്തിരിച്ച ഗുരുദേവൻ തന്റെ പ്രവർത്തിയുടെ ഉദ്ദേശം അന്നവിടെ പ്രഖ്യാപിച്ചു.

*''ജാതിഭേദം മതദ്വേഷം*
*ഏതുമില്ലാതെ സർവ്വരും*
*സോദരത്വേന വാഴുന്ന*
*മാതൃകാസ്ഥാനമാണിത്''*

ഗുരുദേവൻ പ്രതിഷ്ഠ നടത്തിയതിനുശേഷം അബ്രാഹ്മണൻ പ്രതിഷ്ഠ നടത്തിയതിനെപ്പറ്റി ചോദ്യങ്ങൾ ഉയർന്നെന്നും ''നാം ഈഴവ ശിവനെയാണ് പ്രതിഷ്ഠിച്ചത്'' എന്നാണ് ഗുരു പറഞ്ഞതെന്നും അതല്ലാ ''നാം നമ്മുടെ ശിവനെയാണ് പ്രതിഷ്ഠിച്ചത്'' എന്നാണ് പറഞ്ഞതെന്നും പലരും എഴുതിക്കണ്ടു. നേരിൽ കണ്ടവരും കേട്ടവരും ഇന്നില്ലാ എന്നുള്ള സ്ഥിതിയ്ക്ക് നമ്മുടെ അവലംബം കണ്ടവരും കേട്ടവരും എഴുതിവച്ചിട്ടുള്ള ലിഖിതങ്ങളാണല്ലോ. എങ്കിലും ഗുരു ഈഴവൻ എന്ന പദത്തിന്റെ അർത്ഥം വെളിപ്പെടുത്തിയിട്ടുണ്ട്. 1927 ൽ ശിവഗിരിയിൽ ചേർന്ന ശ്രീനാരയണ ധർമ്മ പരിപാലനത്തിന്റെ വാർഷീകത്വത്തിൽ ജനറൽ സെക്രട്ടറി എൻ. കുമാരനെ ഏൽപ്പിച്ച സംഘടനാ സന്ദേശത്തിൽ അത് വ്യക്തമാക്കിയിട്ടുണ്ട്.

''സംഘടനകൊണ്ടല്ലാതെ ഒരു സമുദായത്തിനും അഭിവൃദ്ധിയും ശക്തിയും ഉണ്ടാകുന്നതല്ല.'' ഈ തത്വമനുസരിച്ചാണ് നാം 25 കൊല്ലം മുൻപ് യോഗം സ്ഥാപിച്ചത്. ഈഴവനെന്ന പേർ ഒരു ജാതിയെയോ മതത്തെയോ സൂചിപ്പിക്കുന്നില്ല.

അതിനാൽ ഈ യോഗത്തിൽ ജാതിമതഭേദം നോക്കാതെ അംഗങ്ങളെ ചേർക്കാവുന്നതാണ്. യോഗത്തിൽ ധാരാളം അംഗങ്ങൾ ചേരട്ടെ എന്ന് നാം ആശംസിക്കുന്നു.

ശിവഗിരിമഠം, നാരായണഗുരു

1102 മകരം 17 (ഒപ്പ്)

ഈഴവന് ഗുരു നൽകിയ അർത്ഥം വച്ച് നോക്കുമ്പോൾ നാം ഈഴവ ശിവനെയാണ് പ്രതിഷ്ഠിച്ചത് എന്നാണു പറഞ്ഞിട്ടുള്ളതെങ്കിൽ ആ അർത്ഥത്തിലും നമ്മുടെ ശിവനെയാണെങ്കിൽ സർവ്വ വ്യാപിയായദൈവം എന്ന അർത്ഥത്തിലും എടുക്കാമല്ലോ. ജാതിഭേദം കാണിക്കാത്ത ഗുരുദേവൻ ഒരു മതത്തിനോടും ദ്വേഷം പുലർത്തിയിരുന്നില്ല എന്ന് സി.വി. കുഞ്ഞുരാമനുമായി നടത്തിയ സംവാദത്തിൽ വ്യക്തമാണ്. ''രാജ്യങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലുമുള്ള ശണ്ഠ ഒന്ന് മറ്റൊന്നിനെ തോൽപ്പിക്കുമ്പോൾ അവസാനിക്കും.'' മതങ്ങൾ തമ്മിൽ പൊരുതിയാൽ ഒടുങ്ങാത്തതുകൊണ്ട് ഒന്നിന് മറ്റൊന്നിനെ തോൽപ്പിക്കുവാൻ കഴിയുകയില്ല. ആ മതപ്പോരിന് അവസാനം ഉണ്ടാകണമെങ്കിൽ സമബുദ്ധിയോടു കൂടി എല്ലാ മതങ്ങളും എല്ലാവരും പഠിച്ചറിയുവാനും ലഭിച്ച അറിവിനെ പരസ്പരം സ്നേഹപൂർവ്വം വിനിമയം ചെയ്യുവാനും ശ്രമിക്കട്ടെ. മൽസരം മതം നിമിത്തമല്ല, മദം നിമിത്തമാണ് എന്ന് അപ്പോൾ മനസ്സിലാകും. തത്വ ങ്ങളിൽ അവയ്ക്കുതമ്മിൽ സാര മായ വ്യത്യാസങ്ങൾ ഇല്ലെന്ന് വെളിപ്പെട്ടുകിട്ടുന്ന മതമാണ് നാം ഉപദേശിക്കുന്ന ഏകമതം. ഗുരുദേവന്റെ ഏക ജാതി, ഏകമതം, ഏകദൈവം എന്ന വചനത്തെ അറിയണമെങ്കിൽ ഇതിനെപ്പറ്റിയൊക്കെയുള്ള ഗുരുകൃതികളിലൂടെ മനനം ചെയ്തു നീങ്ങണം.

അവഗണനയിൽപ്പെട്ട് അടിമകളെപ്പോലെ ആലംബഹീനരായി കഴിഞ്ഞിരുന്ന അവർണ്ണരെ സ്വതന്ത്രമനുഷ്യരായി ജീവിക്കുവാനുള്ള അവകാശം നേടിയെടുക്കാൻ പ്രാപ്തരാക്കുക എന്നുള്ള മഹനീയോദ്ദേശം വെച്ചുകൊണ്ടായിരുന്നു. ''ശ്രീനാരായണ ധർമ്മ പരിപാലനയോഗം'' എന്ന പേരിൽ ഒരു സംഘടനയുണ്ടാക്കുവാൻ ഗുരുദേവൻ മുതിർന്നത്. സംഘടനയുണ്ടാക്കുവാൻ കാരണഭൂതനായി ഭവിച്ചത് ഡോ. പല്പു ആണ്. സ്വന്തം സമുദായത്തെ ഉദ്ധരിക്കുവാനാണ് ഡോ. പല്പു ഒരു സംഘടനാ നിർമ്മാണത്തിനൊരുങ്ങിയത്. ഗുരുദേവൻ ഈഴവനു നൽകിയ അർത്ഥത്തിനുപരിയായി ഈഴവൻ ഒരു പ്രത്യേക സമുദായമായി അറിയപ്പെട്ടപ്പോൾ എസ്.എൻ.ഡി.പി.യോഗം ഒരു സമുദായ സംഘടനയായി അറിയപ്പെട്ടു. സംഘടനാ സന്ദേശത്തിൽ ഗുരുദേവൻ പറഞ്ഞതുപോലെ എല്ലാ ജാതിക്കാരും അംഗങ്ങളാകാതെ ഓരോ ജാതിയ്ക്കും പ്രത്യേക സംഘടനകളും ഉണ്ടായി. മറ്റ് സമുദായ സംഘടനകൾക്കും ഗുരുക്കൻമാരും നേതാക്കളുമുണ്ടായപ്പോൾ ഗുരുദേവൻ സ്വപ്നം കണ്ട ഏകലോകം കൈ എത്താത്ത ദൂരത്തേയ്ക്ക് അകലുകയായിരുന്നു.

ഗുരുദേവന്റെ ആദ്യകാല പ്രധാന ശിഷ്യന്മാരെല്ലാം തന്നെ സവർണ്ണരായിട്ടും ഈഴവ സമുദായത്തിൽ ജനിച്ചതിനാൽ ഗുരുദേവൻ ഈഴവരുടെ ഗുരുവായി മാത്രം വ്യാഖ്യാനിക്കപ്പെടുകയായിരുന്നു. ഒരു സമുദായത്തിൽ മാത്രം ഗുരുവായി കണക്കാക്കുന്നതറിഞ്ഞ ഗുരുദേവൻ പ്രബുദ്ധകേരളം മാസിക (ശ്രീരാമകൃഷ്ണമിഷൻ വക)യിൽ ഇങ്ങനെ ഒരു പ്രസ്ഥാവന കൊടുത്തു.

''നാം ജാതിഭേദം വിട്ടിട്ട് ഏതാനും സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ചില പ്രത്യേക വർഗ്ഗക്കാർ നമ്മെ അവരുടെ വർഗ്ഗത്തിൽപ്പെട്ടതായി വിചാരിച്ചും പ്രവർത്തിച്ചും വരുന്നതായും അക്കാരണത്താൽ പലർക്കും നമ്മുടെ വാസ്തവത്തിന് വിരുദ്ധമായ ധാരണയ്ക്ക് ഇടവന്നിട്ടുണ്ടെന്നും അറിയുന്നു. നാം പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ല. വിശേഷിച്ചും നമ്മുടെ ശിഷ്യവർഗ്ഗത്തിൽ നിന്ന് മേൽപ്രകാരമുള്ളവരെ മാത്രമേ നമ്മുടെ പിൻഗാമിയായി വരത്തക്കവണ്ണം ആലുവാ അദ്വൈതാശ്രമത്തിൽ ചേർത്തിട്ടുള്ളു7 എന്നും, മേലിൽ ചേർക്കുകയുള്ളൂ എന്നും വ്യവസ്ഥയിലേക്കായി പ്രസിദ്ധം ചെയ്തിരിക്കുന്നു.

എന്ന്

നാരായണഗുരു (ഒപ്പ്)

ആലുവാ അദ്വൈതാശ്രമം

15-10-1091

ജാതിമതങ്ങളില്ലാത്ത ഗുരുവാ

**നായർ സമാജത്തിന്റെ ജനറൽ സെക്രട്ടറി ശ്രീ. പി.കെ. നാരായണപ്പണിക്കരുടെ അഭിപ്രായം ദിവസങ്ങൾക്കു മുമ്പ് കലാകൗമുദി പത്രത്തിൽ കണ്ടു. ''ഇന്നത്തെ കാലഘട്ടത്തിൽ ജാതി ചോദിക്കണമോ? അതിന്റെ ആവശ്യമുണ്ടോ? മനസ്സിന്റെ സന്തോഷത്തിനും ഉണർവിനും ആത്മീയമായ ഔന്നത്യം നേടുകയാണ് കരണീയമായിട്ടുള്ളത്. അനാവശ്യമായ കാര്യങ്ങൾ ചിന്തിച്ച് മനസ്സിനെ വ്യണപ്പെടുത്തരുത്. ഈശ്വര ചൈതന്യം നിലനിൽക്കുന്ന സർവ്വ ചരാചരങ്ങളെയും സ്നേഹിക്കാനും ആദരിക്കുവാനും നമ്മുക്ക് കഴിയണം.'' എത്ര മഹനീയമായ അഭിപ്രായമാണിത്.**

ണ് നാം എന്നു പ്രഖ്യാപിച്ചിട്ടു പോലും ഗുരുദേവനെ ലോക ഗുരുവായിക്കാണാൻ ജനങ്ങൾ താല്പര്യം കാണിച്ചില്ല. ഗുരുദേവദർശനങ്ങളും വചനങ്ങളും അർത്ഥസമ്പൂർണ്ണമായി ഗ്രഹിച്ചാൽ മാത്രമേ അതിനൊരുമാറ്റം വരികയുള്ളൂ. ഈ കാലഘട്ടത്തിലെ മഹാഗുരുക്കന്മാർ (ജീവിച്ചിരിക്കുന്നവർ)- മാതാ അമൃതാനന്ദമയി, ശ്രീ ശ്രീ രവിശങ്കർ, സ്വാമി രാമദേവ് തുടങ്ങിയവർ ജാതിമതങ്ങൾക്കെതിരായി നിലകൊള്ളുന്നവരാണ്. മാതാ അമൃതാനന്ദമയിയെ അവർ ജനിച്ച സമുദായക്കാർ സ്വന്തമാക്കി വെച്ചിട്ടില്ലല്ലോ. സശരീരികളായ ആ മഹത്തുക്കളുടെ പ്രവർത്തനവും അതിനൊരുകാരണമാണ്. സ്നേഹം കൊണ്ടും പ്രേമം കൊണ്ടും ആദ്യത്തെ രണ്ടുപേർ ലോകജനതയുടെ ഗുരുവായിരിക്കുന്നു. ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകുകയുള്ളൂ എന്ന് ഉൽഘോഷിച്ചുകൊണ്ട് ആത്മാഭിമാനം വളർത്തുന്ന രാമദേവ്ജിയും ലോകഗുരുവായി മാറികൊണ്ടിരിക്കയാണ്. എന്നാൽ ഇവ മൂന്നും ഒന്നിച്ച് ചേർത്ത് മനുഷ്യന്റെ ഭൗതീകവും ആത്മീയവുമായ ഉന്നമനത്തിന് ആവശ്യമായ ഉപദേശങ്ങളും സന്ദേശങ്ങളും ദർശനങ്ങളും നൽകിയ ശ്രീനാരായണ ഗുരുദേവൻ ജഗദ്ഗുരുവായി പ്രഖ്യാപിക്കപ്പെട്ടിട്ടും ഒരു സമുദായത്തിൽ മാത്രം ഒതുങ്ങിപ്പോയതിന്റെ പൂർണ്ണ ഉത്തരവാദിത്വം സംഘടനകളുടേതുതന്നെ. ഗുരുദേവന്റെ വചനങ്ങളും ദർശനങ്ങളും പഠിച്ചറിയുന്ന ഒരാൾക്ക് ആ വിശ്വഗുരുവിന്റെ മഹത്വം മനസ്സിലാകും. പക്ഷേ ഗുരുധർമ്മ പ്രചരണ സഭകളും ശ്രീനാരായണ ധർമ്മ സംഘവും ഒക്കെ ഗുരുദർശനങ്ങൾ പ്രചരിപ്പിക്കുന്നുണ്ടെങ്കിലും അതിൽ വിജയം കണ്ടെത്തുന്നില്ല. എല്ലാം കച്ചവടത്തിലൂടെ മാത്രം വിജയിക്കുന്ന ഇന്നത്തെ കാലത്ത് ആത്മീയതയും ആ വഴിക്കു തന്നെയാണ് നീങ്ങുന്നത്. ഭൗതിക ജീവതത്തോടൊപ്പംതന്നെ ആത്മീയ ജീവിതത്തിനും തുല്യ പ്രധാന്യമുള്ള ഈ കാലഘട്ടത്തിന്റെ പ്രധാന മാധ്യമം ടെലിവിഷൻ ചാനലുകളാണ്. ആദ്ധ്യാത്മിക സംസ്കാരത്തിന് മാത്രം ചാനലുകൾ ഉണ്ട്. ഗുരുധർമ്മ പ്രചരണത്തിനും എന്തുകൊണ്ട് ചാനൽവഴി ശ്രമിച്ചുകൂടാ. ശ്രീ നാരായണ ധർമ്മ സംഘത്തിലെ സന്യാസി ശ്രേഷ്ഠൻമാർ അത്തരത്തിൽ ഒന്നു പ്രവർത്തിച്ചിരുന്നുവെങ്കിൽ കേരള ത്തിനുപുറത്തുള്ള ജനഹൃദയങ്ങ ളിലും ഗുരുദേവനെ പ്രതിഷ്ഠിക്കാൻ കഴിയുമെന്നാണന്റെ വിശ്വാസം.

നായർ സമാജത്തിന്റെ ജനറൽ സെക്രട്ടറി ശ്രീ. പി.കെ. നാരായണപ്പണിക്കരുടെ അഭിപ്രായം ദിവസങ്ങൾക്കു മുമ്പ് കലാകൗമുദി പത്രത്തിൽ കണ്ടു. ''ഇന്നത്തെ കാഘട്ടത്തിൽ ജാതി ചോദിക്കണമോ? അതിന്റെ ആവശ്യമുണ്ടോ? മനസ്സിന്റെ സന്തോഷത്തിനും ഉണർവിനും ആത്മീയമായ ഔന്നത്യം നേടുകയാണ് കരണീയമായിട്ടുള്ളത്. അനാവശ്യമായ കാര്യങ്ങൾ ചിന്തിച്ച് മനസ്സിനെ വൃണപ്പെടുത്തരുത്. ഈശ്വര ചൈതന്യം നിലനിൽക്കുന്ന സർവ്വ ചരാചരങ്ങളെയും സ്നേഹിക്കാനും ആദരിക്കുവാനും നമ്മുക്ക് കഴിയണം.'' എത്ര മഹനീയമായ അഭിപ്രായമാണിത്. ഈ അഭിപ്രായം എല്ലാവരും മനസ്സിലേറ്റിയെങ്കിൽ. ഗുരുദേവന്റെ തത്വദർശനം മനസ്സിലാക്കി പെരുമാറുന്നവർ എല്ലാവരും ശ്രീനാരായണീയർ തന്നെ. ഇന്നത്തെ ലോകത്തിനാവശ്യം ശ്രീനാരായണഗുരുദേവനെപ്പോലുള്ള ഒരു ഗുരുദേവനെയാണ്. മനുഷ്യ ജാതിയെ ഒന്നായി കണ്ട ആ ജഗദ് ഗുരുവിന്റെ ദർശനങ്ങൾ ലോക ജനത ഏറ്റെടുക്കുന്ന കാലം വിദൂരമല്ല എന്നാണെന്റെ വിശ്വാസം. ●

# ശ്രീനാരായണീയം

## ഗുരുദേവചരിതം

നെടുംകുന്നം ഗോപാലകൃഷ്ണൻ

*കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച*



### സ്ഥലകാല ഭേദമില്ലാത്ത യാത്ര

അസ്വസ്ഥമായ മനസ്സുമായി ആത്മാവിന്റെ ശാന്തി അന്വേഷിച്ച് അലഞ്ഞുനടന്ന നാളുകളെക്കുറിച്ച് ഗുരു തന്നെ പറഞ്ഞിട്ടുണ്ട്. ''തമിഴ്നാടുകളിൽ നാം നടന്നിട്ടുണ്ട്. അന്ന് റെയിൽ വണ്ടികളൊന്നുമില്ല. ഒരിക്കൽ തിരുനെൽവേലി വഴി ചുറ്റിത്തിരിഞ്ഞ് കോയമ്പത്തൂർ ചെന്നു. അവിടെനിന്നും പൊള്ളാച്ചിക്ക് പോയി. പൊള്ളാച്ചിയിൽ നിന്നും പളനിക്കു പോയശേഷം മലയാളത്തിലേക്ക് കാൽനടയായി ത്തന്നെ വന്നു. കൊച്ചി അഴികടന്ന് ഇക്കരെപറ്റി പിന്നെയും നടന്നു.'' തൃപ്പാദങ്ങൾ തനിച്ചായിരുന്നോ എന്ന ചോദ്യത്തിന് ''ആദ്യം ഒരിക്കൽ തനിച്ച്പോയി. പിന്നെ ഒരിക്കൽ അയ്യാവും (തൈക്കാട്ട് അയ്യാവ്) കൂടി ഉണ്ടായിരുന്നു. എന്ന് ഉത്തരം പറഞ്ഞു.''

### അരുവിപ്പുറത്ത് നവകേരളം ഉണരുന്നു

ആധുനിക കേരളത്തിന്റെ സാംസ്കാരിക ചരിത്രം ആരംഭിക്കുന്നത് അരുവിപ്പുറത്ത് ഗുരുദേവൻ നടത്തിയ ശിവപ്രതിഷ്ഠയോടെയാണെന്ന് പറയാം. ഇത്രമാത്രം ദൂരവ്യാപകമായ ചലനങ്ങളും പ്രത്യാഘാതങ്ങളും സൃഷ്ടിച്ച മറ്റൊരു സംഭവം കേരള ചരിത്രത്തിൽ



ചൂണ്ടിക്കാണിക്കാനില്ല. ഇതുസംബന്ധിച്ച് കുമാര നാശാൻ നൽകുന്ന വിവരണം അത്യന്തം ശ്രദ്ധേയ മാണ്. അങ്ങനെയിരിക്കുമ്പോഴാണ് 1063-മാണ്ടിടയ്ക്ക് ഒരു കാട്ടുപ്രദേശമായിരുന്ന അരുവിപ്പുറം സ്വാമി സന്ദർശിച്ചത്. ജനവാസമില്ലാത്ത ആ സ്ഥലത്തെ മനോഹരമായ നദീപ്രവാഹം പാറയിടുക്കുകളും മണൽത്തിട്ടകളും രണ്ടുവശത്തുമുള്ള ഉന്നതമായ കുന്നുകളും വൃക്ഷലതാദികൾ നിറഞ്ഞ് പച്ചനിറമായ കാടുകളും ഏകാന്തതപ്രിയനായ സ്വാമിയെ സാമാന്യ ത്തിലധികം ആകർഷിച്ചു.

പ്രകൃതിഭംഗികൊണ്ട് അനുഗൃഹീതമെങ്കിലും ഘോരവനമായിരുന്നു അന്ന് അരുവിപ്പുറം. തന്റെ ഏകാന്തവാസത്തിനും തപസ്സിനും പറ്റിയ സ്ഥലമായി അവിടം അദ്ദേഹം തിരഞ്ഞെടുത്തു. നേരത്തെ തന്നെ അരുവിപുറത്തിനടുത്തുള്ള പുലിവാ തുക്കൽ വീടുമായി വയൽവാരം വീട്ടുകാർക്കുണ്ടായിരുന്ന ബന്ധുത്വം ഈ പ്രദേശങ്ങളെക്കുറിച്ചറിയാൻ നാണുഭക്തനെ സഹായിച്ചിരിക്കണം. നദീ തീരത്തെ പാറക്കൂട്ടങ്ങൾക്കിടയിലുള്ള വനാന്തരത്തിലും മറ്റുമായി ഒരു യുവയോഗി ധ്യാനത്തിലും ജപത്തിലും മുഴുകിക്കഴിയുന്നതിനെക്കുറിച്ച് ഇതിനകം തന്നെ നാട്ടു കാർ അറിഞ്ഞു തുടങ്ങി. അവർ അദ്ദേഹത്തിനു മരച്ചീനി പുഴുങ്ങിയതും മറ്റും കൊണ്ടുപോയി കൊടുക്കുമായിരുന്നു. അവരുടെ പല മാറാ വ്യാധികളും അദ്ദേഹം പച്ചിലമരുന്നുകൾ കൊടുത്ത് ഭേദമാക്കി. ശുചിത്വത്തെക്കുറിച്ചും ഈശ്വര ഭക്തി യെക്കുറിച്ചും അദ്ദേഹം അവരെ ബോധമുള്ളവ രാക്കി. ക്രമേണ നാട്ടുകാരുടെ ആരാധനമൂർത്തിയായി മാറിയ നാണുഭക്തൻ നാണുഗുരുവും നാരായണഗുരു സ്വാമിയുമായി.

നാനാജാതിക്കാരായ പല ഭക്തൻമാരും സ്വാമിയെ സന്ദർശിക്കാൻ അവിടെ വരികയും അവരിൽ ചിലർ സ്വാമിയുടെ ശിഷ്യൻമാരായിതീരുകയും ചെയ്തു. പലദിക്കുകളിലുമുള്ള ഭക്തമാരായ ഗൃഹസ്ഥൻമാർ അരി മുതലായ സംഭാരങ്ങളോടു കൂടി അവിടെവന്ന് സ്വാമിക്കും കൂടെയുള്ളവർക്കും സദ്യകൾ കഴിച്ചു മടങ്ങിപ്പോവുക പതിവായിരുന്നു. ഇങ്ങനെ സ്വാമിയുടെ സാന്നിധ്യം കൊണ്ടുതന്നെ അവിടെ വേഗത്തിൽ ഒരു പുണ്യസ്ഥലമായി പരിണമിച്ചു. ഭക്തജനങ്ങൾ അവിടെ വന്ന് സ്നാനം ചെയ്ത് തൊഴുതുപോകുവാൻ തുടങ്ങി.

ഒരിക്കൽ പുലിവാതുക്കൽ വേലായുധൻ വൈദ്യൻ പതിവായി ആരാധനയ്ക്ക് പോകാറുള്ള ആങ്കോട് ക്ഷേത്രത്തിൽ പോകാനിറങ്ങവേ നാണുഗുരു ഭവനത്തിലെത്തി. നാം കൂടി ക്ഷേത്രത്തിലേക്ക് വരട്ടെയോ എന്ന ചോദ്യം വൈദ്യന് അനുഗ്രഹമായി രണ്ടുപേരും കൂടി ഒരുമിച്ച് ഒട്ടുദൂരം നടന്ന് ക്ഷേത്രത്തിന്റെ തീണ്ടാപ്പാടകലെ കല്ലുനാട്ടിയിരുന്ന് സ്ഥലത്ത് നിന്ന് വളരെ പ്രയാസപ്പെട്ട് ദീപാരാധന തൊഴുതു. മഴപെയ്യുന്നുണ്ടായിരുന്നു. കുറെ കഴിഞ്ഞ് അകത്തു നിന്ന് ആരോ എത്തി കുറെ കളഭം കൊണ്ടുവന്ന് ഇട്ടുകൊടുത്തത് വൈദ്യൻ മുണ്ടുനി വർത്തി പിടിച്ചെടുത്തു മടങ്ങി. മടക്കയാത്രയിൽ ഗുരു പറഞ്ഞു. വൈദ്യാ ഇത് എന്തു കഷ്ടമാണ്. നമുക്ക് ഒരു ആരാധനാസ്ഥലം ഉണ്ടാക്കിക്കൂടേ? നമുക്ക് തന്നെ ചെയ്യാവുന്നതല്ലേ ഇതൊക്കെ. വൈദ്യൻ പറഞ്ഞു. പൊന്നുസ്വാമി, എന്നാൽ എന്ത് രക്ഷയായി. ഉടനെ അതിനു തയ്യാറാവണം വേണ്ടതെല്ലാം ചെയ്യാം.

1063-ാംമാണ്ടെത്തെ ശിവരാത്രി സമീപിച്ചാണ് സ്വാമിയുടെ ഈ അഭിലാഷം പുറത്തായത്. വിഗ്രഹങ്ങളുണ്ടാക്കുവാനോ ക്ഷേത്രങ്ങളോ കെട്ടിടങ്ങളോ പണിയിക്കാനോ ആ കാട്ടുപ്രദേശത്ത് യാതൊരു സൗകര്യവും ഉണ്ടായിരുന്നില്ല. സ്വാമി അതൊന്നും ആവശ്യപ്പെട്ടുമില്ല. നദിയുടെ കിഴക്കേ തീരത്തുള്ള ഒരു പാറയെ പീഠമാക്കി സങ്കല്പിച്ച് അതിൻമേൽ ഏതാണ്ടൊരു ശിവലിംഗാകൃതിയിൽ ആറ്റിൽ കിടന്ന ഒരു ശിലാഖണ്ഡം എടുത്ത് ശിവ രാത്രിദിവസം പ്രതിഷ്ഠ നടത്താനാണ് സ്വാമിയുടെ ഭാ വം എന്നറിയുകയും അടുത്തുള്ള ജനങ്ങൾ തങ്ങളാൽ കഴിയുന്ന ചില ചെറിയ ഒരുക്കങ്ങൾ അതിനായി ചെയ്യുകയും ചെയ്തു. സ്വാമി ഇരിക്കുന്നതായി അറിഞ്ഞ് ഏതാനും വ്രതക്കാരും ഭജനക്കാരും ശിവരാത്രിനാൾ രാത്രി ഉറക്കമിളയ്ക്കാനായി അവിടെ കൂടി. പ്രതിഷ്ഠയുടെ സംഭാരമായി ഉണ്ടായിരുന്നത് കുറേ പുഷ്പങ്ങളും വിളക്കുകളും നാഗസ്വരവാ യനയും മാത്രമായിരുന്നു. പീഠമായി സങ്കല്പിച്ചിരുന്ന പാറയുടെ മീതേ ഒരു ചെറിയ പന്തൽ കെട്ടിയിരുന്നു. അർദ്ധരാത്രിയോടുകൂടി സ്വാമി സ്നാനം ചെയ്തുവന്ന് അതിനകത്തു കടന്നു. പ്രതിഷ്ഠിക്കാനുള്ള ശിലയെ (നെയ്യാറിലെ ശങ്കരൻ കുഴിയിൽ നിന്ന് മുങ്ങിയെടുത്തത്) കൈയ്യിലെടുത്ത് ധ്യാനിച്ചു കൊണ്ട് രാത്രി മൂന്നുമണി വരെ ഒരേ നിലയിൽ നിന്നു.

സ്വാമിയുടെ തേജോമയമായ മുഖത്ത് ആ സമയം അശ്രുധാരകൾ പ്രവഹിച്ചുകൊണ്ടിരുന്നു. കാണികൾ ഭക്തിപരവശരായി പഞ്ചാക്ഷരമന്ത്രം ഉച്ചത്തിൽ ജപിച്ച് ഏകമനസ്സോടെ ചുറ്റും നിന്നു. മൂന്നു മണിക്ക് ശിലയെ സ്വാമി പീഠത്തിൽ പ്രതിഷ്ഠിച്ച് അഭിഷേകം ചെയ്തു. ആ സമയത്ത് ചില അത്ഭുത ങ്ങൾ കണ്ടിട്ടുള്ളതായി പലരും പറയുന്നു. ഇങ്ങനെയാ ണ് സ്വാമിയുടെ മതസംബന്ധമായ സ്ഥാപനങ്ങളിൽ ആദ്യത്തേതായ അരുവിപ്പുറം ക്ഷേത്രം ആരംഭിച്ചത്.

തുടർന്നുള്ള കാര്യങ്ങളെക്കുറിച്ചും ആശാൻ ഇങ്ങനെ എഴുതുന്നു.

"ഇവിടെ വരുന്ന കാണിക്കകൾ എടുത്തു മുതൽകൂട്ടിയും സംഭാവനകൾ പിരിച്ചും ജനങ്ങൾ പ്രതിഷ്ഠസ്ഥലത്ത് ഒരു ശ്രീകോവിൽ കെട്ടിച്ചു. ചില ഭക്തന്മാരായ ശിഷ്യന്മാരെ സ്വാമി ക്ഷേത്രത്തിൽ ശാന്തിക്കാക്കി പഠിപ്പുള്ള ശിഷ്യന്മാരിൽ ചിലരെക്കൊണ്ട് അവിടെ ഒരു പള്ളിക്കൂടം കെട്ടിച്ച് അടുത്തുള്ള കുട്ടികളെ മലയാളം പഠിപ്പിക്കുവാൻ ഏർപ്പാടും ചെയ്തു. ഇക്കാലത്താണ് സ്വാമി പ്രസിദ്ധമായ ശിവശതകം എന്ന സ്തോത്രം രചിച്ചത്."

## മരുത്വാമലയിൽ

താപസൻമാരുടെയും സന്ന്യാസിമാരുടെയും ഏകാന്തവാസം കൊണ്ട് എല്ലാക്കാലവും ധന്യമായ ഭൂപ്രദേശമാണ് കന്യാകുമാരിക്കടുത്തുള്ള മരുത്വാമല. സഹ്യപർവ്വത നിരകളിലെ തെക്കെ അറ്റത്തുള്ള ഈ ഗിരിശൃംഗത്തിന്റെ നിറുകയിലെ പിള്ളത്തടം ഗുഹയിൽ നാണുഭക്തൻ വർഷങ്ങളോളം ധ്യാനലീനനായി തപസ്സ് അനുഷ്ഠിച്ചു. അറിവിലുമേറിയ അറിവ് നേടുന്നതിന് തപോഭൂമിയായ മരുത്വാമലയിലെ വാസം അദ്ദേഹത്തിന് അനുഗ്രഹമായി. കൂറ്റൻ പാറക്കൂട്ടങ്ങളും കള്ളിമുള്ളുകളും ഉണ്ടക്കല്ലുകളും ഔഷധസസ്യങ്ങളും നിറഞ്ഞ ഘോരവനമായ മരുത്വാമലയിലെ വാസ ത്തെക്കുറിച്ച്

'മലയതിലുണ്ടു മരുന്നുമൂന്നു പാമ്പും
പുലിയുമതിന്നിരുപാടുമുണ്ടു കാവൽ'

എന്നിങ്ങനെ ഗുരു തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അരുവിപ്പുറത്ത് വാസം ഉറപ്പിച്ചതിനു ശേഷവും മരുത്വാമലയിൽ സ്വാമി കൂടെക്കൂടെ പോയിവന്നിരുന്നു... ഇക്കാലത്തു സ്വാമി തമിഴിൽ നല്ല അറിവു സമ്പാദിക്കുകയും വേദാന്ത വിഷയകമായി അനേകം പാട്ടുകൾ ആ ഭാഷയിൽ എഴുതുകയും ചെയ്തിട്ടുണ്ട്. "തിരുക്കുറലും" "ഒഴിവിലൊടുക്ക" മെന്ന പ്രൗഢ ഗ്രന്ഥവും സ്വാമി തമിഴിൽ നിന്ന് മലയാളത്തിൽ പദ്യരൂപേണ ഭാഷാന്തരപ്പെടുത്തിയിട്ടുള്ളതായും അറിയാം. സ്വാമിയെപ്പോലെ അസാമാന്യമായ ബുദ്ധിശക്തിയും ശാസ്ത്രപാണ്ഡിത്യവും അനുഷ്ഠാനവും അനുഭവും ഒത്തുചേർന്ന ഒരു വേദാന്തി ദുർല്ലഭമായിരുന്നതിനാൽ അദ്ദേഹത്തെ കാണുന്നത് വിദ്വാൻമാർക്ക് കൗതുകകരമായിരുന്നു."

സ്വാമികളുടെ അത്ഭുത സിദ്ധികളെപ്പറ്റി മൂർക്കോത്ത് കുമാരൻ, കെ. ദാമോദരൻ തുടങ്ങിയ ഒട്ടുമിക്ക ജീവചരിത്രകാരൻമാരും രേഖപ്പെടുത്തിയിട്ടുണ്ട്. ധർമ്മാനന്ദജിയെ പോലെയുള്ളവരുടെ വിവരണം അല്പം കൂടിപ്പോയില്ലേ എന്ന് ചിന്തിക്കുന്നവരും സ്വാമിഭക്തന്മാരിൽ തന്നെയുണ്ട്. എങ്കിലും ഗുരുവിനെ ഏറ്റവും അടുത്തുനിന്ന് കണ്ടറിഞ്ഞ ആളും അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർത്തിരുന്ന വിപ്ലവകാരിയുമായ മഹാകവി കുമാരനാശാന്റെ ഈ വാക്കുകൾ വിശ്വസിക്കാതിരിക്കാൻ ആവില്ല. "സ്വാമിയുടെ ദൃഢമായ ബ്രഹ്മചര്യവും തപസ്സും യോഗവും ക്രമേണ അത്ഭുതകരങ്ങളായ ഫലങ്ങളെ പ്രദർശിപ്പിച്ചു തുടങ്ങി. ചെല്ലുന്ന ദിക്കിലെല്ലാം കുഷ്ഠരോഗം മുതലായ മഹാരോഗങ്ങൾ പിടിപെട്ടവർ സ്വാമികളുടെ അടുക്കൽ വന്നു ചേരുകയും ഏതെങ്കിലും ഒരു പച്ചിലയോ എന്തെങ്കിലും ഒരു ഭക്ഷണസാധനമോ എടുത്തു കൊടുത്ത് അവരുടെ രോഗങ്ങളെ അവിടുന്ന് സുഖപ്പെടുത്തുകയും ചെയ്തിരുന്നു. ബ്രഹ്മരക്ഷസ്, അപസ്മാരം മുതലായവയുടെ ഉപദ്രവത്താൽ വളരെയധികം കഷ്ടതയനുഭവിച്ചിരുന്നവർക്ക് സ്വാമിയുടെ ദർശനമാത്രയിൽ തന്നെ പൂർണസുഖം കിട്ടിയിട്ടുണ്ട്. അനവധി കുട്ടിച്ചാത്തൻമാരുടെ ഉപദ്രവത്തെയും സ്വാമികൾ വിലക്കി മാറ്റിയിട്ടുണ്ട്. നാനാജാതിക്കാരായ ഹിന്ദുക്കളുടെ ഇടയിൽ പല മാന്യ തറവാടുകളിലുള്ള വന്ധ്യകൾ സ്വാമിയുടെ കൈയ്യിൽ നിന്ന് വല്ല പഴമോ മറ്റോ വാങ്ങി ഭക്ഷിക്കുകയോ സ്വാമിയുടെ ഒരു അനുഗ്രഹവാക്ക് ലഭിക്കുകയോ ചെയ്തശേഷം താമസിയാതെ ഗർഭം ധരിച്ച് പ്രസവിച്ചിട്ടുണ്ട്. ഒരിക്കലും

കുടിവിടാതിരുന്ന അനേകം മദ്യപൻമാരുടെ മദ്യപാനവും സ്വാമികൾ നിർത്തിയിട്ടുണ്ട്. സ്വാമിയുടെ വാക്കിനെ ലംഘിച്ചുകൊണ്ട് വീണ്ടും മദ്യപാനം ചെയ്ത ചിലർ മദ്യം കാണുമ്പോൾ ഛർദ്ദിക്കുകയും ചെയ്തിട്ടുണ്ട്.''

## ശ്രീനാരായണ ദിഗ്വിജയം

ശിവപ്രതിഷ്ഠയോടുകൂടി സ്വാമിയുടെ പ്രശസ്തി തിരുവിതാംകൂറിന്റെ സീമകൾ വിട്ട് കൊച്ചിയിലും മലബാറിലും മാത്രമല്ല, മംഗലാപുരം വരെയും എത്തി. സ്വാമിയെ നേരിൽ കണ്ട് അനുഗ്രഹം വാങ്ങുന്നതിനും തങ്ങളുടെ നാട്ടിലേക്ക് ക്ഷണിച്ചുകൊണ്ടുപോകുന്നതിനും അവിടങ്ങളിൽ ആരാധനാലയങ്ങൾ പണികഴിപ്പിച്ച് അദ്ദേഹത്തെക്കൊണ്ട് പ്രതിഷ്ഠാകർമ്മം നിർവഹിപ്പിക്കുന്നതിനും ഒട്ടൊരു മത്സരബുദ്ധിയോടുകൂടി ഈഴവ-തീയ്യ സമുദായാംഗങ്ങൾ അരയും തലയും മുറുക്കി മുന്നിട്ടിറങ്ങി.

അതുപോലെ തന്നെ ശക്തമായ എതിർപ്പും ചോദ്യം ചെയ്യലും മറുവശത്തും അരങ്ങേറി. ''ഒരു പൂണൂൽക്കാരൻ സ്വാമിയെക്കണ്ട് നേരിട്ട് ചോദിച്ചു. അബ്രാഹ്മണർക്ക് ക്ഷേത്രപ്രതിഷ്ഠയ്ക്ക് അവകാശമില്ലാത്ത സ്ഥിതിക്ക് ഒരു ഈഴവൻ ശിവപ്രതിഷ്ഠ നടത്തിയത് ശരിയാണോ എന്ന്. സാവകാശം ഒന്നു പുഞ്ചിരിച്ചുകൊണ്ട് ഗുരുദേവൻ പറഞ്ഞു. നാം ഈഴവ ശിവനെയാണ് പ്രതിഷ്ഠിച്ചത്. അതോടെ നമ്പൂതിരി പിന്നെ വാപൊളിച്ചില്ല.''

ജീവചരിത്രകാരനായ കോട്ടുകോയിക്കൽ വേലായുധൻ ഉദ്ധരിച്ചിരിക്കുന്ന ഈ ഗുരുദേവ വചനങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ട്. അബ്രാഹ്മണൻ പൂജ ചെയ്താൽ ഭഗവാൻ കോപിക്കും അതുകൊണ്ട് അത് അനുവദിക്കാൻ പാടില്ല എന്നു പ്രസ്താവന ഇറക്കാൻ യാതൊരു ഉളുപ്പുമില്ലാത്ത സവർണസമുദായ സംഘടനാ നേതാക്കന്മാർ ഇന്നും നമ്മുടെ കേരളത്തിലുണ്ട് എന്നത് സംസ്കാരസമ്പന്നമായ ഒരു ജനസമൂഹത്തിന് ഭൂഷണമല്ല.

കളകളാരവം മുഴക്കി പാറക്കൂട്ടങ്ങൾക്കിടയിലൂടെ പളുങ്കുമണികൾ ചിതറിച്ചു കൊണ്ട് തുള്ളിച്ചാടി ഒഴുകുന്ന നെയ്യാറിന്റെ മനോഹാരിതയും കൊടിതൂക്കിമലയുടെ മിനാരങ്ങൾ ഒരുക്കുന്ന വന്യമായ ഗാംഭീര്യവും നദിയിൽ മുങ്ങിക്കുളിച്ച് ദർശനം നടത്തുന്നതിന് സൗകര്യപ്രദമായ ക്ഷേത്രവും സർവോപരി ഉൽഫുല്ലബാലരവി പോലെ കാന്തിമാനായ യുവയോഗിയുടെ സാന്നിദ്ധ്യവും എല്ലാംകൂടി ആയപ്പോൾ അരുവിപ്പുറത്തേക്ക് ഭക്തജനങ്ങളുടെ പ്രവാഹം ഏറിവന്നു അരിയും സാധനങ്ങളുമായി അവിടെ എത്തി താമസിച്ച് കുളിച്ച് തൊഴുതുപോകുന്നവരുടെ എണ്ണം കൂടിക്കൂടി വന്നു. പ്രത്യേകിച്ച് കറുത്തവാവ് ദിവസങ്ങളിൽ. അങ്ങനെയിരിക്കെയാണ് ക്ഷേത്രത്തിലെ പൂജാദികാര്യങ്ങളും മറ്റും നോക്കി നടത്തുന്നതിനായി 'വാവൂട്ട് യോഗം' (അരുവിപ്പുറം ക്ഷേത്രയോഗം) നിലവിൽ വന്നത്.

ഇക്കാര്യത്തിൽ കോട്ടുകോയിക്കലിന്റെ വാക്കുകൾ തന്നെ നമുക്ക് മുഖവിലയ്ക്കെടുക്കാം. ''1069 ധനു 14 ന് 11 പേർ അടങ്ങിയ ഒരു സംഘത്തെ അരുവിപ്പുറം ക്ഷേത്രയോഗം എന്ന പേരിൽ സ്ഥാപിച്ചു. ക്ഷേത്രത്തിനു സമീപം മലയാളം പഠിപ്പിക്കുന്നതിനുള്ള ഒരു പാഠശാല സ്ഥാപിച്ചു. പൂജാസമ്പ്രദായങ്ങൾ പഠിക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്തു. അന്നവിടെ കൂടെയുണ്ടായിരുന്നവർ എല്ലാവരും എന്തെങ്കിലും പ്രവൃത്തിയിൽ ഏർപ്പെടുകതന്നെ വേണമെന്ന ദീർഘബുദ്ധിയോടു കൂടി ചിലരെ ഉത്സാഹിപ്പിച്ച് ഒരു തുണിനെയ്ത്ത്ശാലയും ഏർപ്പെടുത്തി.''

ശ്രീനാരായണഗുരു നാളെകളിൽ താൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മഹത്തായ സംരംഭങ്ങളുടെയെല്ലാം നാന്ദികുറിച്ചത് അരുവിപ്പുറത്താണ്. ആലോചിച്ചുറച്ച കർമ്മപരിപാടികളെക്കുറിച്ചുള്ള ക്രാന്തദർശിയായ ഗുരുവിന്റെ ദീർഘവീക്ഷണവും ദൃഢനിശ്ചയവും ഈ സംരംഭങ്ങളിലൊക്കെ കാണാം. വഴിനടക്കുന്നതിനോ വിദ്യ അഭ്യസിക്കുന്നതിനോ ക്ഷേത്രമതിലിന് വെളിയിൽ നിന്നുപോലും കൈകൂപ്പി പ്രാർത്ഥിക്കുന്നതിനോ അനുവാദമില്ലാതിരുന്ന വലിയൊരു ജനസമൂഹം. ചാത്തൻ, ചാമുണ്ഡി, മറുത തുടങ്ങിയ ദുർദേവതകളെ വച്ചാരാധിച്ചും കോഴിവെട്ടും കുരുതിയും ചാരായസേവയും മന്ത്രവാദവുമായി ഏതാണ്ട് മൃഗപ്രായരായി കഴിഞ്ഞിരുന്ന ഒരു ജനസമൂഹം, അതിന് ആത്മീയ ഉണർവിലൂടെ സംഘടിതമായ മുന്നേറ്റത്തിലൂടെ വിദ്യാഭ്യാസപരമായ പ്രബുദ്ധതയിലൂടെ വ്യാവസായികമായ സാമ്പത്തിക നേട്ടങ്ങളിലൂടെ അവരുടെ ആത്മീയവും ഭൗതികവുമായ ജീവിതപാതയിൽ പുരോഗതിയുടെ പൊൻവെളിച്ചം

പകരാൻ അദ്ദേഹത്തിന് അനായാസം സാധിച്ചു. ദുർദേവതകളുടെ സ്ഥാനത്ത് ശിവൻ, സുബ്രഹ്മണ്യൻ ദേവി തുടങ്ങിയ ദൈവങ്ങളെ ആരാധിക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നതിലൂടെ അനുയായികളുടെ ഉള്ളിന്റെ ഉള്ളിൽ ആദ്ധ്യാത്മികതയുടെ ഒരു പരിവേഷം, ഈശ്വരീയമായ ചൈതന്യം ഉണ്ടാക്കുക എന്നതായിരുന്നു ഗുരുവിന്റെ മുഖ്യലക്ഷ്യം. പ്രാർത്ഥനയുടെയും ഭക്തിയുടെയും തലങ്ങളിലൂടെ ഉദാത്തവത്കരിക്കുന്ന മനുഷ്യമനസ്സുകളെ പുതിയ കാഴ്ചപ്പാടിൽ എത്തിക്കാമെന്ന് അദ്ദേഹം കണ്ടു. അതിന്റെ തുടക്കമായിരുന്നു ശിവപ്രതിഷ്ഠ.

''ജാതിഭേദം മതദ്വേഷ-
മേതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാ സ്ഥാനമാണിത്''

എന്ന തന്റെ ഉദാത്തമായ സങ്കല്പം ക്ഷേത്രത്തിന്റെ ഭിത്തിയിൽ അദ്ദേഹം എഴുതി വയ്പിച്ചു-കാലദേശങ്ങൾക്കതീതമായി കേരളത്തിനും ഭാരതത്തിനും ലോകത്തിനും സ്വീകാര്യമായ മഹത്തായ സന്ദേശം അടുത്ത സംരംഭമായി അവിടെത്തന്നെ പാഠശാല ആരംഭിച്ചു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ക്ഷേമൈശ്വര്യങ്ങളിലേക്ക് കടക്കാൻ കഴിയൂ എന്ന് അനുയായികളെ അദ്ദേഹം ഉദ്ബോധിപ്പിച്ചു. അറിവിന്റെ വെളിച്ചം പകർന്നു കൊടുക്കുന്നതിലൂടെ ത്യാജ്യഗ്രാഹ്യവിവേചന ബുദ്ധിയിലൂടെ തങ്ങൾ അനുഭവിക്കുന്ന അസ്വാതന്ത്ര്യത്തെക്കുറിച്ച് നിഷേധിക്കപ്പെടുന്ന അവകാശങ്ങളെക്കുറിച്ചൊക്കെ ബോധവാന്മാരാകാൻ അവർ പ്രാപ്തരാകും എന്ന് അദ്ദേഹം ദീർഘദർശനം ചെയ്തു. അതുപോലെ തന്നെ ചരിത്രത്തിന്റെ നിയോഗമെന്ന വണ്ണം ഗുരുവും ഡോ. പൽപുവുമായി സന്ധിച്ചതിന്റെ ഫലമായി അരുവിപ്പുറത്തെ വാവൂട്ട് യോഗം ശ്രീനാരായണധർമ്മ പരിപാലനയോഗമായി മാറി. ആധുനിക കേരളത്തിന്റെ ഗതിവിഗതികളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിൽ ഈ പ്രസ്ഥാനം വഹിച്ച പങ്ക് നിസ്തുലമാണ്. സംഘടിതശക്തിയിലൂടെ അവകാശങ്ങൾ നേടിയെടുക്കാമെന്ന് ഗുരു അനുയായികളെ പഠിപ്പിച്ചു.

## പരിഷ്കരണം തുടങ്ങുന്നു.

ഒരു കാലത്ത് തെക്കൻതിരുവിതാംകൂറിലെ ഈഴവരുടെ കുലത്തൊഴിലായിരുന്നു തുണിനെയ്ത്ത്. ഇത് അറിയാമായിരുന്ന ഗുരു, താൻ സ്ഥാപിച്ച ശിവക്ഷേത്രത്തിനു സമീപത്തായി ഒരു നെയ്ത്തുശാല ആരംഭിച്ചു. ഒരു സമൂഹത്തിന്റെ മുന്നേറ്റത്തിന് ആദ്ധ്യാത്മിക ഉണർവിനൊപ്പം, വിദ്യാഭ്യാസപരമായ മുന്നേറ്റത്തിനൊപ്പം, സംഘടിതശക്തിയാർജ്ജിക്കുന്നതിനൊപ്പം അന്ത്യന്താപേക്ഷിതമാണ് ഭദ്രമായ സാമ്പത്തിക അടിത്തറയെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അതുകൊണ്ടാണ് വ്യാവസായിക സംരംഭങ്ങളിലൂടെ ബലിഷ്ഠമായ ഒരു സാമ്പത്തികനില ഉണ്ടാക്കിയെടുക്കാമെന്ന് അദ്ദേഹം ഉദ്ബോധനം ചെയ്തത്. തന്നെയുമല്ല യാതൊരു ജോലിയും ചെയ്യാതെ മഠത്തിലെ അന്തേവാസികൾ അലസൻമാരായി ഇരിക്കാൻ പാടില്ലെന്നും അദ്ദേഹം മുൻകൂട്ടി കണ്ടു.

മുകളിൽ സൂചിപ്പിച്ച നാലു ആണിക്കല്ലുകളിലൂന്നിയ കർമ്മ പരിപാടികളിലൂടെയാണ് ശ്രീനാരായണ ഗുരു ആധുനിക കേരളത്തിന്റെ പുന: സൃഷ്ടി സാധിതപ്രായമാക്കിയത്. അരുവിപ്പുറത്തു നിന്നു തുടങ്ങിയ ഈ സംരംഭങ്ങളെല്ലാം തന്നെ തുടർന്നിങ്ങോട്ടുള്ള അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും കർമ്മണ്യതയുടെ നക്ഷത്രശോഭ പരത്തുകയുണ്ടായി. അരുവിപ്പുറത്തുവച്ച് ഗുരുവിനു കിട്ടിയ ആദ്യ ശിഷ്യനായ കൊച്ചപ്പിപ്പിള്ളയാണ് പിന്നീട് ശിവലിംഗദാസസ്വാമികളായി മാറിയത്. സാധാരണക്കാരനായിരുന്ന കൊച്ചപ്പിപ്പിള്ള ഗുരുദേവ സാന്നിദ്ധ്യത്തിലെ പഠന-മനനങ്ങളിലൂടെ സംസ്കൃത പണ്ഡിതനായി സിദ്ധനുംയോഗിയുമായി ക്രമേണ സർവരാലും ആദരിക്കപ്പെടുന്ന സന്യാസിശ്രേഷ്ഠനായി മാറി. അങ്ങനെ അദ്ദേഹം അരുവിപ്പുറം ഉൾപ്പെടെ പല മഠങ്ങളിലെയും കാര്യദർശിയുമായി. തന്റെ ഏകാന്തമായ സഞ്ചാരത്തിനിടയിൽ കണ്ടുമുട്ടിയ കായിക്കര കുമാരു എന്ന കവിതയെഴുത്ത് വശമുള്ള ചെറുപ്പക്കാരനെയും ഗുരു അരുവിപ്പുറത്തേയ്ക്ക് ക്ഷണിച്ചു. അധികം താമസിയാതെ കുമാരു അരുവിപ്പുറത്തെത്തി ആശ്രമത്തിലെ അന്തേവാസിയായി. അവധൂതകാലം മുതൽ ഗുരുവിന് പേട്ടയിൽ തച്ചക്കുടി വീടുമായി അടുപ്പമുണ്ടായിരുന്നു. അവിടത്തെ അംഗവും സമുദായത്തിന്റെ ആത്മാഭിമാനം പരിരക്ഷിക്കുന്നതിനായി കച്ചകെട്ടി ഇറങ്ങിയ ബഹുമാന്യദേഹവുമായ ഡോ. പല്പുവും ഗുരുവുമായി സമുദായത്തിന്റെ അഭ്യുന്നതിക്കുവേണ്ടി നാളെകളിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ദീർഘമായ

ചർച്ചകൾ പലപ്പോഴും നടന്നിട്ടുണ്ട്. സമർത്ഥരായ ചെറുപ്പക്കാരെ കണ്ടെത്തി അവർക്ക് ഉന്നത വിദ്യാഭ്യാസം നൽകണമെന്നും അത്തരത്തിൽ ഒരാളിന്റെ ചെലവ് താൻ വഹിച്ചുകൊള്ളാമെന്നും ഡോ. പല്പു സമ്മതിച്ചിരുന്നു.

കുമാരുവിന്റെ അരുവിപ്പുറം വാസത്തെക്കുറിച്ച് കോട്ടുകോയിക്കൽ വേലായുധൻ ഇങ്ങനെ പറയുന്നു. "ആശാന് അന്ന് പതിനെട്ട് വയസ്സിനുമുകളിൽ പ്രായമായിരുന്നു. മൂന്നുകൊല്ലത്തിനമേൽ ആശാൻ അരുവിപ്പുറത്ത് സ്ഥിരമായി താമസിച്ചു. സംസ്കൃതഭാഷയിൽ കൂടുതൽ അറിവ് സമ്പാദിക്കുന്നതിന് പുറമേ ബ്രഹ്മചര്യാനുഷ്ഠാനം, ആത്മജ്ഞാനസമ്പാദനം മുതലായ ശ്രീനാരായണ മാർഗ്ഗങ്ങൾ പിൻതുടരുക. അരുവിപ്പുറം ക്ഷേത്രകാര്യാന്വേഷണം ഇവയും മൂഖ്യ കാര്യങ്ങളായിരുന്നു.

ചിന്നസ്വാമി എന്നറിയപ്പെട്ടിരുന്ന കുമാരുവിനെ ഉന്നത വിദ്യാഭ്യാസാർത്ഥം ഗുരു ബാംഗ്ലൂരിലേക്കയച്ചു. ഇതേക്കുറിച്ചുള്ള സാക്ഷാൽ കുമാരമഹാകവിയുടെ തന്നെ വാക്കുകൾ ഏറെ ധ്വന്യാത്മകമാണ് 1070-ൽ സ്വാമി ശിഷ്യസമേതനായി മഠത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ചില ആവശ്യങ്ങൾക്കായി പരവൂർ വരെ സഞ്ചരിക്കുകയും അവിടെ നിന്ന് ബാംഗ്ലൂർ വരെ പോയി ഡോ. പല്പു അവർകളെ കണ്ട് മടക്കത്തിൽ ചിദംബരം, മധുര മുതലായ സ്ഥലങ്ങൾ സന്ദർശിച്ച് തിരുനെൽവേലി വഴിയായി തിരിച്ചെത്തുകയും ചെയ്തു. ഈ അവസരത്തിൽ ശിഷ്യന്മാരിൽ ചിലരുടെ ഉയർന്നതരം പഠിത്തങ്ങൾക്കായി സ്വാമി ഏർപ്പാടുകൾ ചെയ്യുകയും അവരിൽനിന്ന് മഠത്തിന്റെ അഭിവൃദ്ധിയെ പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. തന്നിൽ ഗുരു അർപ്പിച്ചിരിക്കുന്ന വിശ്വാസവും പ്രതീക്ഷയും എത്രമാത്രം ബോദ്ധ്യമുണ്ടായിരുന്നു എന്നതിന്റെ സാക്ഷി മൊഴികളാണ് അവരിൽ നിന്ന് മഠത്തിന്റെ അഭിവൃദ്ധിയെ പ്രതീക്ഷിക്കുകയും ചെയ്തിരുന്നു എന്ന അർത്ഥപൂർണ്ണമായ പ്രയോഗം ഏതാണ്ട് രണ്ട് വർഷക്കാലം ഡോ. പല്പുവിന്റെ കൂടെ താമസിച്ച് കുമാരു പഠനം തുടർന്നു. ചുരുങ്ങിയ കാലംകൊണ്ടു തന്നെ പാണ്ഡിത്യത്തിലും അറിവിലും ചിന്നസ്വാമി ഏവരുടെയും പ്രശംസ പിടിച്ചുപറ്റുന്ന നിലയിലായി. എന്നാൽ ഡോ. പല്പുവിന് ഇംഗ്ലണ്ടിലേക്ക് പോകേണ്ടി വന്നതിനാൽ കുമാരന്റെ പഠനം മദിരാശിയിലേക്ക് മാറ്റി. അവിടെ സ്വാമി വിവേകാനന്ദന്റെ കടുത്ത ആരാധകനായിരുന്ന ഡോ. നഞ്ചുണ്ടറാവുമൊന്നിച്ചായിരുന്നു കുമാരന്റെ താമസം. അവിടെ നിന്ന് അദ്ദേഹം ഉപരിപഠനാർത്ഥം കൽക്കത്തയിലെത്തി (1898)

അവിടെ കാമാഖ്യനാഥതർക്കവാഗീശൻ എന്ന മഹാപണ്ഡിതന്റെ അടുത്തുനിന്ന് അറിവിന്റെ അനന്തമായ ചക്രവാള സീമകളിലേക്ക് കുമാരു പറന്നുയർന്നു. ഇംഗ്ലീഷ് ഭാഷയിൽ ആവശ്യമായ പരിജ്ഞാനം സമ്പാദിക്കുന്നതിനും ഇക്കാലത്തു സാധിച്ചു. ഷെല്ലിയുടെയും കീറ്റ്സിന്റെയും കവിതകൾ വായിക്കാനിടയായ കുമാരനിലെ കവിഭാവന ചിറകു വിടർത്തി. പുതിയൊരു കാവ്യ സംസ്കാരം അദ്ദേഹം അനുഭവിച്ചറിഞ്ഞു. അതോടൊപ്പം ദേശീയ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഈറ്റില്ലമായിരുന്ന കൽക്കത്തയിലെ താമസം കൂടി ആയപ്പോൾ ഗുരുദേവൻ വിഭാവന ചെയ്തതിനുപ്പുറം അറിവും പാണ്ഡിത്യവും ലോകപരിജ്ഞാനവും അനുഭവ സമ്പത്തും ആർജ്ജിച്ചുകൊണ്ട് ഗുരുനിയോഗിക്കുന്ന ഏതുത്തരവാദിത്വവും ഏറ്റെടുക്കാൻ സർവ്വഥായോഗ്യനും പ്രാപ്തനുമായ പ്രതിഭാശാലിയായി മാറിക്കഴിഞ്ഞിരുന്നു കായിക്കര കുമാരു എന്ന കുമാരനാശാൻ. ●

## ഗുരുദേവന്റെ തിരുവചനം

ഗുരുദേവൻ ശിവഗിരിയിൽ വിശ്രമിക്കുന്നു. ഗുരുദേവന്റെ ശിഷ്യഗണത്തിൽ പിന്നീടു ചേർന്നിട്ടുള്ള ഒരു സായ്പ് ശിവഗിരി സന്ദർശിക്കുവാനായി വന്നു താമസിക്കുന്നുണ്ട്. മഠത്തിൽ നിന്നു റോഡുമാർഗ്ഗമായി മൂന്നു മൈൽസിലധികം ദൂരമുള്ള ശിവഗിരി മാതൃകാ പാഠശാലാ കെട്ടിടത്തിലാണ് സായ്പ് താമസിക്കുന്നത്. ഏകദേശം സൂര്യാസ്തമയ സമയത്ത് ഒരു റിക്ഷാവണ്ടിയിൽ കയറി ഗുരുദേവൻ പാഠശാലയിൽ എത്തിച്ചേർന്നു. രാത്രി താമസത്തിനുവേണ്ടി കട്ടിൽ മുതലായവ ബ്രഹ്മചാരികൾ കൊണ്ടുവന്നിട്ടുണ്ട്.

സായ്പ് : (സ്വാമിയോട്) സ്വാമി എന്തിനായിട്ടാണ് ഒരു സ്ഥലത്തുതന്നെ സ്ഥിരമായി താമസിക്കാതെ ഇത്രബുദ്ധിമുട്ടി ഈ സന്ധ്യാസമയത്തുപോലും ഇവിടെ വന്ന് വിശ്രമിക്കണമെന്ന് വിചാരിക്കുന്നത്.

ഗുരുദേവൻ : ആകാശത്തിലെ ഗോളങ്ങൾ ഒരു സ്ഥലത്തു തന്നെ നിൽക്കുന്നില്ലല്ലോ. അവ എപ്പോഴും മാറികൊണ്ടേയിരിക്കുന്നു. പിന്നെ നാം എങ്ങനെ സ്ഥിരിമായിരിക്കും.

# പ്രാചീനഭാരതത്തിലെ പരിസ്ഥിതി ദർശനം

**പ്രൊഫ. ടോണി മാത്യു**



പ്രകൃത്യുപാസകരായിരുന്ന പ്രാചീന ഭാരതീയർ, പ്രകൃതി പ്രതിഭാസങ്ങളിലെല്ലാം ഈശ്വര സാന്നിധ്യം അറിഞ്ഞനുഭവിച്ചവരായിരുന്നു. പക്ഷിമൃഗാദികൾക്കും വൃക്ഷലതാദികൾക്കും പ്രകൃതിയിലുള്ള സ്ഥാനം മാത്രമാണ് മനുഷ്യർക്കും നൽകിയത്. വൃക്ഷങ്ങൾ വെട്ടുന്നവർക്കും മൃഗങ്ങളെ കൊല്ലുന്നവർക്കും സ്വർഗത്തിൽ സ്ഥാനമില്ലെന്ന് ഋഷികൾ പറഞ്ഞിട്ടുണ്ട്. ജീവജാലങ്ങളുടെ സന്തുലിതമായ ആവാസ വ്യവസ്ഥയിൽ മാത്രമേ ഭൂമി പരിക്കുകളില്ലാതെ നിലനിൽക്കുകയുള്ളൂ. ശാസ്ത്രീയമായ ഈ കാഴ്ചപ്പാടിന്റെ ഫലമായിരുന്നു, ഇണപ്പക്ഷികളിലൊന്നിനെ കൊന്ന വേടനെ ശപിക്കാൻ വാല്മീകി തയ്യാറായത്. 'മാനിഷാദ' എന്ന വാക്ക് നമ്മുടെ കാതുകളിൽ എന്നും മുഴങ്ങിക്കൊണ്ടിരിക്കണം. ആശ്രമ മൃഗത്തെ അമ്പെയ്യാൻ തുനിഞ്ഞ ദുഷ്യന്തമഹാരാജാവിനെ തടഞ്ഞ മുനികുമാരന്മാരുടെ ധീരോദാത്ത നടപടിയും, കാളിദാസ കവിയിലൂടെ നാം കേട്ടിട്ടുണ്ടല്ലോ? തേന്മാവിനെയും മുല്ലവള്ളിയെയും ദീർഘാപാംഗൻ എന്ന മാൻകിടാവിനെയും സഹോദരീസഹോദരന്മാരെപ്പോലെയും കുഞ്ഞിനെപ്പോലെയുമാണ് ശകുന്തള സ്നേഹിച്ചതും സേവിച്ചതും. മുറിവേറ്റു വീണ പക്ഷിയെ തഴുകിയുണർത്തിയ ബുദ്ധനിലും പരുന്തിന്റെ വിശപ്പു മാറ്റാനും പ്രാവിനെ രക്ഷിക്കാനുമായി സ്വന്തം മാംസം മുറിച്ചുകൊടുത്ത ശിബിയിലും രന്തിദേവനിലുമെല്ലാം സർവ്വചരാചര പ്രേമമാണ് തെളിഞ്ഞു നിൽക്കുന്നത്.

പഞ്ചഭൂതങ്ങളിലെല്ലാം ദേവത്വം ആരോപിച്ച്, അതിനെയെല്ലാം

പൂജിക്കുന്നതായിരുന്നു ആർഷഭാരത സംസ്കൃതി. മണ്ണിനെയും ജലത്തെ യും വായുവിനെയും ഒരു കാരണ വശാലും മലിനമാക്കരുതെന്ന് ആചാ ര്യന്മാർ അനുശാസിച്ചുകൊണ്ടി രുന്നു. ഭൂമിയേയും ജലത്തെയും ദേവിമാരായും വായുവിനെ ഭഗവാനായും സങ്കല്പിച്ച് പൂജിച്ചു. വനദേവതയെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്തു. കുന്നുകൾ വെട്ടി നിരപ്പാക്കുന്ന തിനോടും കുഴികൾ മൂടുന്നതി നോടും അവർ യോജിച്ചില്ല. നദിയുടെ അനായാസമായ ഗതിയെ തടസ്സപ്പെടുത്തുന്നതിനെയും അനുകൂലിച്ചില്ല. പ്രകൃതിക്കനുസരണമായി അവയൊക്കെ സ്ഥിതി ചെയ്യണമെന്ന് ചിന്താഗതിക്കാരിയിരുന്നു നമ്മുടെ പൂർവ്വസൂരികൾ. പുണ്യനദികളായ ഗംഗയിലെയും പമ്പയിലെയും ജലത്തിൽ മാലിന്യക്കൂമ്പാരങ്ങൾ കെട്ടി കിടക്കുകയാണിന്ന്. ജലദേവതയെ അവഹേ ളിക്കുന്നതിൽ പരസ്പരം മത്സരിക്കുകയാണ് നാമിന്ന്! നദീജലത്തിൽ തുപ്പുകയോ മലമൂത്രവിസർജ്ജനം ചെയ്യുകയോ പാടില്ലെന്ന് വിലക്കുന്ന യോഗീശ്വ രന്മാരുടെ ദർശനത്തിൻനിന്നും എത്രയോ അകന്നു പോയിരിക്കുന്നു ആധുനിക ഭാരതീയർ. ജലാശയ ങ്ങളിൽ നഗ്നരായി കുളിക്കുന്നതുപോലും പാതകമായി കരുതിയിരുന്നവരാണ് മഹർഷിമാർ. ജലദേവതയെ അപമാനിക്കുന്നതിനു തുല്യമാണത്.

വനശ്രീ ജനശ്രീയാണെന്നും മരം മനുഷ്യന് വരമാ ണെന്നും പണ്ടേ നാം പരിശീലിച്ചുപോകുന്നു. വൃക്ഷാ യുർവേദം എഴുതിയ ശാർങ്ധരമുനിയുടെ അഭിപ്രായ ത്തിൽ പത്തു മക്കൾക്കു തുല്യമാണ് ഒരു മരം,

ദശകൂപ സമാ വാപീ
ദശവാപീ സമോ ഹ്രദഃ
ദശ ഹ്രദ സമഃ പുത്രോ
ദശപുത്ര സമോ ഭുമഃ

എന്നാണ് മുനി നിരീക്ഷിക്കുന്നത്. ക്ഷേത്രക്കുള ത്തിനു സമീപം അരയാൽ വെച്ചു പിടിപ്പിച്ചിരുന്ന പൂർവ്വികരുടെ പാരിസ്ഥിതികാവബോധത്തെ ശ്ലാഘിക്കേ ണ്ടിരിക്കുന്നു. പ്രഭാതസ്നാനത്തിനും ഈശ്വര പൂജയ്ക്കുമായി അവിടെ എത്തുന്നവർക്ക് ധാരാളം ശുദ്ധവായു അവിടെ നിന്നും ലഭിക്കും. ഇടിമിന്നലിനെ എർത്ത് ചെയ്യുന്നതിനുള്ള അരയാലിന്റെ കഴിവിനെയും അവർ മനസ്സിലാക്കിയിരുന്നു. ആലിന്റെ ഭാര്യയെന്നു സങ്കല്പിക്കുന്ന ആര്യവേപ്പും അതിനു സമീപത്തു ണ്ടായിരിക്കണം. രോഗാണുക്കളെ നശിപ്പിക്കാൻ വേപ്പിനുള്ള അപാരമായ സിദ്ധി ശാസ്ത്രസമ്മതമാണ്. പേരാലും അശോകവും കൂവളവും കൂടിയായാൽ പഞ്ചവടിയുമാകും വനവാസത്തിനിടയ്ക്ക് രാമലക്ഷ്മ ണന്മാരും സീതയും കുറേനാൾ താമസ്സിച്ചത് പഞ്ചവടിയിലായിരുന്നുവല്ലോ! തീർത്ഥക്കുളത്തിന്റെ കരയ്ക്ക് സൂര്യനഭിമുഖമായിനിന്ന് ഗായത്രി മന്ത്രം ഉരുവിടുമ്പോഴും സൂര്യനമസ്ക്കാരം ചെയ്യുമ്പോഴും ഉദയസൂര്യരശ്മിയിലെ ഊർജ്ജകണങ്ങൾ ശരീരത്തിൽ പതിയുന്നതും ആരോഗ്യരക്ഷക്ക് ഉത്തമമാണ്. ഇതൊ ക്കെ നിർദ്ദേശിച്ച ഋഷികളുടെ ശാസ്ത്രബോധത്തെ അംഗീകരിക്കയും ആദരിക്കുകയും വേണം.

പുരുഷാർത്ഥങ്ങളായ ധർമ്മാർത്ഥകാമമോക്ഷ ങ്ങളെ സാക്ഷാത്ക്കരിക്കാൻ വൃക്ഷപൂജയിലൂടെ സാധിക്കുമെന്നും പുരാണങ്ങളിൽ പരാമർശിക്കു ന്നുണ്ട്. ഫലവൃക്ഷങ്ങളുള്ള കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നവർക്ക് ഈശ്വരസാമീപ്യമുണ്ടാകുമത്രേ. അരയാൽ, പേരാൽ, വേപ്പ് എന്നിവ ഓരോന്നും പുളിരസമുള്ള മരങ്ങൾ പത്തും മാവും തെങ്ങും അഞ്ചു വീതവും വെച്ചുപിടിപ്പിക്കുന്നവർ നരകത്തിൽ പോവുകയില്ലെന്ന് നീതിസാരത്തിൽ പ്രാസ്താവി ച്ചിട്ടുണ്ട്. പ്രകൃതിയുടെ പരിതാഭയെ കാത്തു സൂക്ഷി ക്കണമെന്ന ആശയ ത്തിന്റെ ആവിഷ്ക്കരണമാണ് ഈ സങ്കല്പത്തിലെല്ലാമുള്ളത്.

'ഋഗ്വേദ'ത്തിൽ അരണ്യാനി എന്ന വനദേവതയെ സ്തുതിക്കുന്നത് ശ്രദ്ധേയമാണ്. ''കസ്തൂരിഗന്ധ മുള്ളവളും സൗരഭ്യവതിയും പല തരത്തിലുള്ള സ്വാദുള്ള പഴങ്ങളോടും കിഴങ്ങുകളോടും കൂടിയവളും മണ്ണ് കൃഷിചെയ്യാതെ ഫലഭൂയിഷ്ഠമായി കാത്തു സൂക്ഷിക്കുന്നവളും മൃഗമാതാവുമായ വനദേവതയെ ഞാൻ സ്തുതിക്കുന്നു.''

സർവ്വചരാചരങ്ങളെയും ഒരു കുടുംബത്തിലെ അംഗങ്ങളായാണ് നാം ദർശിക്കുന്നത്. സിംഹവും കാളയും പാമ്പും മയിലും എലിയുമെല്ലാം ശ്രീപര മേശ്വരന്റെ കുടുംബാംഗങ്ങളാണ്. ബ്രഹ്മാവിന് ഹംസ വും വിഷ്ണുവിന് ഗരുഡനും വാഹനങ്ങളാണല്ലോ!

ഈ പക്ഷിമൃഗങ്ങളെല്ലാം പരിസ്ഥിതി സന്തുലനത്തിന് അത്യാന്താപേക്ഷിതമാണെന്ന തിരിച്ചറിവാണ്, ഇത്തരം സങ്കല്പത്തിന്റെ എല്ലാം പിന്നിലുള്ളത്. അരയാൽ കൃഷ്ണനോടും കൂവളം ശിവനോടും ചന്ദനം വിഷ്ണുവിനോടും ബന്ധപ്പെട്ട വൃക്ഷങ്ങളാണ്. പനയും പാലയുമാണ് യക്ഷിക്കു പ്രിയമെന്നു കരുതുന്നു. വിഷ്ണു, സൂര്യൻ, അശ്വനീ ദേവന്മാർ, അപ്സരസ്സുകൾ, ലക്ഷ്മീദേവി എന്നിവർക്ക് ഇഷ്ടപ്പെട്ട പൂക്കൾ യഥാക്രമം തുളസി, മന്ദാരം, കണിക്കൊന്ന, പിച്ചകം, താമര എന്നിവയാണ്. സരസ്വതിയെ ദേവിയായിട്ടും യമുനയെ കൃഷ്ണപ്രിയയായിട്ടും ഗംഗയെ മാതാവിയിട്ടും നാം സങ്കല്പിച്ചുവരുന്നു. ഈ പ്രകൃതിവസ്തുക്കളെ എല്ലാം പരിപാലിച്ചാൽ ഈശ്വര പ്രീതി ലഭിക്കും എന്ന ഋഷിദർശനത്തിലും പരിസ്ഥിതി കാലബോധത്തിന്റെ മിന്നലാട്ടമാണുള്ളത്.

ഓരോ നക്ഷത്രത്തിൽ ജനിച്ചവർക്കും കൂട്ടായിട്ട് ഒരു മൃഗവും പക്ഷികളും വൃക്ഷവുമുണ്ട്. പഞ്ചഭൂതങ്ങളിലൊന്നിനോടും അവർക്കു സവിശേഷ മമതയുണ്ടായിരിക്കും. പ്രകൃതിസംരക്ഷണമെന്ന ആശയമാണ് ഇവിടെയുമുള്ളത്.

മൂലതോ ബ്രഹ്മരൂപായ
മധ്യതോ വിഷ്ണുരൂപിണേ
അഗ്രതോ ശിവരൂപായ
വൃക്ഷരാജായ തേ നമഃ

എന്ന ശ്ലോകം ചൊല്ലിവേണം അരയാലിനെ പ്രദക്ഷിണം വെയ്ക്കേണ്ടതെന്ന നിർദ്ദേശത്തിലും പ്രകൃത്യുപാസനയാണ് ഈശ്വരപൂജ എന്ന കാഴ്ചപ്പാടുണ്ട്.

ആധുനിക പാരിസ്ഥിതിക ശാസ്ത്രകാരന്മാരെപ്പോലും അദ്ഭുതപ്പെടുത്തുന്ന വീക്ഷണങ്ങളായിരുന്നു പ്രാചീന ഭാരതീയർക്കുണ്ടായിരുന്നത്.

''ഭാരതവർഷത്തിലെ പൂർവ്വരാമൃഷീന്ദ്രന്മാർ
പാരിനുള്ളടിത്തട്ടു പാർത്തു കണ്ടറിഞ്ഞവർ''

എന്ന് മഹാകവി വള്ളത്തോൾ പാടിയത് എത്ര ശരി. ●

## (തുടർച്ച..) ഒരു നവംബർ ഇരുപത്തിയെട്ട്

സുസ്മേരൻ, സോണൽ സെക്രട്ടറിമാർ എം.എസ്. രാജു, ഒ.കെ. പ്രസാദ്, ശ്രീ. എം.എ. സുദർശനൻ എന്നിവരായിരുന്നു. ഈ പരിപാടി ആദ്യാവസാനം കൊംപിയർ ചെയ്തത് വനിതാ വിഭാഗം ചെയർപേഴ്സൺ ശ്രീമതി വത്സല ഗോപിദാസായിരുന്നു.

ശ്രീ. എം.സി. ദിനകരൻ, എം.ജി. രാഘവൻ, ശ്രീമതി മായാസഹജൻ, ശ്രീമതി നിർമ്മലാ മോഹൻ, ശ്രീമതി ബിജിലി ഭരതൻ എന്നിവർ വിധികർത്താക്കളായി.

ഇത്രയും കുറിയ്ക്കുമ്പോൾ ഇതിന്റെ പിന്നാമ്പുറ പ്രവർത്തനങ്ങളിൽ വളരെ സ്തുത്യർഹമായ പങ്കുവഹിച്ച യൂണിറ്റ് സെക്രട്ടറിമാർ, പ്രോഗ്രാം കമ്മിറ്റി ചെയർമാൻ എം. സുരേഷ്കുമാർ വിരാർ യൂണിറ്റിൽ നിന്നും കുട്ടികളെ പരിശീലിപ്പിച്ച് തയ്യാറാക്കിയ, മറാത്തിയുമായ ശ്രീമതി രേഖാ സുരേഷ്കുമാർ, ഉല്ലാസ്നഗർ യൂണിറ്റിലെ ശ്രീമതി സുമാപ്രകാശ്, നെരുൾ യൂണിറ്റ് സെക്രട്ടറി ശ്രീ. പി.ആർ. ബാബുരാജും കൗൺസിൽ അംഗങ്ങൾ ശ്രീ. വി.വി. ചന്ദ്രൻ, ശ്രീ. വി.കെ. ചുന്ദ്രിഗർ എന്നിവരുടെ സേവനം എടുത്തു പറയേണ്ടതാണ്.

ശ്രീനാരായണ ദർശനമെന്ന സാഗരതീരത്തേയ്ക്ക് അറുപതോളം കുട്ടികൾ എത്തി. കുറച്ചുപേർ തീരത്തു നിന്ന് കാറ്റുകൊണ്ട് തിരിച്ചുപോകും, ചിലർ ആ സാഗരഭംഗി ആസ്വദിച്ചേക്കാം. ചിലർ ആ തീരങ്ങളിൽ അല്പം നീന്തിയേക്കാം. ചിലരെങ്കിലും ആ അഗാധതയിലേക്കിറങ്ങി മുത്തുകളും പവിഴങ്ങളും ശേഖരിച്ചേക്കാം. എവിടെയോ മിന്നാമിനുങ്ങിന്റെ ചില നുറുങ്ങുവെട്ടങ്ങൾ.

**ത്യാഗം : ത്യാഗം എല്ലാ മനുഷ്യർക്കും ആവശ്യമാണ്. വിദ്യാലയങ്ങളിൽ കുട്ടികളെക്കൂടി ത്യാഗം പഠിപ്പക്കണം.**

**അഹിംസ : മനസ്സുകൊണ്ടോ, വാക്കുകൊണ്ടോ, കർമ്മം കൊണ്ടോ ഒരു പ്രാണിയുടെ ശരീരത്തേയോ, പ്രാണനേയോ, മനസ്സിനേയോ ഉപദ്രവിക്കാതിരിക്കുന്നതാണ് അഹിംസ.**

**സമബുദ്ധിയോടുകൂടി എല്ലാ മതങ്ങളും എല്ലാവരും പഠിക്കണം. അപ്പോൾ പ്രധാന തത്വങ്ങളിൽ അവയ്ക്കു തമ്മിൽ സാരമായ വ്യത്യാസമില്ലെന്നു വെളിപ്പെട്ടു കിട്ടുന്ന മതമാണ് നാം ഉപദേശിക്കുന്ന ഏകമതം.**

**– ശ്രീനാരായണ ഗുരു**

കേരളീയ നവോത്ഥാനത്തിലെ സൂര്യതേജസ്സുകൾ

# ആറാട്ടുപുഴ വേലായുധപ്പണിക്കർ

## അനീതിക്കും അസമത്വങ്ങൾക്കും എതിരെയും മനുഷ്യാവകാശങ്ങൾക്ക് വേണ്ടിയും കേരളത്തിൽ നടന്ന് ആദ്യവിപ്ലവ പ്രവർത്തനങ്ങളിലെ നായകൻ

വേലായുധൻ പണിക്കശ്ശേരി



ശ്രീനാരായണ ഗുരദേവൻ അവതരിക്കുന്നതിന് മുപ്പത് വർഷം മുമ്പ് ജനിക്കുകയും അവർണ സമുദായങ്ങളുടെ ആത്മാഭിമാന സംരക്ഷണ ത്തിനുവേണ്ടി അക്ഷീണം പടപൊരുതി, ഗുരുദേവന്റെ ജനസേവനങ്ങൾ ആരംഭിക്കുന്നതിന് ഏതാനും വർഷങ്ങൾക്ക് മുമ്പ് രക്തസാക്ഷിത്വം വരിക്കുകയും ചെയ്ത പുരുഷകേസരിയാണ് ആറാട്ടുപുഴ വേലായുധപ്പണിക്കർ.

വിവരിയ്ക്കാനാവാത്തവിധം പരാധീനതകൾ സഹിച്ച് മൃഗതുല്യരായും അസംഘടിതരായും കഴിഞ്ഞിരുന്ന അവർണസമുദായങ്ങൾക്ക്, പ്രത്യേകിച്ച് മധ്യതിരു വിതാംകൂറിലെ ഈഴവർക്ക്, ജാതിഹിന്ദുക്കൾ ക്കുണ്ടായിരുന്ന മിക്കപൗരവകാശങ്ങളും നേടിക്കൊടു ക്കുവാൻ കച്ചകെട്ടിയിറങ്ങിയ ആദ്യത്തെ ധീരാത്മാ വാണ് വേലായുധപ്പണിക്കർ. ഇവ നേടിയെടുത്തത് നിവേദനങ്ങളിലൂടെയോ, സർക്കാർ സഹായത്തോടു കൂടിയോ ആയിരുന്നില്ല. മറിച്ച് സ്വന്തം തടിമിടുക്കും തന്റേടവും ധനശേഷിയും കൊണ്ട് മാത്രമാണ്.

ഇത്രയേറെ ആജ്ഞാശക്തിയും ധീരതയും അതേസമയം ദീനാനുകമ്പയും ദാനശീലവും ഒത്തിണങ്ങിയ മനുഷ്യരെ വളരെ അപൂർവ്വമായേ

കണ്ടെത്താനാവൂ. ജീവിതകാലമത്രയും യാഥാസ്ഥിക വിഭാഗത്തിന് ഒരു പേടിസ്വപ്നമായിരുന്നു പണിക്കർ. ഇതിഹാസങ്ങളിലെ കഥാപാത്രങ്ങളെപ്പോലെയാണ് മധ്യതിരുവിതാംകൂറിൽ ഈ ധീരാത്മാവിന്റെ അപദാനങ്ങൾ പാടിപ്പുകഴ്ത്തുന്നത്. കേരളത്തിലെ സാമൂഹിക പരിവർത്തനങ്ങൾക്കും പരിഷ്ക്കാരങ്ങൾക്കും നാന്ദികുറിച്ചതിൽ ഇദ്ദേഹത്തിന്റെ സാഹസിക പ്രവർത്തനങ്ങൾക്കും വലിയ പങ്കുണ്ട്.

## ജനനവും വിദ്യാഭ്യാസവും

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിലെ കടലോര പ്രദേശമായ ആറാട്ടുപുഴയുലെ സമ്പന്നമായ കല്ലശ്ശേരി തറവാട്ടിൽ 1825 ലാണ് വേലായുധന്റെ ജനനം. ജനിച്ച് ഏതാനും ദിവസങ്ങൾ മാത്രമേ അമ്മയുടെ വാത്സല്യം നുകരാൻ ആ കുഞ്ഞിന് ഭാഗ്യമുണ്ടായുള്ളു. പ്രസവസംബന്ധമായ അസുഖത്തെത്തുടർന്ന് അമ്മ എന്നന്നേക്കുമായി വേർപിരിഞ്ഞു. പിന്നീട് അമ്മൂമ്മയുടെയും അമ്മാവന്റെയും സംരക്ഷണയിലാണ് വളർന്നത്. കിഴക്കേതിൽ പെരുമാൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ അമ്മാവൻ വലിയ ധനാഢ്യനായിരുന്നുവെന്ന് മാത്രമല്ല, സ്വന്തം പായ്ക്കപ്പലുകളിൽ വിദേശരാജ്യങ്ങളുമായി വ്യാപാരം നടത്തിയിരുന്ന വ്യക്തിയുമാണ്. ഇദ്ദേഹത്തിന് 150 ഏക്കർ തെങ്ങിൻ തോപ്പും 300 ഏക്കർ കൃഷിനിലങ്ങളും അനവധി കെട്ടിടങ്ങളും പായ്ക്കപ്പലുകളും സ്വന്തമായി ഉണ്ടായിരുന്നു. ഈ സ്വത്തുക്കൾക്കെല്ലാം ഏക അവകാശിയായിരുന്നു വേലായുധൻ.

എഴുത്തും വായനയും പഠിച്ചത് വീട്ടിൽ വച്ചുതന്നെയായിരുന്നു. സംസ്കൃതവും തമിഴും മലയാളവും പഠിച്ചു. വേലായുധന് 16 വയസ്സുള്ളപ്പോൾ അമ്മാവൻ അന്തരിച്ചു. അതോടെ തറവാട്ടുഭരണം ഏറ്റെടുക്കേണ്ടിവന്നു. സമർത്ഥരായ കാര്യസ്ഥന്മാർ ഉണ്ടായിരുന്നുവെങ്കിലും എല്ലാ കാര്യങ്ങളിലും വേലായുധൻ ശ്രദ്ധിച്ചിരുന്നു. ഈ അവസരത്തിലാണ് കായികാഭ്യാസമുറകൾ പഠിച്ചത്. അതിനായി അന്യദേശങ്ങളിൽനിന്ന് പരിചയസമ്പന്നരായ കായികാഭ്യാസികളെ വരുത്തി താമസിപ്പിച്ചു. അവരിൽ നിന്നാണ് അടിതടവുകളും ഗുസ്തിമുറകളും ആയുധാഭ്യാസവും പഠിച്ചത്. ഇക്കാലത്ത് കുതിര സവാരിയിലും പരിശീലനം നേടി. ഒന്നാംതരം കുതിരകളെ വാങ്ങിച്ച് പരിപാലിച്ചിരുന്നു. താൻ മാത്രമല്ല, സന്തതസഹചാരികളായ ഏതാനും സമപ്രായക്കാരെ കൂടി തന്റെ ചെലവിൽ അടിതടവുകളും ആയുധാഭ്യാസമുറകളും കുതിരസവാരിയും പഠിപ്പിച്ചു. പാരമ്പര്യമായി ലഭിച്ച സ്വത്തും പ്രതാവും കൊണ്ട് ഒരു ഈഴവത്തമ്പുരാനായി ജീവിക്കാനല്ല, അദ്ദേഹം ആഗ്രഹിച്ചത്. സാമൂഹികമായ അസമത്വങ്ങൾ തച്ചുടയ്ക്കാൻ ആ സമ്പത്തും സ്വാധീനവും പ്രയോജനപ്പെടുത്തി. ഇരുപതാമത്തെ വയസ്സിലാണ് വിവാഹിതനായത്. പുതുപ്പള്ളിയിൽ വാരണപ്പള്ളിയിൽ എന്ന പ്രസിദ്ധ തറവാട്ടിലെ വെളുമ്പിയായിരുന്നു വധു. ഉപരിപഠനത്തിനെത്തിയ നാരായണ ഗുരു പില്ക്കാലത്ത് താമസിച്ചിരുന്നത്. ഇതേ തറവാട്ടിലാണ്. വേലായുധൻ വെളുമ്പി ദമ്പതികൾക്ക് ഏഴ് പുത്രന്മാർ പിറന്നു. സവർണ്ണരെയും മുസ്ലീങ്ങളെയും മറ്റുള്ളവർ അക്കാലത്ത് വിളിക്കുമ്പോൾ അവരുടെ പേരിനോടൊപ്പം ബഹുമാനസൂചകമായി 'കുഞ്ഞ്' എന്ന് ചേർത്ത് വിളിക്കുമായിരുന്നു. (ഉദാ:-അലിയാർകുഞ്ഞ് , രാമൻകുഞ്ഞ്) എന്നാൽ അവർണ്ണരെ അങ്ങനെ വിളിക്കാറില്ല. അവർണ സമുദായങ്ങളിലെ വൃദ്ധരെപ്പോലും സവർണ്ണകുട്ടികളും മുസ്ലീം കുട്ടികളുംവരെ പേരെടുത്താണ് വിളിച്ചിരുന്നത്. തന്റെ മക്കളെ സവർണ്ണരെക്കൊണ്ടും മുസ്ലീങ്ങളെക്കൊണ്ടും 'കുഞ്ഞെ'ന്ന് വിളിപ്പിക്കും, എന്ന ദൃഢനിശ്ചയത്തോടെയാണ് അവർക്ക് കുഞ്ഞയ്യൻ, കുഞ്ഞുപണിക്കർ, കുഞ്ഞൻ, വെളുത്തകുഞ്ഞ് എന്നിങ്ങനെ പേരിട്ടത്. ഒരു കാര്യത്തിലും ഈഴവർ മറ്റു സമുദായത്തിന്റെ താഴെയായിരിക്കാൻ അദ്ദേഹത്തിന്റെ അഭിമാനബോധം അനുവദിച്ചിരുന്നില്ല. പണിക്കരുടെ എല്ലാ പ്രവർത്തനങ്ങളുടെയും പിന്നിലുള്ള ചേതോവികാരം ഇതാണ്.

ഈഴവരുടെ ആദ്യത്തെ ശിവക്ഷേത്രം നിർമ്മിച്ചത ദ്ദേഹമാണ്. അക്കാലത്ത് ഉത്തമദേവന്മാരെ പ്രതിഷ്ഠിച്ചിട്ടുള്ള ക്ഷേത്രങ്ങൾ ഈഴവർക്കില്ലായിരുന്നു. ചാത്തൻ, ചാമുണ്ഡി, മാടൻ, പൂതത്താൻ, ചുടലമാടൻ തുടങ്ങിയ ദുർദേവതകളെ മാത്രമേ ഈഴവരാദി അവർണസമുദായക്കാർക്ക് ആരാധിക്കാൻ അനുവാദമുണ്ടായിരു

ന്നുള്ളു. ഈ ദുർമൂർത്തികൾക്ക് നിവേദിച്ചിരുന്നത് കള്ളും ചാരായവും കോഴിയുമാണ്. ഈഴവരും മനുഷ്യരല്ലേ? ഉത്തമദൈവങ്ങളെ ആരാധിക്കുന്നതിൽ എന്താണ് തെറ്റ്? അദ്ദേഹത്തിന്റെ ബുദ്ധി ഉണർന്നു പ്രവർത്തിച്ചു. സവർണ്ണ ക്ഷേത്രങ്ങളിൽ അവർണ്ണർക്ക് പ്രവേശനമുണ്ടായിരുന്നില്ലെന്ന് മാത്രമല്ല അവയുടെ അടുത്തുപോലും പോകാനുള്ള അനുവാദമുണ്ടായിരുന്നില്ല. ഇതിന് പരിഹാരമായി ഒരു ശിവക്ഷേത്രം നിർമ്മിക്കാൻ തീരുമാനിച്ചു. ഇതന്റെ മുന്നോടിയായി ഉത്തരകേരളത്തിലേക്കും കർണ്ണാടകയിലേക്കും തമിഴ്നാട്ടിലേക്കും യാത്ര ചെയ്ത് അവിടങ്ങളിലെ പ്രധാനക്ഷേത്രങ്ങൾ സന്ദർശിച്ച് ക്ഷേത്രനിർമ്മാണവും ആരാധനാസമ്പ്രദായങ്ങളും ഉത്സവാദിചടങ്ങുകളും കണ്ടും ചോദിച്ചും മനസ്സിലാക്കി. എല്ലാ കാര്യങ്ങളും ഗ്രഹിച്ച് മടങ്ങിയെത്തിയതിന് ശേഷമാണ് 1852ൽ സ്വദേശമായ മംഗലത്ത് ഇടയ്ക്കാട്ട് മനോഹരമായ ഒരു ശിവക്ഷേത്രം പണിയിച്ചത്. മാവേലിക്കര കണ്ടുയൂർ മഠത്തിൽ വിശ്വനാഥൻ ഗുരുക്കളാണ് ഇവിടെ പ്രതിഷ്ഠ നടത്തിയത്. മറ്റ് മഹാക്ഷേത്രങ്ങളിലെ എല്ലാ നടപടിക്രമങ്ങളും ഇവിടേയും നടപ്പാക്കി. ഈഴവരുടെ വകയായി സ്ഥാപിച്ച ആദ്യത്തെ ശിവക്ഷേത്രമാണിത്.

ശ്രീനാരായണ ഗുരു ഭൂജാതനാകുന്നതിന് മുമ്പാണ് ഈ ക്ഷേത്രപ്രതിഷ്ഠ നടന്നത്. ഈഴവനായ വേലായുധപ്പണിക്കർ ശിവക്ഷേത്രം സ്ഥാപിച്ച് ആരാധന നടത്തുന്നതിൽ സവർണരിലെ ജാതിക്കോമരങ്ങൾ അരിശം കൊണ്ടു. പക്ഷെ, പണിക്കരുടെ തണ്ടും കരുത്തും അവർക്കറിയാമായിരുന്നു. അതിനാൽ നേരിട്ടെതിർക്കാൻ പോയില്ല. എല്ലാ അമർഷവും കടിച്ചിറക്കി.

ഇതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് ഈഴവരുടെ വകയായി രണ്ടാമത്തെ ക്ഷേത്രം സ്ഥാപിച്ചത് ചേർത്തല തണ്ണീർമുക്കം ചെറുവാരണം കരയിലാണ്. ഈഴവർക്ക് ഉത്തമ ദേവന്മാരുടെ ക്ഷേത്രങ്ങൾ സ്ഥാപിക്കാനും ആരാധന നടത്തുവാനും അവകാശമില്ലെന്നും, അതിനാൽ ഈ ധിക്കാരനടപടി ഉടൻ തടയണമെന്നും കാണിച്ച് ചില സവർണ്ണ പ്രമാണിമാർ സർക്കാരിലേക്ക് പരാതി അയച്ചു. പരാതി ദിവാൻജി നേരിട്ടന്വേഷിച്ചു. ഈഴവർ ഇതിന് മുൻപും ശിവക്ഷേത്രം സ്ഥാപിച്ച് ആരാധന നടത്തുന്നുണ്ടെന്നുള്ളതിലേക്ക് വേലായുധപ്പണിക്കർ സ്ഥാപിച്ച ക്ഷേത്രമാണ് ചൂണ്ടി കാണിച്ചത്. ആ ശിവക്ഷേത്രം കഴിഞ്ഞ 30 വർഷമായി യാതൊരു ആക്ഷേപത്തിനും ഇട കൊടുക്കാതെ ഭംഗിയായി അവിടെ നടത്തിക്കൊണ്ടു വരുന്നുണ്ടെന്ന് മനസിലായപ്പോഴാണ് ഈ ക്ഷേത്രത്തിന്റെ നിർമ്മാണത്തിന് അനുമതി കൊടുത്തത്. അരുവിപ്പുറത്തെ ശിവക്ഷേത്രമാണ് മൂന്നാമത്തേത്.

## കഥകളിയോഗം

അന്നത്തെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലെ ഉത്സവകാലങ്ങളിൽ കഥകളി നടത്താറുണ്ട്. കഥകളി സവർണ്ണരുടെ കുത്തകയായിരുന്നു. ആട്ടം പഠിച്ചിട്ടുള്ള ഈഴവരാരും അന്ന് ഉണ്ടായിരുന്നില്ല. ഇതിനൊരു മാറ്റം വരുത്താൻ പണിക്കർ ആഗ്രഹിച്ചു. താൻ സ്ഥാപിച്ച ക്ഷേത്രത്തിലെ എല്ലാം ഉത്സവക്കാലത്തും കഥകളിയോഗം വേണമെന്നും തീരുമാനിച്ചു. തീരുമാനം ഉടനെ നടപ്പിലാക്കുകയും ചെയ്തു. പ്രശസ്തരായ കഥകളി ആശാൻമാരെ ക്ഷണിച്ചുവരുത്തി. ഈഴവയുവാക്കളെ എല്ലാ വേഷങ്ങളും ആടാൻ പഠിപ്പിച്ചു. പണിക്കരും ആട്ടം പഠിച്ചു. ഇവിടെയും എതിർപ്പ് തലപൊക്കി. ചുട്ടികുത്തി കിരീടം വെച്ച് ദേവൻമാരുടെയും രാജാക്കൻമാരുടെയും വേഷം കെട്ടി ആടാൻ ഈഴവർക്ക് അവകാശമില്ലെന്ന് ചിലർ പിറുപിറുത്തു. എന്നാൽ എതിർപ്പുമായി രംഗത്ത് വരാൻ ആരും ധൈര്യപ്പെട്ടില്ല. മംഗലം ശിവക്ഷേത്രനടയിൽ അരങ്ങേറ്റം നടത്തി. ഈ കഥകളി ട്രൂപ്പ് തിരുവിതാംകൂറിലെ വിവിധ സ്ഥലങ്ങളിൽ കളിക്കുകയുണ്ടായി. പല സ്ഥലങ്ങളിലും ചട്ടമ്പിമാരെ വിട്ട് കളിമുടക്കാൻ ശ്രമം നടത്തി. പണിക്കരും സുഹൃത്തുക്കളും അവരെയെല്ലാം അടിച്ചിരുത്തി. ഓരോ സ്ഥലത്തും കളി നടക്കുമ്പോൾ പണിക്കരും പടയും കുതിരപ്പുറത്ത് അവിടെ എത്തുമായിരുന്നു. കുളമ്പടി ശബ്ദം കേൾക്കുന്ന മാത്രയിൽ എത്ര വലിയ ചട്ടമ്പിയായാലും മാളത്തിൽ പോയി ഒളിക്കുമായിരുന്നു.

## മേൽമുണ്ട് സമരം

ഈഴവരാദി പിന്നോക്ക സമുദായക്കാർക്ക് മാറ് മറയ്ക്കാൻ മേൽമുണ്ട് ധരിക്കുന്നതിന് അധികാര മുണ്ടായിരുന്നില്ല. മുലക്കരം, തലക്കരം, ഏണിക്കരം, കത്തിക്കരം, വലക്കരം, വണ്ടിക്കരം തുടങ്ങി അവർണ്ണ രുടെ ശരീരഭാഗങ്ങളിന്മേലും തൊഴിൽ ഉപകരണങ്ങളി ലുമെല്ലാം കരം ചുമത്തിയിരുന്ന കാലമായിരുന്നു അത്. ഈഴവ സ്ത്രീകൾ കൊടുക്കേണ്ടിയിരുന്ന കരങ്ങളാണ് മുലക്കരവും തലക്കരവും. കരം പിരിക്കുന്ന ഉദ്യോഗ സ്ഥരുടെ ശല്യം സഹിക്കവയ്യാതെ ചേർത്തലയിലെ ഒരു ധീരവനിത അവരുടെ മുല രണ്ടും ഛേദിച്ച് ഉദ്യേഗ സ്ഥരുടെ മുമ്പിൽ വച്ചിട്ട് ചോദിച്ചുവത്രെ, 'ഇനിയെങ്കി ലും എന്നെ കരത്തിൽനിന്ന് ഒഴിവാക്കികൂടെ'യെന്ന്.

മാറ് മറയ്ക്കാതിരിക്കുകയെന്നത് ജാതി ഹിന്ദുക്കൾ അവർണരിൽ അടിച്ചേൽപ്പിച്ച പ്രാകൃതമായ ആചാര മാണ്. മാറ് മറയ്ക്കുക എന്നത് സംസ്കാരത്തിന്റെ ലക്ഷണമാണെന്ന് പണിക്കർ മനസിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ സ്വസമുദായത്തോട് ആഹ്വാനം ചെയ്യുകയും ചെയ്തു.

ഒരു ഈഴവയുവതി നാണം മറയ്ക്കാൻ മാറിൽ ഒരു തുണ്ട് തുണിയിട്ട് കായംകുളം കമ്പോളത്തിൽ ചെന്നത് ജാതിക്കോമരങ്ങൾക്കും അവരുടെ പാർശ്വവർത്തിക ളായ ചില മുസ്ലിങ്ങൾക്കും സഹിച്ചില്ല. അവർ അവളുടെ അടുത്ത് പാഞ്ഞെത്തി. മാറിൽ കിടന്നിരുന്ന തുണി വലിച്ചുകീറി. അത് മാത്രമല്ല, മാറിൽ വെള്ള യ്ക്കമൂട് പിടിപ്പിച്ച് അപമാനിച്ചുവിട്ടു. ഈ വാർത്ത ചൂടോടെ തന്നെ പണിക്കരുടെ ചെവിയിലെത്തി. ഒട്ടും താമിസിച്ചില്ല പണിക്കരും പടയും കമ്പോളത്തിൽ പാഞ്ഞെത്തി. അതോടൊപ്പം കിട്ടാവുന്നേടത്തോളം മേൽമുണ്ട് ശേഖരിച്ച് അവിടെ എത്തിക്കാനും ഏർപ്പാട് ചെയ്തു. ഈ അനീതി പ്രവർത്തിച്ചവരേയും അതിന് കൂട്ട് നിന്നവരെയും തെരഞ്ഞ് പിടിച്ച് ക്രൂരമായി മർദ്ദിച്ചു. അത് മാത്രമല്ല, അന്ന് കമ്പോളത്തിലെത്തി മാറ് മറയ്ക്കാനുള്ള മേൽമുണ്ടുകൾ സൗജന്യമയി നൽകി. അവിടെ വെച്ചുതന്നെ അവരെക്കൊണ്ട് അവ ധരിപ്പിച്ചു. ഇനിമേലിൽ ഏത്താപ്പിടാതെ(മാറ് മറയ്ക്കാതെ) പുറത്തിറങ്ങരുതെന്ന് കൽപ്പിച്ചു. ഈ തല്ലിനിരത്തിലിന് ശേഷം ആ പ്രദേശങ്ങളിൽ എവിടെയും ഈഴവ സ്ത്രീകൾക്ക് മാറ് മറച്ച് സഞ്ചരിക്കാമെന്നായി.

## അച്ചിപ്പുടവസമരം

അച്ചിപ്പുടവ എന്ന പേരിൽ തിരുവിതാംകൂറിൽ അറിയപ്പെട്ടിരുന്ന ഏറ്റവും നല്ല മുണ്ടുകൾ നെയ്തിരുന്നത് ഈഴവസ്ത്രീകളാണ്. എന്നാൽ അവർ നെയ്യുന്ന ഈ വസ്ത്രങ്ങൾ ഉടുക്കാൻ അവർക്ക് അനുവാദമില്ലായിരുന്നു. ഈഴവവരാദി പിന്നോക്ക വർഗ്ഗക്കാരെ, സ്ത്രീപുരുഷഭേദമെന്യേ മുട്ടിന് താഴെ മുണ്ടുടുക്കാൻ അനുവദിച്ചിരുന്നില്ല. ആരെങ്കിലും ഈ ആചാരം തെറ്റിച്ചാൽ മേൽജാതിക്കാരിൽനിന്ന് കടുത്ത മർദ്ദനമേൽക്കേണ്ടിവരും. ഈ ആചാരം അരക്കിട്ടു റപ്പിക്കാനായി സവർണർക്ക് ഒരു സർക്കാർ ഉത്തരവ് ചൂണ്ടിക്കാണിക്കാനുണ്ടായിരുന്നു. മേൽമുണ്ട് ധരിക്കുന്നത് സംബന്ധിച്ച് കൊല്ലവർഷം 1034-ാം മാണ്ടിലെ കുപ്രസിദ്ധമായ വിളംബരത്തിലെ ഒരു വാചകം ഇപ്രകാരമാണ്: "ഉയർന്ന ജാതിക്കാരുടെ വസ്ത്രധാരണരീതിയെ ആക്ഷേപകരമാംവണ്ണം താഴ്ന്ന ജാതിക്കാർ അനുകരിക്കരുത്." ഇതാണ് സവർണ്ണർ തങ്ങളുടെ തുരുപ്പ് ചീട്ടായി ഉയർത്തിപ്പിടിച്ചിരുന്നത്. സമ്പന്ന ഈഴവ കുടുംബ ത്തിലെ ഒരു യുവതി അച്ചിപ്പുടവ നീട്ടിയുടുത്ത് കായംകുളത്തിന് വടക്കുഭാഗത്തുള്ള പന്നിയൂർ ദേശത്ത് വയൽ വരമ്പിലൂടെ യാത്രചെയ്തത് ചില സവർണർക്ക് രസിച്ചില്ല. പരിസര ബോധം മറന്ന് അവർ അവളുടെ മുണ്ടു വലിച്ചുകീറി ചേറിൽ പുഴ്ത്തി. അച്ചിപ്പുടവയുടുത്തതിന്റെ പേരിൽ ഈ യുവതിയെ അപമാനിച്ച വാർത്ത പണിക്കരുടെ ചെവിയിലെത്തി. പതിവുപോലെ പണിക്കർ കൂട്ടാളികളുമായെത്തി. ഒരു സംഹാരതാണ്ഡവം തന്നെ നടന്നു. ഇതുകൊണ്ട് പന്നിയൂർ പ്രദേശത്തെ പ്രശ്നത്തിന് പരിഹാര മായെങ്കിലും മറ്റ് സ്ഥലങ്ങളിൽ പന്നിയൂർ ആവർത്തി ക്കാൻ ഇടയുണ്ടെന്ന് പണിക്കർ മനസ്സിലാക്കി. സവർണ്ണർ മുൻ സൂചിപ്പിച്ച വിളംബരം പൊക്കിപ്പിടിക്കാതിരിക്കാൻ പണിക്കരും സഹപ്രവർ ത്തകരും ഒരു പോംവഴി കണ്ടെത്തി. അതൊരു പുതിയ സമരമാർഗ്ഗമായിരുന്നു; നിസ്സഹകരണ സമരം

അക്കാലത്ത് സവർണർ കൃഷിഭൂമിയിൽ ജോലി ഒന്നും ചെയ്തിരുന്നില്ല. എല്ലാ ജോലികളും ഈഴവരും മറ്റ് പിന്നോക്ക ജാതിക്കാരുമാണ് ചെയ്തിരുന്നത്. കാർത്തികപ്പള്ളി താലൂക്കിൽ സവർണർക്കുവേണ്ടി ഇത്തരം ജോലികൾ ഒരൊറ്റ പിന്നോക്ക വർഗ്ഗക്കാരനും ചെയ്തുപോകരുതെന്ന് പണിക്കർ ഉത്തരവിട്ടു. പണിക്കരെ അറിയുന്നവരാരും അത് ലംഘിക്കുവാൻ ധൈര്യപ്പെട്ടില്ല. അവിടെ ഉള്ളവരെല്ലാം പണിക്ക് ഇറങ്ങിയില്ലെന്ന് മാത്രമല്ല, പുറത്തുനിന്ന് വന്നവരെ പണിചെയ്യാൻ അനുവദിച്ചിരുന്നുമില്ല. ഈ മിന്നൽ പണിമുടക്കുമൂലം സവർണരുടെ വരുമാനമാർഗ്ഗമെല്ലാം അടഞ്ഞു. പണിമുടക്കുന്ന പാവങ്ങൾക്കെല്ലാം അരിയും മറ്റ് സാധനങ്ങളും പണിക്കരുടെ ആൾക്കാർ എത്തിച്ച് കൊണ്ടിരുന്നു. പണിക്കരോട് എതിരിടുന്നത് കടുത്ത പ്രയാസങ്ങൾക്ക് ഇടവരുത്തുമെന്ന് മനസ്സിലായപ്പോൾ സന്ധി സംഭാഷണങ്ങൾനടന്നു. പരസ്യമായി ക്ഷമാപണം നടത്തിയതിന് ശേഷമാണ് ഈ നിസ്സഹരണ സമരം പിൻവലിച്ചത്. കേരളത്തിലെ ആദ്യത്തെ നിസ്സഹരണ സമരം ഇതാകാം.

## ഒരു കിഴി നിറയെ മൂക്കുത്തി

ഓരോ സമുദാക്കാർക്കും അണിയാവുന്ന ആഭരണങ്ങൾക്ക് ചില ചിട്ടകളുണ്ടായിരുന്നു. ഓരോത്തരും അണിയുന്ന ആഭരണങ്ങൾ കണ്ടാൽ മതി അവരുടെ ജാതി തിരിച്ചറിയാൻ. മൂക്കു കുത്തി ആഭരണമിടാൻ ഈഴവ സ്ത്രീകളെ അനുവദിച്ചിരുന്നില്ല. അത് സവർണ്ണ കൊച്ചമ്മാരുടെ അവകാശമാണ്. പന്തളത്ത് ഒരു ഈഴവയുവതി ഈ നാട്ട് നടപ്പ് ലംഘിച്ച് സ്വർണ്ണ മൂക്കുത്തി ധരിച്ച് പൊതുനിരപ്പിലൂടെ നടന്നുപോയി. ഒരു ഈഴവയുവതി മൂക്കുത്തി ധരിച്ച് പൊതുനിരപ്പിലൂടെ നടന്നുപോകുന്നത് കണ്ടപ്പോൾ ചില സവർണ്ണകോമരങ്ങളുടെ രക്തം തിളച്ചു. ഈ ആചാരലംഘനം ഒരു സാഹസത്തിന് പ്രേരിപ്പിച്ചു. മൂക്കുത്തി ഊരാൻ ആക്രോശിച്ചു. അഭിമാനിയായ യുവതി അനുസരിച്ചില്ല. ഒട്ടും താമസിച്ചില്ല, അവർ ഓടിചെന്ന് ആ മൂക്കുത്തി മാംസത്തോടുകൂടി വലിച്ചെടുത്ത് ചവിട്ടിയരച്ചു. രക്തം ധാരധാരയായി ഒഴുകി. അവിടെയൊരു രക്തപ്പുഴ ഒഴുകുന്നതിന്റെ മുന്നോടി ആയിരുന്നു അത്. ഇതിന് പണിക്കരും സംഘവും എത്തിയത് ഒരു കിഴി നിറയെ മൂക്കുത്തിയുമായിട്ടാണ്. മൂക്കൂത്തി വലിച്ചെടുക്കാൻ ഉയർത്തിയ കൈകളൊന്നും പിന്നീട് ചലിച്ചില്ല. എല്ലാം നിശ്ചലമായി. അതിന്ശേഷം ആ ഭാഗത്തുള്ള മുഴുവൻ ഈഴവസ്ത്രീകളെയും ഒരു സ്ഥലത്ത് വിളിച്ചുവരുത്തി മൂക്ക് കുത്തി മൂക്കുത്തി ഇടുവിച്ചു. പണിക്കർ ഇടുവിപ്പിച്ച മൂക്കുത്തി ഊരിക്കാനോ ഇഷ്ടമുള്ള ആഭരണങ്ങൾ ഇടുന്നത് വിലക്കാനോ ആർക്കും ധൈര്യമില്ലായിരുന്നു. സ്ത്രീകളുടെ ആചാരങ്ങളിൽ മാത്രമല്ല പുരുഷൻമാരുടെ ആചാരങ്ങളിലും ചില മാറ്റങ്ങൾ വരുത്തി. ഇടത് വശത്ത് ചായിച്ച് മുടി കെട്ടുവാൻ സവർണർക്കെ അവകാശമുണ്ടായിരുന്നുള്ളൂ. ആ ആചാരം പണിക്കർ തിരുത്തി. അദ്ദേഹം സ്വയം അപ്രകാരം ചെയ്യുകയും സ്വസമുദായംഗങ്ങളെകൊണ്ട് അപ്രകാരംം പ്രവർത്തിപ്പിക്കുകയും ചെയ്തു.

## കറവപ്പശുകൾക്ക് അവകാശി പാപ്പുമേനോനോ?

ചങ്ങനാശ്ശേരി താലൂക്കിലെ മാമ്പഴക്കരയിൽ പാപ്പുമേനോൻ എന്നൊരു മാടമ്പിയുണ്ടായിരുന്നു. കൊല്ലിനും കൊലയ്ക്കും അധികാരമുണ്ടെന്ന് അഹങ്കരിച്ചിരുന്ന അയാൾ വിക്രയങ്ങളെല്ലാം കാണിച്ചിരുന്നിത് പാവങ്ങളായ അവർണരുടെ അടുക്കലാണ്. ഏതെങ്കിലും ഈഴവ ഗൃഹങ്ങളിൽ പശു പെറ്റിട്ടുണ്ടെന്ന് അറിഞ്ഞാൻ ഉടനെ കിങ്കരൻമാരെ അയയ്ക്കും. ആ പശുവിനെയും കുട്ടിയെയും മേനോന്റെ തൊഴുത്തിൽ കെട്ടുവാനുള്ള ആജ്ഞയുമായാണ് കിങ്കരന്മാർ എത്തുന്നത്. ആജ്ഞ ലംഘിച്ചാലത്തെ ശിക്ഷകൾ ഭയന്ന് എല്ലാവരും അത് അനുസരിച്ച്പോന്നു. കറവ വറ്റാറാകുമ്പോഴെ പിന്നീട് ആ പശുവിനെ തിരിച്ചുകിട്ടുകയുള്ളൂ. പാപ്പുമേനോന്റെ ഈ ധിക്കാരങ്ങളെക്കുറിച്ച് അറിയാൻ ഇടയായ പണിക്കർ ഇതിനൊരു അറുതി വരുത്തി. സ്വസമുദായംഗങ്ങളെ രക്ഷിക്കാൻ തീരുമാനിച്ചു. മേനോനെ കാണാനായി മാമ്പഴക്കരയിലെത്തി. അദ്ദേഹത്തിന്റെ വീട്ടുകടവിൽ ബോട്ട് അടുപ്പിച്ചു. ആരാണെന്ന് അന്വേഷിക്കാൻ എത്തിയ കാര്യസ്ഥനോട്, ഇവിടെ 'പാപ്പുമേനോനുണ്ടോ'യെന്ന് ഉറച്ച ശബ്ദത്തിൽ വിളിച്ചുചോദിച്ചു. അയാൾ അന്തം വിട്ടു. മേനോനെ പേരെടുത്തു

വിളിക്കാൻ ആരും ഇതുവരെ ധൈര്യപ്പെട്ടിട്ടില്ല. അതും ഇത്രയും ഉറച്ച ശബ്ദത്തിൽ. അയാളുടെ അമ്പരപ്പ് തീരും മുൻപ് വീണ്ടും വന്നു ഉത്തരവ്. ആറാട്ടുപുഴ വേലായുധപ്പണിക്കർ വന്നിട്ടുണ്ടെന്ന് അറിയിയ്ക്കൂ. ആ ശരീരവടിവും മുഖതേജസ്സും എന്തിനും തയ്യാറാണെന്ന നിൽപ്പും കണ്ട് ഒന്നും മിണ്ടാതെ അയാൾ പിൻവാങ്ങി. പണിക്കരുടെ ഓർക്കാപ്പുറത്തുള്ള ഈ വരവ് പന്തിയല്ലെന്ന് മനസ്സിലാക്കിയ മേനോൻ ഉടനെ കടവിലെത്തി പണിക്കരേയും പരിവാരങ്ങളെയും ആദരപൂർവ്വം സ്വീകരിച്ച് വീട്ടിലേക്ക് ആനയിച്ചു. സൽക്കാരങ്ങൾ കഴിഞ്ഞ് ഇറങ്ങുന്ന അവസരത്തിൽ പണിക്കർ ഒരു ചോദ്യം ചോദിച്ചു. പാവപ്പെട്ടവരുടെ കറവപ്പശുക്കളെ വരുത്തുന്ന നടപടി ഇനിയും വേണോ? അതിന്ശേഷം ആ നടപടി എന്നന്നേക്കുമായി അവസാനിച്ചു.

## സഞ്ചാര സ്വാതന്ത്ര്യം

അവർണ്ണർക്ക് അന്ന് സഞ്ചാര സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. പൊതുനിരത്തുകളിൽ മാത്രമല്ല, വയൽവരമ്പിലൂടെ പോലും സ്വതന്ത്രമായി സഞ്ചരിക്കാൻ കഴിഞ്ഞിരുന്നില്ല. സവർണ്ണരുടെ 'ഹോയ്' വിളികൾ കേട്ടാൽ തീണ്ടപ്പാടകലെ ഓടി മറഞ്ഞ് സവർണ്ണർ കടന്നുപോകുന്നത് വരെ കുനിഞ്ഞ് ഓച്ചാനിച്ച് നിൽക്കണം. ഓരോ ജാതിക്കാർക്കും അയിത്തമാകാതെ മാറി നിൽക്കേണ്ട ദൂരം നിർണ്ണിയിച്ചിട്ടുണ്ട്. അതിൽവിട്ട് അടുത്ത് വന്നാൽ അവരെ കൊന്നാൽപോലും ആരും ചോദിക്കില്ല. ഇതായിരുന്നു അന്നത്തെ നില. ഇതിനൊരു അറുതിവരുത്താൻ പണിക്കർ ദൃഢവ്രതമെടുത്തു. ഒരിക്കൽ പണിക്കർ സഹപ്രവർത്തകരുമൊത്ത് യാത്രചെയ്യുന്ന അവസരത്തിൽ 'ഹോയ്' വിളിക്കേട്ടു. പണിക്കർ തന്റെ കൂട്ടുകാരോടും 'ഹോയ്' വിളിക്കാൻ പറഞ്ഞു. അവർ കൂടുതൽ ഉച്ചത്തിൽ വിളിച്ചു. മറുഭാഗത്ത് ഇടപ്പള്ളിരാജാവിന്റെ മകൻ രാമൻ മേനോനും പരിവാരങ്ങളുമായിരുന്നു. ആരായാലും പണിക്കർക്ക് പ്രശ്നമല്ല. രാമൻമേനോൻ നല്ല കായികാഭ്യാസി കൂടിയായിരുന്നു. വഴി മാറാത്ത ധിക്കാരി ആരാണെന്ന് മേനോൻ അന്വേഷിച്ചു. അത് ആറാട്ടുപുഴ വേലായുധപ്പണിക്കരും സംഘവുമാണെന്ന് വാല്യക്കാർ അറിയിച്ചു. "ആ ധിക്കാരിയുടെ കാലുകൾ തല്ലിയൊടിക്കൂ" മേനോൻ ആക്രോശിച്ചു. മുന്നോട്ടു വന്നവരെയെല്ലാം പണക്കരുടെ കൂട്ടാളികൾ കൈകാര്യം ചെയ്തു. ഈ കൊട്ടികൾക്ക് ഇത്രയും ധിക്കാരമോ? മേനോൻ തന്നെ മുന്നോട്ടുവന്നു. പണിക്കർ പറഞ്ഞു ഇയാളെ ഞാൻ നേരിട്ടുകൊള്ളാം. മേനോൻ പഠിച്ച അടവുകളൊന്നും പണിക്കരുടെ മെയ്കരുത്തിനു മുന്നിൽ ചെലവായില്ല. മേനോന്റെയും ശിങ്കിടികളുടെയും കയ്യും കാലും തല്ലിയൊടിച്ച് തോട്ടിലെറിഞ്ഞ് ഒന്നും സംഭവിയ്ക്കാത്ത മട്ടിൽ പണിക്കരും സംഘവും മുന്നോട്ടുപോയി. ഇത് പ്രമാദമായ കേസ്സിന് ഇടയായെങ്കിലും ആ പ്രദേശത്ത് അവർണ്ണർക്ക് സഞ്ചാര സ്വാതന്ത്യം കൈവന്നു. പിന്നീട് അവിടെ ഹോയ്.. ഹോയ് വിളികൾ മുഴങ്ങിയിട്ടില്ല.

## പണിക്കർക്ക് വീരശൃംഖല

അസമത്വങ്ങൾക്കും അനീതികൾക്കും പഴകിദ്രവിച്ച മാമൂലുകൾക്കും എതിരെ സന്ധിയില്ലാത്ത സമരം ചെയ്ത് വിജയിച്ച ആ കരങ്ങളിൽ തിരുവിതാംകൂർ മഹാരാജാവിന് ഒരിക്കൽ വീരശൃംഖല അണിയിക്കേണ്ടി വന്നു. ആ സംഭവം ഇങ്ങനെയാണ്.

തന്ത്രപ്രമുഖനായിരുന്ന തരണനെല്ലൂർ നമ്പൂതിരി മുറജപത്തിന്റെ മുന്നോടിയായി പത്മനാഭപുരം ക്ഷേത്രത്തിലേയ്ക്ക് കൊണ്ടുപോവുകയായിരുന്ന സാളഗ്രാമം കായംകുളം കായലിൽവെച്ച് ചില അക്രമികൾ തട്ടിയെടുത്തു. ഈ വിവരമറിഞ്ഞ മഹാരാജവ് ഉടനടി സാളഗ്രാമം വീണ്ടെടുക്കാനും ആക്രമികളെ പിടിച്ച് ഹാജരാക്കാനും ഉത്തരവിട്ടു. ഉദ്യോഗസ്ഥർ കിണഞ്ഞ് ശ്രമിച്ചിട്ടും സാളഗ്രാമം വീണ്ടെടുക്കാനോ അക്രമികളെ അറസ്റ്റ് ചെയ്യാനോ കഴിഞ്ഞില്ല.

പരിപാവനമായ സാളഗ്രാമം വീണ്ടെടുക്കാൻ കഴിയാത്തത് മഹാരാജാവിന് കടുത്ത മനോവേദനയക്ക് ഇടയാക്കി. ഇനിയെന്ത് എന്നായി ചിന്ത. ആറാട്ടുപുഴ വേലായുധപ്പണിക്കർ വിചാരിച്ചാൽ അക്രമികളെ കീഴടക്കാനും സാളഗ്രാമം വീണ്ടെടുക്കാനും കഴിയുമെന്ന് കൊട്ടാരസേവകർ തിരുമനസ്സിനെ ഉണർത്തിച്ചു. ആ നിലയ്ക്കും ശ്രമിച്ചു. നോക്കാമെന്നായി മഹാരാജാവ്. പണിക്കരെ വിളിച്ചു വരുത്തി ദൗത്യം ഏല്പിച്ചു. പണി

ക്കർ സസന്തോഷം അത് ഏറ്റെടുക്കുകയും ചെയ്തു. പണിക്കർ ഒരു തീയതി പറഞ്ഞു. ആ തീയതിക്കുള്ളിൽ സാളഗ്രാമവും അക്രമികളെയും രാജസന്നിധിയിലെത്തിക്കുമെന്ന് ഉറപ്പു കൊടുത്തു. പറഞ്ഞ തീയതി വരെ കാത്തുനിൽക്കേണ്ടിവന്നില്ല. അക്രമികളെ പിടിച്ചുകെട്ടി സാളഗ്രാമവുമായി മഹാരാജാവിന്റെ സന്നിധിയിലെത്തി. മഹാരാജാവിന് എത്രമാത്രം സന്തോഷമായെന്ന് പറഞ്ഞ് അറിയിക്കാൻ പ്രയാസം. തന്നെ വലിയൊരു അപമാനത്തിൽ നിന്ന് രക്ഷിച്ച പണിക്കരെ മഹാരാജാവ് ഇരുകൈകളിലും വീരശൃംഖല അണിയിച്ച് ബഹുമാനിച്ചു.

## പ്രശസ്തിയോടൊപ്പം എതിർപ്പും

പണിക്കരുടെ പ്രശസ്തി വർദ്ധിക്കുന്നതോടൊപ്പം എതിർപ്പും വർദ്ധിച്ചുവന്നു. നേരിട്ട് എതിർക്കാൻ കഴിയാതെ വീർപ്പുമുട്ടി കഴിഞ്ഞിരുന്ന ജാതിപ്പിശാചുക്കളും മുസ്ലീം ചട്ടമ്പികളുമാണ് അവർക്ക് ചൂട്ടുപിടിച്ചിരുന്നത്. പ്രതികാരദാഹം തീർക്കാൻ കാത്ത് കഴിയുകയായിരുന്നു അവർ.

ഒരു കേസിന്റെ ആവശ്യത്തിനായി തണ്ടുവെച്ച ബോട്ടിൽ കൊല്ലത്തേക്ക് പോകുകയായിരുന്ന പണിക്കരും കൂട്ടുകാരും കായകുളം കായലിലെത്തി. സമയം അർദ്ധരാത്രി. എല്ലാവരും നല്ല ഉറക്കത്തിലായി തണ്ടുവലിക്കാർ മാത്രം തങ്ങളുടെ പ്രവർത്തി തുടർന്നുകൊണ്ടിരുന്നു. ഒരു കേവുവള്ളത്തിൽ വന്ന ചിലർ, പണിക്കരെ കണ്ട് അടിയന്തിരമായി ചില കാര്യങ്ങൾ അറിയിക്കാൻ ഉണ്ടെന്നും ബോട്ട് നിർത്തണമെന്നും തണ്ടുവലിക്കാരോട് പറഞ്ഞു, അവരെ വിശ്വസിച്ച് ബോട്ട് നിർത്തി. ഏതാനും പേർ ബോട്ടിൽ കയറി. അതിലൊരുവൻ ശബ്ദം ഉണ്ടാക്കാതെ പണിക്കർ ശയിക്കുന്ന സ്ഥലത്തെക്ക് പോയി ആ തോജോരൂപം കണ്ടപ്പോൾ അല്പ നേരം ശങ്കിച്ചു നിന്നു, ഏറെനേരം നോക്കിനിന്നാൽ തന്റെ കൃത്യ നിർവ്വഹണത്തിൽ നിന്നും പിൻമാറേണ്ടിവരുമെന്നു അയാൾ ഭയന്നു. അയാളിലെ ക്രൂരമൃഗം സടകുടഞ്ഞെഴുന്നേറ്റു. ഒളിപ്പിച്ചുവച്ചിരുന്ന കഠാരി ആ ഉറങ്ങുന്ന സിംഹത്തിന്റെ വിശാലമായ മാറിൽ കുത്തിയിറക്കി. മറ്റുള്ളവർ ഉണരുമ്പോഴെക്കും കൊലയാളികൾ വള്ളത്തിൽ കയറി രക്ഷപ്പെട്ടു. ഏതാനും നാൾ മുൻപ് മാത്രം ഇസ്ലാംമതം സ്വീകരിച്ച 'തൊപ്പിയിട്ട കിട്ട' നായിരുന്നു ആ കുലദ്രോഹി. 1049 ധനുമാസം 24-ാം തീയതി (1874) അർദ്ധരാത്രി തന്റെ 49-ാംമത്തെ വയസ്സിൽ അവർണ സമുദായങ്ങളെയെല്ലാം ദുഃഖക്കടലിലാഴ്ത്തി ആ പുരുഷകേസരി അന്ത്യശ്വാസം വലിച്ചു. അനീതികൾക്കും അസമത്വങ്ങൾക്കും എതിരെയും മനുഷ്യാവകാശങ്ങൾക്കുവേണ്ടിയും കേരളത്തിൽ നടന്ന ആദ്യത്തെ വിപ്ലവ പ്രവർത്തനങ്ങളിൽ ചിലതാണ്. മുകളിൽ വിവരിച്ചത്. ഈ പ്രവർത്തനങ്ങൾ സംഘടിതമായിരുന്നില്ല. ചില പ്രദേശങ്ങളെ മാത്രം കേന്ദ്രീകരിച്ചതുമായിരുന്നു. എന്നിട്ടും അവയുടെ പ്രഭാവം പിൽക്കാലതലമുറയ്ക്ക് പ്രചോദനം നൽകി.

നാം ഇന്ന് അനുഭവിക്കുന്ന സാമൂഹികമായ സ്വാതന്ത്ര്യങ്ങൾ നേടിയെടുത്തതിന്റെ പിന്നിൽ സാഹസികവും ദുരിതപൂർണ്ണവുമായ എത്രയെത്ര സമരങ്ങളാണ് നടന്നിട്ടുള്ളതെന്നും അതിന് വേണ്ടി എത്രയെത്ര ജീവിതങ്ങളാണ് ബലിയർപ്പിച്ചിട്ടുള്ളതെന്നും ഇന്നത്തെ തലമുറ അറിയുന്നുണ്ടോ? ●



By Subitha Santosh
Std. VI
(Ulhasnagar Unit,
Balavedi)



# ചെമ്പഴന്തി മാഹാത്മ്യം

## ശ്രീനാരായണ ഗുരുദേവന്റെ ജന്മം കൊണ്ടനുഗ്രഹീതമായ ഈ പുണ്യ ക്ഷേത്രത്തിലേക്ക് സ്വാഗതം

ഡോ. എൻ. ഗോപാലകൃഷ്ണൻ

**ഓം ശ്രീനാരായണ പരമഗുരവേ നമഃ**

ആത്മീയതയും ഭൗതികതയും, പുരാതന നന്മകളും ആധുനീക നന്മകളും, ശാസ്ത്രവും ആത്മീയതയും, ഉയർന്നവനും, താഴ്ന്നവനും, പണ്ഡിതനും, പാമരനും, സർവരേയും സമന്വയിപ്പിച്ച് വാദിക്കാനും ജയിക്കാനും ശ്രമിക്കാതെ അറിയാനും അറിയിക്കാനും മാത്രമായി ജന്മമെടുത്ത അവതാരമായ ശ്രീനാരായണ ഗുരുദേവന്റെ ജന്മഗൃഹമായ ചെമ്പഴന്തിയിലെ വയൽവാരത്തിലേക്ക് സുസ്വാഗതം.

ശ്രീകൃഷ്ണസന്ദേശം: എപ്പോഴെല്ലാമാണോ ധർമ്മത്തിന് ഗ്ലാനി സംഭവിക്കുന്നത്, എപ്പോഴെല്ലാമാണോ അധർമ്മം വളരുന്നത്, അപ്പോഴെല്ലാം സാധുജന സംരംക്ഷണത്തിനും, ദുഷ്ടനിഗ്രഹത്തിനും, ധർമ്മത്തിന്റെ പുനഃസ്ഥാപനത്തിനും അതാതു കാലങ്ങളിൽ ഞാൻ സ്വയം അവതരിക്കുന്നു... ...നാരായണനായി,........ ഗുരുവായി....... മാർഗ്ഗ ദർശിയായി....ദേവനായി.....(ഭഗവദ്ഗീത)

ചെമ്പഴന്തിയിലെ ഈ പവിത്ര ഭൂമിയുടെ മഹത്വത്തിലൂടെ നമുക്ക് ഏതാനും നിമിഷം സഞ്ചരിക്കാം.

സംസ്കൃതത്തിലും, ആയുർവേദത്തിലും, ജ്യോതിഷത്തിലും അസാധാരണ പാണ്ഡിത്യമുണ്ടായിരുന്ന കൊച്ചുവിളയിൽ മാടൻ ആശാന്റെയും കുട്ടിയമ്മയുടെയും പുത്രനായി ശ്രീനാരായണൻ, ചെമ്പഴന്തി 'വയൽവാരം' പുണ്യഗൃഹത്തിൽ (1854) 1030 ചിങ്ങമാസത്തിലെ ചതയം നാളിൽ ഭൂജാതനായി.

സ്വഗൃഹത്തിലെ വരാന്തയിൽ, ദേശക്കാരുടെ സംശയങ്ങൾ തീർത്തുകൊടുക്കുകയും, പ്രശ്നങ്ങൾ പരിഹരിക്കുകയും, ഇതിഹാസ സന്ദേശങ്ങൾ പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്ന പിതാവിൽ നിന്നുതന്നെ വരദാനമായി പൈതൃക വിദ്യയുടെ ഭണ്ഡാരം ശ്രീനാരായണന് സ്വാഭാവികമായും ലഭിച്ചുകൊണ്ടേയിരുന്നു.

കുസൃതിയും, വികൃതിയും ഒത്തുചേർന്ന് അസാധാരണ ബുദ്ധിവൈഭവവും സമന്വയിച്ചു നാണു എന്നറിയപ്പെട്ടു തുടങ്ങിയ നാരായണൻ എല്ലാവിധത്തിലുമുള്ള ആചാര, വിചാര, വിശ്വാസ, സങ്കല്പങ്ങളിലും തന്റേതായ ഒരുമാർഗത്തിലൂടെ ചരിച്ചു.

പിന്നീടുള്ള ജീവചര്യകൾക്കെല്ലാം ഒരു ആമുഖം പോലെയായിരുന്നു ജന്മവേളയിൽപോലും കരയാതെ ജനിച്ചു വീണ ശ്രീനാരായണഗുരുദേവന്റെ ബാല്യകാലം.

ദേവനു സമർപ്പിക്കുന്നതിനു മുമ്പ് പഴങ്ങൾ സ്വയം ഭക്ഷിക്കുന്നതും, അയിത്തമുള്ളവരെ സ്പർശിച്ച് മറ്റെല്ലാവരേയും സ്പർശിക്കുന്നതും, ശ്രീകൃഷ്ണനെ പോലെ പശുക്കളെ മേയ്ക്കുന്നതും അസാധാരണ ലക്ഷ്യത്തോടെ മാവിൽ നിന്ന് മാങ്ങ എറിഞ്ഞു.

വീഴ്ത്തുന്നതുമെല്ലാം നാണുവിന്റെ ഈ ചെമ്പഴന്തി മണ്ണിലെ വിരുതുകളായിരുന്നു.

സന്യാസിമാരോട് അസാധാരണ ഭക്തിയും ആദരവും, ഓരോ അവസരത്തിലും ഉണ്ടായിരിക്കേണ്ടതായ വൈഭവ പൂർണമായ പെരുമാറ്റവും, പക്വതയും ശ്രീനാരായണനിലൂടെ ചെമ്പഴന്തിയിലെ വയൽ വാരം വീടിനെ ശ്രദ്ധേയമാക്കി.

അനിതരസാധാരണ ബുദ്ധിശാലിയായ ശ്രീനാരായണന് മലയാളവും, തമിഴും സംസ്കൃതവും തുല്യപ്രഭാവത്തോടെ നന്നേ ചെറുപ്പത്തിലെ ഹൃദിസ്ഥമാക്കുവാൻ സാധിച്ചു.

അനവധി തമിഴരുടെ സുഹൃദ് ബന്ധത്തിൽ തമിഴ് നല്ലവണ്ണം പഠിക്കുകയും, തമിഴിലെ പ്രശസ്ത ങ്ങളായ തൊൽക്കാപ്പിയം, മണിമേഖല, ചിലപ്പതികാരം, കുണ്ഡലകേശി തുടങ്ങിയ നൂറുകണക്കിന് ഗ്രന്ഥങ്ങൾ വായിച്ച് അഗാധപാണ്ഡിത്യം ചുരുങ്ങിയ കാലം കൊണ്ടുതന്നെ നേടുവാനും സാധിച്ചു.

സംസ്കൃതപണ്ഡിതരിൽ നിന്ന് അനേകം ശ്ലോകങ്ങളും മന്ത്രങ്ങളും സ്വായത്തമാക്കി. വിശ്രമവേളയിൽ ഇവയെല്ലാം ചെമ്പഴന്തിയിലെ മരത്തണലിരുന്നു ആവർത്തിച്ചുരുവിട്ടു.

വെറ്റില കൃഷിയും, കാളകളെപ്പൂട്ടിയുള്ള വയൽ ഉഴലും, പശുക്കളെ മേക്കലും, വർഷ ജലസംഭരണത്തിന് കുഴികളുണ്ടാക്കലുമെല്ലാം സ്വമനസ്സാലെ ചെയ്യുമ്പോഴെല്ലാം ശ്രീനാരയണന്റെ നാവിൻ തുമ്പത്ത് കളിയാടിയിരുന്നത് സംസ്കൃത ശ്ലോകങ്ങളാ യിരുന്നു.

ബാല്യത്തിൽ നിന്ന് കൗമാരത്തിലേക്ക് കടന്ന നാണുവിന് ഭക്തിയും, ധ്യാനവും ആരാധനാ മനോഭാവവും പ്രായത്തേക്കാൾ വേഗത്തിൽ വളരുന്നുണ്ടായിരുന്നു. ചില ദിവസങ്ങൾ, നാണുവിന് പൂർണമായും പ്രാർത്ഥനയും ധ്യാനവും മാത്രമായിരുന്നു.

അതിരാവിലെയുള്ള കുളി, ഭസ്മധാരണം, ക്ഷേത്രദർശനം, നാമമജപം ജീവിതചര്യമായി മാറാൻ തുടങ്ങിയതു മുതൽ നാണു, മറ്റുള്ളവർക്ക് നാണു ഭക്തനായി മാറുകയായിരുന്നു.

ഭൂതപ്രേതങ്ങൾ വിഹരിക്കുന്നു എന്ന് എല്ലാവരും വിശ്വസിച്ചിരുന്ന ചെമ്പഴന്തിയിലെ ദേവീക്ഷേത്രത്തിൽ 18 ദിവസം രാപ്പകൽ ഒറ്റയ്ക്ക് നാണു കഴിച്ചുകൂട്ടി ദേവീ ഉപാസന നടത്തി. വസൂരി പിടിപെട്ട വേളയിലായിരുന്നു ഈ ഉപാസന.

രോഗഗ്രസ്ഥനായിരുന്നവേളയിൽ (വസൂരി) നാണു, വേദാന്തപഠനം, മേൽപത്തൂരിന്റെ ഗ്രന്ഥപഠനം, ധ്യാനം, ദേവീ ആരാധന എന്നിവയിൽ മാത്രം മുഴുകിയിരുന്നു എന്നത് ദേശവാസികൾക്കത്ഭുതമായി. അവരെല്ലാം നാണുവിൽ അസാധാരണ ദൈവീകത്വം ദർശിക്കുവാൻ തുടങ്ങി.

ചെമ്പഴന്തിയിൽ ബാല്യവും, ബാല്യകാല വിദ്യാഭ്യാസവും, കഴിച്ചുകൂട്ടിയ നാണു ഭക്തൻ ഉപരിപഠനത്തിനായി കരുനാഗപ്പള്ളിയിലെ കുമ്മമ്പള്ളി രാമൻ പിള്ള ആശാന്റെ അടുക്കൽ പോകുകയും വാരണപ്പള്ളി തറവാട്ടിൽ താമസിച്ചുകൊണ്ടു പഠിക്കുകയും ചെയ്തു.

കുമ്മമ്പള്ളി രാമൻപിള്ള ആശാന്റെ ശിക്ഷണത്തിൽ അഗാധപാണ്ഡിത്യം നേടിയ നാണു, നാണുഭക്തനായും, വാരണപ്പള്ളിയിൽ നിന്നു സ്വഗൃഹത്തിലേക്ക് മടങ്ങുമ്പോൾ നാണുആശാനായും മാറിക്കഴിഞ്ഞിരുന്നു. (നാണു ആശാൻ)

ജനസേവനം, അധഃകൃതരുടെ സമുദ്ധാരണം, ദുരാചാരം/അന്ധവിശ്വാസ നിർമ്മാർജ്ജനം, ബുദ്ധിയും യുക്തിയും ശാസ്ത്രവുമുപയോഗിച്ചുള്ള ജീവിതവീക്ഷണ പ്രചരണം ബാല്യകാലംമുതൽ തന്നെ ഇവയെല്ലാം വ്രതമാക്കിക്കഴിഞ്ഞിരുന്നു നാണു ആശാൻ.

ഗൃഹസ്ഥാശ്രമത്തിൽ താൽപര്യമില്ലാതിരുന്നതിനാൽ സ്വയം പഠിച്ചതു പഠിപ്പിക്കുന്ന ഭാരതീയ ഗുരുധർമ്മത്തിലേക്ക് നാണുവാശാൻ നടന്നു നീങ്ങി. ഭഗവദ്ഗീതയും, നാമജപവും പഠിപ്പിക്കുന്നതോടൊപ്പം അനവധി കീർത്തനങ്ങൾ രചിക്കുകയും ചെയ്തു.

ആത്മാന്വേഷിയായി നടന്ന നാണു ആശാൻ ചട്ടമ്പി സ്വാമികളെ കണ്ടുമുട്ടുകയും അദ്ദേഹം നാണു ആശാനെ യോഗവിദ്യയ്ക്കായി തൈയ്ക്കാട് അയ്യാവ് എന്ന ഗുരുവിന്റെ അടുക്കൽ എത്തിയ്ക്കുകയും ചെയ്തു.

സംപൂജ്യനായ ശ്രീനാരായണൻ മരുത്വാമലയിലേക്ക് യാത്ര പുറപ്പെട്ടു. അവിടെ വർഷങ്ങളോളം തപസ്സിരുന്നു. പച്ചിലയും, നീരുറവയിലെ വെള്ളവും മാത്രമായിരുന്നു ഭക്ഷണം. അവിടെ വെച്ചാണ് ഈശ്വരസാക്ഷാത്ക്കാരം നേടിയത്.

തപസ്വിയായി, യോഗിയായി മരുത്വാനിൽ നിന്ന് ദേശാടനത്തിന്റെ പരിവ്രാജകപദവിയിലേക്ക് ചരിച്ചു. ലഭിച്ചത് ഭക്ഷിച്ചും, ഭിക്ഷാടനം ചെയ്തും, തുറന്ന സ്ഥലത്തുറങ്ങിയും, ദുഃഖവും വേദനയും, വെയിലും , മഴയും സഹിച്ചുമുള്ള പദയാത്ര ശ്രീശങ്കരനെപോലെ, ശ്രീനാരയണഗുരുവും ചെയ്തു. മരുത്വാമലയിൽ നിന്നു തിരിച്ച ഗുരു അരുവിപ്പുറം കൊടുതുക്കിമലയിൽ തപസ്സനുഷ്ഠിച്ചു.

1888ലെ ശിവരാത്രി നാളിൽ അരുവിപ്പുറത്ത് നെയ്യാറിൽ നിന്ന് സ്വയം മുങ്ങിയെടുത്ത ഒരു പാറക്കഷണം ശിവലിംഗമായി പ്രതിഷ്ഠാപീഠത്തിൽ മനമുരുകുന്ന പ്രാർത്ഥനയിലൂടെ അഷ്ടബന്ധങ്ങളില്ലാതെ പ്രതിഷ്ഠിച്ചു.

ജാതിഭേദം, മതദ്വേഷം എതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്. എന്ന മഹാമന്ത്രം അവിടെ എഴുതിവച്ചു.

മുക്കുവരുടെയും, രോഗികളുടെയും, കുടിലുകളിൽ വസിച്ച് അവർ നൽകിയത് ഭക്ഷിച്ചു, ജീവിതത്തിന്റെ അടിത്തട്ടിലെ വേദനിക്കുന്നവരുടെ കൂരമുതൽ അതിപ്രശസ്തരുടെ കൊട്ടാരം വരെ കാൽനടയായി നടന്നുചെന്ന് വസിച്ച് ജീവിതാനുഭവം സ്വായത്തമാക്കി, ഗുരുദേവൻ. അനവധി പണ്ഡിതരെയും, ഭക്തരെയും, ജാതി-മതത്തിന്നതീതമായി ശിഷ്യരാക്കി ഗുരുദേവൻ ദീക്ഷ കൊടുത്തു.

ശാസ്ത്രീയമായ ആത്മീയതകൊണ്ട് ദുരാചാരങ്ങളും അന്ധവിശ്വാസങ്ങളും, അനീതിയും, അന്യായവും ഹിംസയും, പ്രയോഗിക സന്ദേശങ്ങളിലൂടെ സമൂഹത്തിൽനിന്ന് തുടച്ചുനീക്കാൻ അനവരതം യത്നിച്ചു.

യാത്രാ മദ്ധ്യേ ശിവഗിരി ദർശിച്ച്, അതിലാകൃഷ്ടനായി സ്ഥാപിച്ച ചൈതന്യവത്തായ വിദ്യാദേവത ശാരദദേവിയുടെ പ്രതിഷ്ഠ 1912ൽ നടത്തി. അവിടെ നൂതനമായ ആരാധനക്രമം ഏർപ്പെടുത്തി. പണ്ഡതരെയും ശ്രേഷ്ഠരെയും സ്വീകരിച്ച്, അന്തർദേശീയ പഠനകേന്ദ്രം കൂടി സ്ഥാപിച്ചു, ഗുരുദേവൻ.

ക്ഷേത്രപ്രതിഷ്ഠകളിലൂടെ ഈശ്വരീയ ദ്വൈതഭാവത്തെ സാധാരണക്കാരിലെത്തിച്ച് പിന്നീട് യാതൊരു പ്രതിഷ്ഠകളുമില്ലാത്ത അദ്വൈതാശ്രമം ആലുവായിൽ സ്ഥാപിച്ചു. കൂടാതെ സമൂഹത്തിലർഹതപ്പെട്ടവരേയും ആ പന്ഥാവിലൂടെ നയിച്ചു.

പ്രതിഷേധിക്കാതെ വാശിയും പകയുമില്ലാതെ, വാദിക്കാനും വാദിച്ചു തോൽപ്പിക്കാനും ശ്രമിക്കാതെ, ക്ഷേത്രബിംബങ്ങൾ തകർക്കാതെ, ദുർദേവതാരാധന നീക്കി, അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും, ജ്ഞാനവിജ്ഞാന മാർഗ്ഗങ്ങളിലൂടെ, സമൂഹത്തിൽ നിന്നകറ്റി മനുഷ്യനിൽ നന്മയുണ്ടാക്കി, സമൂഹത്തിലും രാഷ്ട്രത്തിലും നന്മനിറയ്ക്കുവാൻ ശാന്തഗംഭീരമായി യത്നിച്ച്, വാക്കും, ചിന്തയും, പ്രവർത്തിയും സമന്വയിപ്പിച്ച്, ആരെയും ചവിട്ടി പുറത്താക്കാതെ ഏല്ലാവരെയും അകത്താക്കി, എല്ലാവരിലുമുള്ള നന്മകൾ, അതെവിടെ നിന്നായാലും സ്വീകരിക്കണമെന്നാഹ്വാനം ചെയ്ത്, മനുഷ്യൻ നന്നായാൽ സമൂഹം നന്നാകുമെന്നുറക്കെ പ്രഖ്യാപിച്ച്, ഭാരതീയ ചിന്താധാരകളിലുള്ള തിന്മകളകറ്റി. എല്ലാ അർത്ഥത്തിലുമുള്ള ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന് ജന്മം നൽകി, തുടർന്ന് സന്യാസിമാർ മാത്രമുള്ള ശ്രീനാരായണ ധർമ്മ സംഘത്തിന് ജന്മം നൽകി. സനാതന ധർമ്മത്തെ ശുദ്ധീകരിച്ച് ലോക സമക്ഷം സമർപ്പിച്ച ജഗദ്ഗുരുവായ ശ്രീനാരായണ ഗുരുദേവൻ 1928 സെപ്റ്റംബർ 20 ന് മഹാസമാധിയായി.

തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തിയിലെ ശ്രീനാരായണഗുരുദേവ ഗൃഹവും മണയ്ക്കൽ ക്ഷേത്രവും, ഗുരുദേവപാദങ്ങളുടെ സ്പർശനവും കൊണ്ട് പവിത്രമായ ഈ പുണ്യഭൂമി വിട്ടിറങ്ങുമ്പോൾ ഗുരുദേവന്റെ വാക്കുകളിലും, രചനകളിലും, കർമ്മങ്ങളിലും, വീക്ഷണങ്ങളിലും നിറഞ്ഞു നിൽക്കുന്ന സന്ദേശങ്ങൾ നമ്മുടെ ജീവിതം ധന്യമാക്കട്ടെ. ●

കവിത

# വിസ്മയകുമാരൻ

ഡോ. ഷൊണൂർ കാർത്തികേയൻ

തുഞ്ചന്റെ കിളിപ്പാട്ടിൻ
കിളിനാദങ്ങൾ കേട്ടും,
കുഞ്ചന്റെ തുള്ളൽപ്പാട്ടിൻ
കളിമുള്ളുകൾകൊണ്ടും,
അൻപനാമുണ്ണായിതൻ
മിനുക്കുവേഷംകണ്ടും,
തമ്പിയാമിരയ്മന്റെ
താരാട്ടിലുറങ്ങിയും,
''ഹന്ത!ഹന്ത!ക്കിന്ത
പ്പട്ടൊ'' ന്നു നേടാൻ രാജ-
മന്ദിരം തേടിക്കേറി
ശ്ലേകക്കാഴ്ചകൾ വെച്ചും,
കോലരാജാജ്ഞ കേട്ടു
ഗോകുല ബാലൻ തന്റെ
ലീലകളതിനാടൻ
ഗാഥയിൽ ഗാനം ചെയ്തും,
ദേവദാസിതന്നംഗ
സൗഭഗം നോക്കി, മാര-
ഭാവത്തിന്നടിപ്പെട്ടു
'പദ്യരത്ന'ങ്ങൾ തീർത്തും
സന്ദേശകാവ്യം, മഹാ-
കാവ്യം, പിന്നുള്ളിൽ ത്തോന്നും
സന്ദേഹമെല്ലാം വെറും
'നാൽക്കാലി'ക്കകത്താക്കി
അമ്പലാങ്കണങ്ങളി
ലക്ഷരശ്ലോകം ചൊല്ലാൻ,
അന്തണർക്കിമ്പം നൽകാൻ,
കമ്പങ്ങൾ കാണിക്കുവാൻ,
നാളുകളോളം വെടി-
വട്ടങ്ങൾ നടത്തുവാ
നാളുകൾ കാൺകെ വേളി-
പ്പെണ്ണെന്നു ഭാവിയ്ക്കുവാൻ
ശീലിച്ച മലയാള
കവിതേ, ഗുരുപുണ്യം
പാലിയ്ക്കും കായിക്കര-
ക്കുടിലിന്നകത്തേറി,
കേരളപാരമ്പര്യം
തിരുത്തി, യറിവിനായ്
ചോരിവായ് പിളർത്തിക്കൊ-
ണ്ടുറക്കെക്കരയുന്ന
ചാരുവാം കുമാരന്റെ
ചെഞ്ചുണ്ടിൽ സാരസ്വത
ത്തേനൊലിവണച്ചുനീ
യുണർത്തുപാട്ടായ് മാറി
പാഴായൊരാകാശത്തി-
ലലർവാടികൾതീർക്കു-
മാഴിയിൽ തുരുത്തുകൾ
നിരയായ് പണിതീർക്കും
മായക്കണ്ണിനാൽ ഗിരി-
ശിഖിര, മധിത്യക
മായികരാഗാഗാധ-
ഹ്രദവും കാണിച്ചീല!
ഉമതൻ തപസ്സിനു
മൂകസാക്ഷിയായ് നിന്ന
ഹിമവൽപാർശ്വങ്ങളി
ലൊരുനാൾ പുലരിയിൽ
സ്വാന്ത സൗരഭം ചിന്നി
വിരിഞ്ഞ നളിനിയെ
സാന്ത്വനം ചെയ്യും ദിവാ-
കരനു നേരെ നിന്നു
'ഓ'മെന്ന സ്നേഹോദാര-
പ്രണയമന്ത്രം ചൊൽകെ,
ഓർത്തോർത്തു ലയിക്കയായ്
വാനവുമവനിയും
ദേവനാം മദനനെ
ത്തേടിയമ്മാറിൽത്തൊട്ടു
രേവയിലനുമൃത്യു
പുൽകിയലീല, ജന്മം
ചാത്തനുസമർപ്പിച്ച
സാവിത്രിയാനന്ദന്റെ
കാല്ത്തളിരിണപൂജാ-
നിരതയാം മാതംഗി,
പുരുഷോത്തമനായ
പതിയെ പ്രാപിച്ചിട്ടും
ഒരുരക്ഷയും കിട്ടാ
ഞ്ഞൊടുവിലവനിതൻ
വിരിമാറിടമന്ത്യ
ശയ്യയാക്കിയ സീത,
കരുണക്കണ്ണീരിനാൽ
മുക്തവാസവദത്ത,
ഇങ്ങനെ പതിനാലു-
ചിത്രലോകവും, മതിൽ
ത്തങ്ങുന്ന ചരാചര-
ജാലവും ദർശിച്ചിട്ടും
ഇന്നിയും പ്രാർത്ഥിയ്ക്കയോ
കൈരളി യശോദേ, നിൻ
പൊന്നുണ്ണിവായെന്നെന്നു-
മടയാതിരിക്കുവാൻ!

# ''ശാന്തിയെ ലക്ഷ്യീകരിച്ചുകൊണ്ട് മനുഷ്യാത്മാവ് നടത്തുന്ന മഹത്തായ യാത്രയാണ് ജീവിതം''

## സൈഗൺ സ്വാമികൾ

**ശ്രീനാരായണ മന്ദിരസമിതിയുടെ മീരാറോഡ് ഗുരു സെന്ററിൽ 10 – 10 – 09 മുതൽ 13 – 10 – 09 വരെ സയ്ഗൺസ്വാമികൾ നടത്തിയ പ്രഭാഷണ പരമ്പരയുടെ ചുരുക്കിയ റിപ്പോർട്ട്**

**തയ്യാറാക്കിയത് എം. ജി. രാഘവൻ**

പരമാത്മാവിൽ നിന്നും വേറിട്ട് സൃഷ്ടിയിലേക്ക് പതിച്ച പരമാത്മാവിന്റെ തന്നെ അംശം ആണ് ''ഞാൻ'' എന്ന ജീവാത്മാവ്.

പരമാത്മാവിനെ തന്നെ താല്ക്കാലികമായി വേറൊരു രൂപത്തിൽ കാണുന്നതാണ് പ്രപഞ്ചം. അതായത് ഈശ്വരന്റെ ദിവ്യമായ ശരീരമാണ് പ്രപഞ്ചം.

''കരണവുമിന്ദ്രിയവും കളേബരം തൊ
ട്ടറിയുമനേകജഗത്തുമോർക്കിലെല്ലാം
പരവെളിതന്നിലുയർന്ന ഭാനുമാൻ തൻ
തിരുവുരവാണു തിരഞ്ഞു തേറിടേണം.''
(ആത്മാപദേശ ശതകം-2)

(അന്തഃകരണമെന്നറിയപ്പെടുന്ന മനസ്സും ഇന്ദ്രിയ സമൂഹവും സ്വന്തം ദേഹത്തോട് ചേർന്ന് അനുഭവ വിഷയമാകുന്ന എണ്ണമറ്റ ദൃശ്യങ്ങളുൾപ്പെട്ട പ്രപഞ്ചവും ചിന്തിച്ചറിഞ്ഞാൽ നിർവ്വികല്പജ്ഞാനത്തിൽ അഥവാ ദഹരാകാശത്തിൽ തെളിഞ്ഞനുഭവപ്പെടുന്ന പരമാത്മ സൂര്യന്റെ ദിവ്യരൂപം തന്നെയാണ്. അന്വേഷിച്ച് കണ്ടെത്തണം.) എന്ന ശ്രീനാരായ ഗുരുദേവ വചനം ഇതാണ് അർത്ഥമാക്കുന്നത്.

ജീവാത്മാവും പ്രപഞ്ചവും എല്ലാം എവിടെനിന്നുണ്ടായി, ആരെ ആശ്രയിച്ച് നിലനിന്ന്, ആരിൽ



ലയിക്കുന്നുവോ അതാണ് ഈശ്വരൻ. ദൈവത്തിന്റെ സ്വരൂപ ലക്ഷണമാണ്, സത്-ചിത്ത്-ആനന്ദം. വെള്ളത്തിൽ നിന്നുകൊണ്ട് വെള്ളത്തെ അനുഭവിയ്ക്കുന്നതുപോലെ ദൈവാനുഭൂതിയിൽ ആണ്ടിറങ്ങി സ്വരൂപ ലക്ഷണത്തെ അനുഭവിയ്ക്കുന്ന അവസ്ഥയാണ്, സമാധാനം അഥവാ ശാന്തി. ശാന്തിയേ ലക്ഷീകരിച്ചുകൊണ്ട് മനുഷ്യാത്മാവ് നടത്തുന്ന മഹത്തായ ഒരു യാത്രയാണ് ജീവിതം. ശാന്തിയെ സാക്ഷാത്ക്കരിക്കാൻവേണ്ടി നിരന്തരം ചെയ്യുന്ന കർമ്മങ്ങളുടെ സമാഹാരമാണ് ജീവിതം. ദുഃഖത്തിൽ നിന്നുള്ള മോചനവും ആനന്ദ പ്രാപ്തിയുമാണ് ജീവിതലക്ഷ്യം.

ആഴമേറും നിൻമഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം
(ദൈവദശകം-10)

(വളരെ ആഴമുള്ള ആങ്ങയുടെ ജോതിസ്സാകുന്ന കടലിൽ ഞങ്ങൾ സമ്പൂർണ്ണമായി മുങ്ങണം. അവിടെത്തന്നെ വാഴണം, ആനന്ദം മാത്രം ശാശ്വതമായി അവശേഷിയ്ക്കണം)

എന്നും,
അതുമിതുമല്ല സദർത്ഥമല്ലഹം സ-
ച്ചിദമൃതമെന്നു തെളിഞ്ഞു ധീരനായി
സദസദിതി പ്രതിപത്തിയറ്റു സത്തോ
മിതി മൃദുവായ്മൃദുവായമർന്നിടേണം
(ആത്മോപദേശ ശതകം-100)

(ഞാൻ അതുമല്ല, ഇതുമല്ല, ജഡദൃശ്യമൊന്നും ഞാനല്ല. ഞാൻ സച്ചിദാനന്ദസ്വരൂപനായ പരമാത്മാവാണ്. എന്നിപ്രകാരം വ്യക്തമായി ഭാവന ചെയ്ത് ഏകാഗ്രതനേടി, ഉണ്ട്, ഇല്ല എന്നിങ്ങനെയുള്ള സാപേക്ഷാനുഭവങ്ങളിൽ നിന്ന് പൂർണ്ണ വിരക്തമായി സത്തായ പരമാത്മാവിന്റെ പ്രതീകമായ പ്രണവത്തെ ഉപാസിച്ച് പതുക്കെ പതുക്കെ അഖണ്ഡബോധത്തിൽ ലയിച്ചൊന്നാകണം)

എന്നും
''എന്റെ ലോകവാസം കഷ്ടപ്പാടു കൂടാതെ കഴിഞ്ഞു കൂടുന്നതിനും ഒടുവിൽ നിന്റെ പരമപദം പ്രാപിക്കുന്നതിനും നിന്റെ അനുഗ്രഹം എന്നിൽ ഉണ്ടാകണമേ''
(ഗദ്യപ്രാർത്ഥന)

എന്നുമൊക്കെയുള്ള ഗുരുദേവ വചനങ്ങൾ ഈ ജീവിത ലക്ഷ്യസാക്ഷാല്ക്കാരത്തിനുവേണ്ടിയുള്ള പ്രാർത്ഥനകളാണ്.

ആനന്ദത്തെ (ശാന്തിയേ) മാത്രം അനുഭവിയ്ക്കുന്ന അവസ്ഥയാണ് ഈശ്വര സാക്ഷാല്ക്കാരം അഥവാ മോക്ഷം. ഈ ആനന്ദം വിഷയാതീതമാണ്. സുഖത്തിന്റെ വർണ്ണക്കടലാസിൽ പൊതുഞ്ഞ അനൃത-ജഡ-ദുഃഖ സ്വരൂപമാണ് വിഷയങ്ങൾ.

സത് = നിത്യത X അനൃതം = അനിത്യത
ചിത്ത് = ഉണ്മ X ജഡം = നാശം
ആനന്ദം = ആനന്ദം X ദുഃഖം = ദുഃഖം
സച്ചിദാനന്ദം = ശാന്തി X അനൃത-ജഡ-= ദുഃഖം

ശാന്തിയെ പ്രാപിയ്ക്കാൻ വേണ്ടി വിഷയങ്ങളേ ആശ്രയിയ്ക്കരുത്, കാരണം ശാന്തി വിഷയനിഷ്ഠമല്ല, ഈശ്വരാധിഷ്ഠാനമാണ്. ഈശ്വരനാകട്ടെ, മനസ്സിന്റെ ഏകാഗ്രതകൊണ്ട് പ്രാപിയ്ക്കുവാൻ കഴിയുമാറ് മനസ്സിന്റെ അപ്പുറത്താണ്. മനസിന് അസ്വസ്ഥത വരുവാൻ കാരണം മനസ്സിന്റെ ഈശ്വരാനുഭവത്തിനുള്ള അയോഗ്യതയാണ്, അതായത് മനസ്സ് വിഷയ സ്പർശിയാവുമ്പോഴാണ്. ഈ ലോകത്തിലുള്ള എല്ലാ വിഷയങ്ങളും അനിത്യമാണ്. എല്ലാം വിഷയങ്ങളിലും ദുഃഖമാണുള്ളത് എന്നു ചിന്തിച്ചിട്ട് മനസ്സിൽ ഉറപ്പിയ്ക്കണം. ആനന്ദത്തിനും ശാന്തിയ്ക്കും ഇരിപ്പിടം ഈശ്വരനാണെന്നും തനിക്ക് ഏകമായ ആശ്രയം ഈശ്വരൻ മാത്രമാണെന്നും അറിയണം. ഇത്തരം കാര്യങ്ങളെ ബുദ്ധിയിൽ ഉറപ്പിക്കാനുള്ള അറിവുകൾ ഉണ്ടാക്കണം. ഗ്രന്ഥപാരായണം ചെയ്യണം. തത്വവിചാരം ഉണ്ടായിരിക്കണം. ഇതിന് ശ്രീനാരായണ ഗുരുദേവ കൃതികൾ, അവയുടെ വ്യാഖ്യാനങ്ങൾ, ഗുരുദേവ സൂക്തങ്ങൾ എന്നിവ ദിവസവും വായിക്കണം. ദിവസവും രണ്ടു നേരം തത്വവിചാരം ചെയ്യാൻ സമയം കണ്ടെത്തണം. തത്വവിചാരത്തിന് വേണ്ടത്ര ശേഷി ബുദ്ധിയ്ക്കുണ്ടാക്കുവാൻ നിർബന്ധമായും ഇഷ്ടദേവതയുടെ മൂലമന്ത്ര ജപം ചെയ്യണം.

ദുഃഖ നിവാരണത്തിന് ബന്ധുക്കളിൽനിന്നുമുള്ള ആശ്വാസ വചനങ്ങൾ ശ്രദ്ധിയ്ക്കുക. ദുഃഖത്തിന് ആശ്വാസം ശാന്തിയ്ക്ക് ഇരിപ്പിടമായ ഈശ്വരൻ മാത്രമാണെന്ന് മനസ്സിനെ അഭ്യസിപ്പിയ്ക്കണം. കണ്ണീരൊക്കി ഭക്തിയോടു കൂടി സങ്കടങ്ങൾ എല്ലാം ഭഗവാനോടു പറയണം. ദുഃഖമോചനമല്ലാതെ മറ്റൊന്നും ഭഗവാനോട് ചോദിയ്ക്കരുത്. ദുഃഖത്തിന് അടിസ്ഥാന കാരണം മുൻ ജന്മങ്ങളിലെ കർമ്മഫലങ്ങളാണ് എന്ന് അറിയുക. ചിന്തയോ, വിലാപമോ, പ്രതിക്രിയയോ ഇല്ലാതെ ദുഃഖത്തെ സഹിക്കുക. ക്ഷേത്രദർശനം, ജപധ്യാനാദികൾ ശക്തിപ്പെടുത്തുക. മനസ്സിനെ ശാന്തമാക്കിവയ്ക്കാൻ ശ്രദ്ധിക്കുക.

മനസ്സിന്റെ ഏകാഗ്രതയ്ക്ക് ഏകത്വബോധം നൽകുന്ന അറിവിനെ ബുദ്ധിയിൽ ഉറപ്പിയ്ക്കണം. സത്വഗുണോന്മുഖമായി ജീവിത ചര്യകൾ ഉറപ്പിക്കണം. സൂര്യോദയത്തിനുമുമ്പായി ഉണരുക, സൂര്യാസ്തമയം കഴിഞ്ഞാൽ ഉറങ്ങാം. ജപധ്യാനാദി സാധനകൾ ദിവസവും അനുഷ്ഠിക്കണം. ശ്രീനാരായണ സാഹിത്യ ശാഖകൾ ദിവസവും വായിച്ചറിയുക, കുറച്ചു സമയം നിശബ്ദമായിരിക്കാം. ദീപാരാധന മനസ്സിന്റെ ഏകാഗ്രതയ്ക്ക് സഹായിക്കുന്നു. ഇടവിടാതെയുള്ള തത്വവിചാരത്തിൽ മുഴുകണം. പ്രാണായാമം, പ്രത്യാഹാരം, ധ്യാനം എന്നീ പ്രക്രിയകൾ അഭ്യസിക്കണം. സ്വാത്വീകമായ ആഹാരരീതി ശീലിക്കണം. ഭഗവാൻ തന്നെ പ്രപഞ്ചരൂപേണ നിലനിൽക്കുന്നു എന്ന പ്രപഞ്ച വീക്ഷണവും കർമ്മദർശനവും മനസിനെ അഭ്യസിപ്പിയ്ക്കുക. രോഗവും ദുഃഖവും മനസ്സിനാണ്, ശരീരത്തിനാണ്, എനിക്കല്ല എന്ന് മനസ്സിനെ അഭ്യസിപ്പിയ്ക്കുക. ദുഃഖത്തെ സഹിക്കാൻ മനസ്സിനെ സജ്ജമാക്കുക. ബന്ധുക്കളുമായും കുടുബാംഗങ്ങളുമായും എപ്പോഴും സംസാരിയ്ക്കാനും സ്നേഹസല്ലാപം നടത്താനും സമയം കണ്ടെത്തുക. എല്ലാവരുമായും ഹൃദയബന്ധം സ്ഥാപിക്കണം. കൂടുതൽ ചിരിക്കണം. എഴുതാൻ സമയം കണ്ടെത്തണം. സംഗീതം ശീലിക്കാം. വ്യക്തിജീവിതം, കുടുംബത്തിന്റെ സാമ്പത്തിക ക്രമീകരണങ്ങളിൽ ശ്രദ്ധ, കുടുംബ സംവിധാനത്തിലുള്ള ശ്രദ്ധ, സമയനിഷ്ട ശീലിക്കൽ എന്നിവയിലുള്ള ശ്രദ്ധ ജീവതത്തിലുള്ള പിരിമുറക്കത്തിന് അയവുവരുത്താൻ സഹായിക്കുന്നു. ഏകത്വ തത്വവിചാരത്തെ അഥവാ അദ്വൈതാനുഭൂതിയേ ഓർമ്മിപ്പിക്കുന്ന ശ്രീനാരായണ സൂക്തങ്ങൾ ഓർമ്മിക്കുക.

പ്രിയമൊരു ജാതിയിതെൻ പ്രിയം ത്വദീയ-
പ്രിയമപര പ്രിയമെന്നനേകമായി
പ്രിയവിഷയം പ്രതിവന്നിട്ടും ഭ്രമം,തൻ
പ്രിയമപരപ്രിയമെന്നറിഞ്ഞിടേണം.
(ആത്മോപദേശ ശതകം 21)

(എല്ലാവരുടേയും പ്രിയം ഒരു തരത്തിലുള്ളതു തന്നെ. ഇതാണ് എനിക്കിഷ്ടം, നിനക്കിഷിടം മറ്റൊന്നാണ്, മറ്റൊരാൾക്കിഷ്ടം വേറൊന്നാണ്. എന്നിങ്ങനെ പലതരത്തിൽ ഇഷ്ടപ്പെട്ട വിഷയങ്ങളെക്കുറിച്ച് ഒന്നിലധികം തോന്നലുകളുണ്ടാകുന്നത് വെറും ഭ്രമം. അവനവന്റെ ഇഷ്ടം തന്നെയാണ് അന്യന്റേയും ഇഷ്ടമെന്ന് ചിന്തിച്ചറിയേണ്ടതാണ്.) എന്ന അറിവ് സമൂഹ ജീവിതത്തിന്റെ ക്രമീകരണത്തിന് അടിസ്ഥാനമാക്കണം.

ഭാര്യാ ഭജതി ഭർത്താരം
ഭർത്താ ഭാര്യാംനകേവലം
സ്വാനന്ദമേവ ഭജതി
സർവ്വേ പി വിഷയ സ്ഥിതം
(ദർശനമാല)

(ഭാര്യ കേവലം ഭർത്താവിനെയോ ഭർത്താവ് കേവലം ഭാര്യയേയോ അല്ല ഭജിക്കുന്നത്. എല്ലാവരും ബാഹ്യവിഷയത്തേ ആശ്രയിച്ച് ഉളവാകുന്ന ആത്മാനന്ദത്തേയാണ് ഭജിക്കുന്നത്.) എന്ന അറിവ് കുടുംബ ജീവിതത്തിന്റെ ക്രമീകരണത്തിന് അടിസ്ഥാനമാക്കണം. പ്രായേജിക ജീവിതവും തത്ത്വ വിചാരവും ഒരുമിച്ച് ആസ്വദിക്കണം.

“ഉലകരുറങ്ങിയുണർന്നു ചിന്തചെയ്യും
പലതുമിതൊക്കെയു മുറ്റുപാർത്തുനില്ക്കും
വിലമതിയാത വിളക്കുദിയ്ക്കയും പിൻ
പൊലികയുമില്ലിതു കണ്ടു പോയിടേണം
(ആത്മോപദേശ ശതകം 5)

(ജനങ്ങൾ ആജ്ഞാനത്തിൽ പെട്ടു സ്വരൂപം മറന്നു

പ്രപഞ്ചദൃശ്യങ്ങൾ സത്യമെന്നു കരുതി പലതരം ചിന്തകളിലൂടെ ലോക വ്യവഹാരങ്ങളിൽ ഏർപ്പെടും. എന്നാൽ അതിലൊന്നും ബന്ധപ്പെടാതെ സാക്ഷി രൂപത്തിൽ പ്രകാശിച്ചു നില്ക്കുന്ന അനന്താനന്ദ സ്വരൂപമായ പരമാത്മാവ് ഉണ്ടാവുകയോ പിന്നീട് നശിയ്ക്കുകയോ ചെയ്യുന്നില്ല ഈ സത്യസ്ഥിതി അറിഞ്ഞ് അനുഭവിയ്ക്കണം.) എന്ന ശ്രീനാരായണ ഗുരുദേവവചനം എപ്പോഴും ഓർമ്മയിൽ വെയ്ക്കണം

വാസനാജയത്തിന്റെയും സങ്കല്പ നിരോധനത്തി ന്റേയും പ്രധാന്യം അറിയുക:-

അഴലെഴുമഞ്ചിതളാർന്നു രണ്ടു തട്ടായി
ചുഴലുമനാദിവിളക്കു തൂക്കിയാത്മാ
നിഴലുരുവായെരിയുന്നു നെയ്യതോ മുൻ
പഴകിയ വാസന വർത്തി വൃത്തിയത്രേ
(ആത്മോപദേശ ശതകം 17)

(ആത്മാവാകുന്ന അഗ്നി ദുഃഖത്തിൽകൂടി അഴൽനല്കുന്ന പഞ്ചേന്ദ്രിയങ്ങളാകുന്ന അഞ്ചു ഇതളുകളുള്ള സൂക്ഷ്മ സ്ഥൂല ശരീരങ്ങളാകുന്ന രണ്ടു തട്ടുകളോടുകൂടി കാരണ ശരീരമാകുന്ന നിഴലും പേറിവാസനയാകുന്ന എണ്ണയൊഴിച്ച് സങ്കല്പ ങ്ങളാകുന്ന തിരിനീട്ടി അനാദിയായി ചുഴുന്നുകൊണ്ടി രിയ്ക്കുന്ന സംസാര ജീവിതമാകുന്ന വിളക്കു തൂക്കി എരിഞ്ഞുകൊണ്ടിരിയ്ക്കുന്നു.)

അത്യന്തം മനോഹരമായ ഒരു രൂപകല്പന യിൽകൂടി ജീവിതത്തിന്റെ പൂർണ്ണ ചിത്രമാണ് ശ്രീനാരായണ ഗുരുദേവൻ ഒരു മനശാസ്ത്രജ്ഞന്റെ വീക്ഷണ കോണിൽ ഇവിടെ അവതരിപ്പിയ്ക്കുന്നത്.

പരമാത്മസ്വരൂപനായ ശ്രീനാരായണ ഗുരുദേവന്റെ അനുഗ്രഹാശിസുകൾ എല്ലാവരിലും ഉണ്ടാകു മാറാകട്ടെ.

**ക്രിസ്തുവിനെപ്പോലെ ക്ഷമിക്കണം. ഏതിരുകാ രുടെ അറിവുകേടിന് മാപ്പ് നൽകുവാൻ ഒരി ക്കലും മടികാണിക്കരുത്.**

**- ശ്രീനാരായണ ഗുരു**

## ശ്രീനാരായണ മന്ദിരസമിതി മാര്യേജ്ബ്യൂറോ വഴി വിവാഹിതരായി



ശ്രീമതി നളിനിയുടെയും ശ്രീമാൻ ദേവദാസൻ ശങ്കരന്റെയും (തെങ്ങുവിള വീട്, ചെറുക്കരംപുള്ള യിൽ, തിരുവനന്തപുരം) മകൻ **സന്ദീപും** ശ്രീമതി സരളയുടെയും ശ്രീമാൻ സുധാകരന്റേയും (റൂം നമ്പർ 11, രാജാ ശിവാജി നഗർ, സാകി വിഹാർ റോഡ്, പവായ്) മകൾ **സുബിതയും** തമ്മി ലുള്ള വിവാഹം 2009 നവംബർ 1ന് തിലക്നഗർ ചെമ്പൂർ, എൻ.കെ.ടി. രഘുവംശി സഭാഗ്രഹം, അംചിശാലയിൽ വച്ച് നടന്നു.

# ആത്മോപദേശശതകം

-ശ്രീനാരായണഗുരു

(തുടർച്ച...)

## (15)

പരയുടെ പാലു നുകർന്ന ഭാഗ്യവാൻന്മാർ-
ക്കൊരു പതിനായിരമാണ്ടൊരല്പനേരം;
അറിവപരപ്രകൃതിക്കധീനമായ-
ലരനൊടിയായിരമാണ്ടുപോലെ തോന്നും

പരയുടെ പാലു നുകർന്ന = പരബ്രഹ്മ സാക്ഷാ ൽകാരം കൊണ്ടുള്ള പരമാനന്ദം അനുഭവിച്ച.

ഭാഗ്യവാൻമാർക്ക് = അസുലഭമായ (എളുപ്പത്തിൽ ലഭിക്കാത്ത) ആ ദിവ്യാനുഭൂതി ലഭിച്ച ജ്ഞാനികൾക്ക്

ഒരു പതിനായിരമാണ്ട് = ഒരു പതിനായിരം വർഷം

ഒരല്പനേരം = ഒരല്പസമയമായി തോന്നും.

അറിവ്= ബോധം

അപരപ്രകൃതിക്കധീനമായാൽ = ഇന്ദ്രിയവിഷയ ജ്ഞാനങ്ങൾ ത്രിഗുണങ്ങൾക്ക് വശപ്പെട്ടുപോയാൽ

അരനൊടി= അരനിമിഷം

ആയിരമാണ്ടുപോലെ തോന്നും = ആയിരംവർഷം പോലെ നീണ്ടതായി അനുഭവപ്പെടും.

ഉപനിഷത്തുക്കൾ വിദ്യയെ പരായെന്നും അപരാ യെന്നും രണ്ടായി തിരിച്ചിട്ടുണ്ട്.

ദ്വേ വിദ്യേ വേദിതവ്യേ
ഇതി ഹ സ്മയദ് ബ്രഹ്മവിദോവദന്തി
പരാചൈവാപരാച
(മുണ്ഡകോപനിഷത്ത് (1.1.4)

രണ്ടു വിദ്യകൾ അറിയപ്പെടേണ്ടതായുണ്ടെന്ന് ബ്രഹ്മ ജ്ഞാനികൾ പറയുന്നു. ഒന്ന് പരാവിദ്യയും മറ്റൊന്ന് അപരാവിദ്യയും.

സാധാരണയായി ജ്ഞാനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഇന്ദ്രിയപ്രത്യക്ഷമായ വിഷയങ്ങളെ ക്കുറിച്ചുള്ള അറിവാണ്. എന്നാൽ ഈ ജ്ഞാന ങ്ങൾക്കെല്ലാം അടിസ്ഥാനമായി നിൽക്കുന്നതാണ് അതീന്ദ്രിയ ജ്ഞാനം. അപരോക്ഷാനുഭൂതികൊണ്ട് മാത്രം നേടാൻ കഴിയുന്ന അതീന്ദ്രിയ ജ്ഞാനത്തെ പരാവിദ്യയെന്നും മറ്റുള്ള വിഷയ ജ്ഞാനങ്ങളെ അപരാവിദ്യയെന്നും പറയുന്നു. ചുരുക്കത്തിൽ പ്രപഞ്ചത്തെയും പ്രപഞ്ചത്തിലുള്ള വിഷയങ്ങളെയും അറിയുന്ന അറിവ് അപരാവിദ്യയും ആത്മാവിനെ അറിയുന്ന അറിവ് പരാവിദ്യയും.

തത്രാപരാ ഋഗ്വേദോയജ്ജുർവ്വേദ: സാമ-
വേദോ/ഥർവ്വവേദ: ശിക്ഷാ കല്പോ വ്യകരണം
നിരുക്തം ഛന്ദോ ജ്യോതിഷമിതി. അഥപരാ
യയാതദക്ഷരമധിഗമ്യതേ.
(മുണ്ഡകോപനിഷത്ത് (1.1.5)

(ഋഗ്വേദം, യജ്ജുർവ്വേദം, സാമവേദം, അഥർവ്വവേദം എന്നീ നാലു വേദങ്ങളും, ശിക്ഷാ (ഉച്ചാരണശാസ്ത്രം), കല്പം (അനുഷ്ഠാന ക്രമങ്ങളെ വിവരിക്കുന്നവ) വ്യാ കരണം പദപ്രയോഗങ്ങളെ വിവരിക്കുന്നത്, നിരുക്തം (പദനിഷ്പത്തി) (ഉത്ഭവസ്ഥാനത്തെ വിവരിക്കുന്നത്). ഛന്ദസ്സ് (വൃത്തശാസ്ത്രം), ജ്യോതിഷം (ക്രിയാ കാലനിർണ്ണയത്തിന് സഹായിക്കുന്നത്) എന്നീ ആറ് ശാ സ്ത്രങ്ങളും അപരാവിദ്യയിൽപ്പെടുന്നു. പിന്നെ ഏതൊ രുവിദ്യ കൊണ്ടാണ് നാശരഹിതമായ ആത്മാവിനെ അറിയുവാൻ സഹായിക്കുന്നത് അത് പരാവിദ്യയും .

ഇഹലോകത്തിലും പരലോകത്തിലും ഉണ്ടാകുന്ന സുഖസമ്പാദനത്തിന് വേണ്ടി മനുഷ്യൻ അനു ഷ്ടിക്കുന്ന കർമ്മങ്ങളെ പ്രതിപാദിക്കുന്ന വേദങ്ങളിൽ

നിന്നും വേദാംഗങ്ങളിൽനിന്നും കിട്ടുന്ന അറിവെല്ലാം അപരാവിദ്യയിൽപെടുന്നു. നിത്യവും നിരുപാധികവുമായ പരാത്മാവിനെ അറിയുന്ന അറിവ് പരാവിദ്യയും. ഇതിനെ തന്നെ അവിദ്യയെന്നും വിദ്യയെ ന്നും കഠോപനിഷത്തിലും ഈശാവാസ്യോപനിഷ ത്തിലും വിവരിക്കുന്നു.

"ദൂരമേതേ വിപരീതേ വിഷുചീ അവിദ്യായായ വിദ്യേതിജ്ഞാതാ" കഠോപനിഷത്ത് (2-4)

യത്തദദ്രേശ്യമഗ്രാഹ്യമഗോത്രം വർണ്ണ-
മ ചക്ഷു: ശ്രോത്രം തദപാണിപാദം
നിത്യംവിഭൂം സർവ്വഗതം സുസൂഷ്മം
തദവ്യയം യദ് ഭൂത യോനീംപരിപശ്യന്തിധീരാ:
(മുണ്ഡകോപനിഷത്ത് (1.1.6)

പരാവിദ്യയുടെ ലക്ഷണം വിവരിക്കുന്നതോടുകൂടി അവർണ്ണ്യമായ ബ്രഹ്മത്തിന്റെ പൂർണ്ണമായ ലക്ഷണം വിവരിക്കുന്നു: പറയപ്പെട്ട പരാവിദ്യ (കാണത്തക്കതല്ല) നേത്രാദി ജ്ഞനേന്ദ്രിയങ്ങൾക്ക് വിഷയമല്ല. (വിഷയജ്ഞാനത്തിന് ഉപകരിക്കുന്ന ജ്ഞാനേന്ദ്രിയങ്ങൾ ഇല്ലെങ്കിലും ആത്മാവ് സർവ്വജ്ഞനാകുന്നു.

പശ്യത്യചക്ഷുഃ സ ശൃണോത്യ കർണ്ണാ
ശ്വേതാശ്വതരോപനിഷത്തിൽ

അവൻ കണ്ണില്ലാതെ കാണുകയും കാതില്ലാതെ കേൾക്കുകയും ചെയ്യുന്നു.

ശ്രീനാരായണഗുരു ആത്മവിലാസം എന്ന ഗദ്യകൃതിയിൽ

"ദൈവം കണ്ണില്ലാതെ കാണുകയും ചെവിയില്ലാ തെ കേൾക്കുകയും ത്വക്കില്ലാതെ സ്പർശിക്കുകയും മൂക്കില്ലാതെ മണക്കുകയും നാവില്ലാതെ രുചിക്കുകയും ചെയ്യുന്ന ഒരു ചിത്പുരുഷനാകുന്നു" എന്നു പറയുന്നു. അന്ത:കരണങ്ങളെക്കൊണ്ടു അറിയത്തക്കതല്ല (ഗ്രഹിക്കത്തക്കതല്ല) ഗോത്രം, വർണ്ണം മുതലായ പ്രത്യേക ലക്ഷണളൊന്നും ഇല്ലാത്തതും കയ്യ്, കാല് മുതലായ കർമ്മേന്ദ്രിയങ്ങളും ഇല്ലാത്തതും ശാശ്വതവും വിവിധരൂപങ്ങളിൽ പ്രകാശിക്കുന്നതും സർവ്വവ്യാപിയും അത്യന്ത സൂക്ഷ്മവും നാശമില്ലാത്തതും എല്ലാ ഭൂതങ്ങൾക്കും കാരണവുമായിട്ടുള്ള ആ സത്യ വസ്തുവിനെ ധീരന്മാരായ സാധകന്മാർ അപരാ വിദ്യയെ വിട്ട് ഏതു വിദ്യകൊണ്ടാണോ, സർവ്വത്തിനും സാക്ഷിമാത്രവുമായ ആത്മസ്വരൂപത്തെ സാക്ഷാത്കരിക്കുന്നത് അതാകുന്നു പരാവിദ്യ.

അപരാവിദ്യയുടെ പഠിപ്പ്കൊണ്ട് ആർക്കും പരാവിദ്യജ്ഞാനമോ ആത്മദർശനമോ സാദ്ധ്യമല്ല. അപ്പോൾ ഈ വിദ്യകൊണ്ട് എന്ത് പ്രയോജനം? അപരാവിദ്യ (വേദ ശാസ്ത്രങ്ങൾ) ആവശ്യം പഠിച്ചിരിക്കണം അപരാവിദ്യയാണെങ്കിലും അത് അറിഞ്ഞാലല്ലേ അതിനെ പൂർണ്ണമായി ഉപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. പൂർണ്ണമായി ഉപേക്ഷിക്കാതെ പരാവിദ്യ പ്രകാശിക്കുകയുമില്ല. അതുകൊണ്ട് വേദ ശാസ്ത്രങ്ങളെ ആവശ്യം പഠിയ്ക്കുകയും അറിയുകയും വേണം.

"വിദ്യാവിദ്യകൾ രണ്ടും കണ്ടറിഞ്ഞവര
വിദ്യയാൽ മൃത്യുവേത്തരണം ചെയ്തു
വിദ്യയാലമൃതാർന്നിടും."
(ഈ ശാവാസ്യോപനിഷത്ത് ഭാഷ -13)

(വിദ്യയെയും അവിദ്യയെയും ഒരുമിച്ചറിയുന്നവർ അവിദ്യയെ അറിഞ്ഞു മരണത്തെ തരണം ചെയ്തു. വിദ്യകൊണ്ട് മരണമില്ലാത്ത സത്യത്തെ സാക്ഷാത്കരിക്കും.)

സുഷുപ്തിയിൽ മനസ്സ് ആത്മാവിൽ ലയിക്കുന്നതിനാൽ മനസ്സിന്റെ ചലനം കൊണ്ട് അനുഭവപ്പെട്ടിരുന്ന ദ്വൈതാനുഭവങ്ങളും ഇല്ലാതാകുന്നു. അതിനാൽ യാതൊരു വിഷയജ്ഞാനമോ, യാതൊരു ആഗ്രഹമോ ഇല്ല. ശരീരബോധം പോലും അനുഭവപ്പെടുന്നില്ല. സുഷുപ്തിയിൽ നിന്ന് ജാഗ്രത്തിലേക്ക് ഉണർന്നു വരുന്ന എല്ലാവരും പറയാറുള്ളതാണ് "ഞാൻ സുഖമായുറങ്ങി. ഒന്നും അറിഞ്ഞില്ല" എന്ന്. ഇതെല്ലാവർക്കും അനുഭവമുള്ളതാണ്. സുഖവും ഒന്നുമറിയായ്മയുമാണ് സുഷ്മപതിയിലെ അനുഭവം. അതുകൊണ്ടാണ് സമയദൈർഘ്യവും സമയബോധവും അറിയുവാൻ കഴിയാതിരുന്നത്. സുഖാനുഭവം സമയ ദൈർഘ്യം വളരെ കുറഞ്ഞാണ് അനുഭവപ്പെടുക. സുഖമുള്ളൊരുവൻ രാത്രി ഉറങ്ങാതിരിക്കുകയാണെങ്കിൽ അനുഭവപ്പെടുന്ന സമയദൈർഘ്യത്തിലും വളരെ കൂടുതലാണ് അയാൾ തന്നെ സുഖമില്ലാതെ ഉറങ്ങാതിരിക്കുന്ന അവസ്ഥയിൽ. ഉറക്കത്തിൽ യാതൊരു ദുഃഖവും ഇല്ലാത്തതിനാൽ ആനന്ദം മാത്രം ശേഷിക്കുന്നു. അപ്പോഴും അജ്ഞാനം ഉള്ളതിനാൽ

ആനന്ദസ്വരൂപനാകുന്നില്ല. പരാവിദ്യ പ്രാപ്തിയിലൂടെ ആത്മദർശനവും കൈവല്യ പ്രാപ്തിയും നേടിയാലുള്ള മഹിമയെ ശ്ലോകത്തിലെ പൂർവ്വാർദ്ധം കൊണ്ട് വ്യക്തമാക്കുന്നു. എന്നാൽ ഇത് നേടാനുള്ള വിഷമതെയാണ് ഭാഗ്യവാന്മാർ എന്ന പദം കൊണ്ട് സൂചിപ്പിച്ചിരിക്കുന്നത്. തീവ്രമായ വൈരാഗ്യം നേടാനും ഇന്ദ്രിയങ്ങൾ അടക്കുവാനും മനസ്സ് ലയിപ്പിക്കുവാനും അഹന്താമമതകൾ അടക്കുവാനും അസാമാന്യ ധീരതയുള്ളവർക്കേ സാദ്ധ്യമാകുക യുള്ളൂ. അവരിലാണ് ആത്മവിദ്യപ്രകാശിക്കുക. അങ്ങനെ ആത്മ വിദ്യ പ്രകാശിക്കാൻ ഇടവന്നാൽ പിന്നെ ഒരു തരത്തിലുള്ള സംസാരദുഃഖവും അനുഭവിക്കേണ്ടിവരില്ല.

മനഷ്യത്വം, മോക്ഷേച്ഛ, സദ്ഗുരുലാഭം-ഇവ മൂന്നും ജീവിതത്തിൽ ലഭിക്കുക വളരെ പ്രയാസമാണ് അതിന് ഈശ്വരാനുഗ്രഹംതന്നെ വേണം എന്നാണ് ശ്രീ ശങ്കരാചാര്യ സ്വാമികളുടെ അഭിപ്രായം.

ജീവന് ബന്ധവും മോക്ഷവും എല്ലാം മനസ്സാണുണ്ടാക്കിത്തീർക്കുന്നത്. സത്വരജസ്തമസ്സുകളാണ് മനസ്സിന്റെ എല്ലാ വിധ സംസ്കാരങ്ങൾക്കും കാരണം. മനസ്സിന്റെ ശുദ്ധിക്ക് കാരണം സത്വഗുണവും അശുദ്ധിക്ക് കാരണം രജസ്തമസ്സുകളുമാണ്. അറിവ് അപരപ്രകൃതി (രജസ്തമസ്സുകൾക്ക്) അധീന മായാൽ ജീവിതം ദുഃഖപൂർണ്ണമായിരിക്കുമെന്ന് ശ്ലോകത്തിന്റെ ഉത്ത രാദ്ധം വ്യക്തമാക്കിയിരിക്കുന്നു.

**വി. എൻ. പവിത്രൻ.**

## മുംബൈ ശ്രീനാരായണ മന്ദിരസമിതിയുടെ തൊപ്പിയിൽ ഒരു പൊൻതൂവൽ കൂടി



ഉന്നത വിദ്യാഭ്യാസത്തിനായി പണിയുന്ന അഞ്ചുനില കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ധൃതിയിൽ നടക്കുന്നു. അഞ്ചുകോടി രൂപയോളം ചിലവുവരുന്ന സംരംഭത്തിലേക്ക് ഉദാരമതികളായ വായനക്കാരുടെ സഹായസഹകരണങ്ങൾ സാദരം അഭ്യർത്ഥിക്കുന്നു.

ആയിരം രൂപയോ അധികമോ നൽകുന്നവരുടെ പേരുവിവരം ഗുരുരത്നം ത്രൈമാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്. 25000 രൂപയോ അധികമോ സംഭാവന നൽകുന്നവരുടെ പേരുവിവരം കമ്മ്യൂണിറ്റി ഹാളിന്റെ ചുമരുകളിൽ പതിപ്പിക്കുന്ന ഗ്രാനൈറ്റിൽ ആലേഖനം ചെയ്യുന്നതാണ്.

**അയക്കേണ്ട മേൽവിലാസം Sree Narayana Mandira Samiti, Sree Narayana Nagar, P.L.Lokhande Marg, Chembur, Mumbai – 400 089 Tel: 2525 5337/25286104/25256083**

# RELEVANCE OF GURU'S TEACHING FOR A HAPPY AND SUCCESSFUL LIFE

**Sajith Soman G.**
Sakinaka Unit

**The article which won first prize in the competition held on 28-11-2009 at Gurudevagiri as part of 77th Sivagiri Threerthadanam**

Life is a divine gift by the nature. We take birth once and enter into this cosmic array which has no bounds. A life which is full of challenges is awaiting us at the doors; and not many succeed in bringing out cherry from this pool of mud. Throughout the years, the world is changing. We need to understand what is the cause of misery, poverty and irrationality in this world. A person seeking answers for such questions are indirectly looking at themselves for eternal salvation. To understand what this world is about; a reference was needed badly. A role model for all humanity was in demand. Who could it be other than the Great Narayana Guru….?

For leading a happy and successful life, we first need to solve out what actually life is about. What is it that we call as life? Discussing the issue in regards with Guru, life is all about knowing who you are? Unlike the question which is very small, the answer remains unknown to the layman human. One who discovers himself is the ultimate and that is what according to me is the greatest achievement of SREE NARAYANA GURU. The hunt to understand yourself other than looking into the worldly matters that disturbs the world stands out in the crowd. You are the creator of your destiny. You decide what is best for your well being. The best way to achieve success is to understand Guru. The more one tries to understand Him the more he will achieve in life. It is unnatural of any man to behave stupidly throughout their lives. The good deed that we do turn out to be our pass to the eternal salvation.

To start off the issue, one needs to understand their parents very well. No God comes before them. They are the soul creators of your being. Guru advices the world not to be insane to your parents. Give them more than their due respect. While being a child this is the only step a child can take to be successful in his life as he is unaware of the outside world. Unaware of the mass protrusion into being the number one. The world unfortunately is divided into many castes, religions, creeds and sects. When you feel mature enough to understand these facts, relinquish over the fact that you are a Hindu, Muslim, Christian or any religion on that matter. Guru always had only one religion. He

lead all of his life believing in one cast, one religion as well as one God for this vast human population. The era is which we live will not apprehend any of this conclusions, but this is the way that it goes. There are wars, terrorist attacks, violence all over the world. No one has yet come to the conclusion that all of this is happening only due to the divisions among people. Some people need Kashmir, some are not ready to let go Kashmir. Some want only Hindus to be part of a particular community, some want Muslims to be part of another community. The world is eating one another over these irrational issues which would have stroked the mind of a common thinker. There is another huge lot of people who say they believe in all God, they have only one religion, but these people never come out to support their own thought. Instead spreading these realistic thoughts, they enjoy sitting and claiming they are followers of the Great Guru. The Guru attained the knowledge of who he was, he understood what his aim was and he worked throughout his lfie to attain that goal. If Guru had the vision in him to see the ultimate, can't we make at least little effort towards the ultimate goal of unity. Guru taught us that violence was in no way conclusion of any problems or hindrances, but the common man never tried to understand what he meant.

We do not get fame, name and money through idle process. should strive to be a successful person. Knowledge according to the Guru opens the mind of individual enhancing his vision for reaching the ultimate position. In an era where women were not allowed to have education and even social status, the Guru strived towards the betterment of women and made possible education for them. Similarly we should also have enough knowledge to understood this fact and implement such facilities for women who are at par with men in any field of application. The Guru has worked immensely and created many hand written works for our betterment.

Even when we recite poems of the great Guru, many are unaware of the knowledge the poem is providing us. We only read it for the fact that we have to read it and we call ourselves a guru follower. Nothing great has been achieved by anyone without pains. The handwritten works of Guru in Malayalam, Tamil and Sanskrit are ultimate sources of energy, a road to success and an ultimate salvation. We need to understand each verse and grasp the theory behind it. For leading a healthy and successful lie, one only needs to understand guru more and more. The more one comes close to Guru, the more he realizes truth. He begins to reap confidence in himself. That confidence would be enough for a layman to be successful in his or hers life.

The Guru dedicated his whole life towards our betterment, our happiness, our unity. Can't we give something back so that he will be proud of us, can't we remain united and work for the society as a unit, can't we spread the teaching of guru and make every one lead a healthy and successful life.....?

***!!!Gurudeva Charanam Sharanam!!!***

## MEMORABLE QUOTES FOR SREE NARAYANA GURU

"Wise men know that there is only Knowledge, so they remain one with it and do not struggle. For them the truth to be known is here and now. Those who do not know their secret think of it as an unknown entity to be sought and discovered. Under that illusion they struggle and agonize themselves. Only a few see the secret of the wise."

"Nobody remains established forever in a state of sameness. The process of becoming is going on; and all are subjected to this beginningless sport of the Divine. When all this is known in its entirety, one becomes happy beyond measure."

"There is neither any death nor birth nor any manifested form of life. There are neither men nor gods nor anything of that sort there are only names and forms. Their substance is only that of a mirage in a desert and that is, for sure, no substance at all."

"In the Earth, there are innumerable particles and in each particle there is a world of the same earth principle. Just as the body is conceptually envisioned by consciousness, consciousness is articulated by the body. When carefully considered these are not two."



# R. SANKAR - THE MAN

**Prof. K. P. Suseelan**

"unable to act as we wish, the mind
കരുതുവതിഹ ചെയ്യുവയ്യ ചെയ്യാൻ

Would not stick, to what is granted.
വരുതി ലഭിച്ചതിൽ നിന്നിടാവിചാരം

None could realize God's Supreme will
പരമഹിതമറിഞ്ഞുകൂടാ; യായു-

How miserable is human life, whose span is short
സ്ഥിരതയുമില്ലതിനിന്ദ്യമീ നരത്വം"

R Sankar (kunjusankar) during his high school days met Mahakavi Kumaran Asan at Kollam in the Kerala Kaumudi office with his father Raman. Kunju Sankaran recited melodiously and clearly with his sweet musical note 'Chandala Bhikshuki' Asan was very much pleased by the rendering of the student. All the poetical works of Asan, Sankar learnt byheart with its full significance. In future he became the interpreter and chief exponent of poetry of Asan. Sankar asked Asan which are the best lines of his poetry he has written. Suddenly Asan replied with a calm and dignified voice quoting the above stanza from the third canto "Leela"

R Sankar is a rare personality. Thought he is a versatile genius and a national leader he is a controversial figure too. His personality may be assessed in different perspectives. Popularly he is remembered as a veteran in politics. The life and action of R Sankar make an extra ordinary story. During the first half of $20^{th}$ century he has become a phenomenal figure. His struggle for independence, high intelligence, indomitable will power and courage are some of his traits.

It is better to have an awareness of social order which existed in the bygone century. Why Sankar choose educational field as his centre of activity? In Kerala the medieval feudal society was caste stratified. Human beings were divided into upper class and lower classes. The lower classes were considered untouchables. They were ruled on the basis of religious belief, that is by the Brahmin Hindu hierarchy. Primary human needs and right were totally denied to lower class or the untouchables. Such was the social tyranny existed. The primary need was social equality and justice. Social equality and justice will bring political power. It was against this political autocracy Sree Narayana Guru advocated the downtrodden to be free through education and be strong though organization. The right of education was denied to the lower

class. Education is the crux of all social reformation. Their goal and aim of life must be achieved only through education. R Sankar was a firm believer in the values of Sree Narayana Dharma. He is an apostle of the principles of sree Narayana Guru, stressed the need of self improvement. As a social reformers R Sankar advocated the mass to accepts sree narayana gutu as their guide and guru . sankar dedicated his lfe for establishing educational institutions. Sankar was fully aware that the oppressed and exploited people should be given proper education, so that they will be awakened from their deep slumber. If we look the panorama of Indian reformation movement there are associations, like Bombay Presidency association, culcutta association, Sarvajanik sabha at Poona were working in the political field. Social reform was theit political cry. Among them some believed that social reform must precede political emancipation. There was also a strong fraction which sought to separate politics from social change. The social reform movement in North India stressed to abolish the superstitions and age old customs prevailed in the upper strata of society. Their work was concentrated on the savannas, child marriage, suicide of widows and other infirmities. The north Indian social reform restricted only to the upper class. It should be remembered when the Aryan invasion took place they ruthlessly suppressed the jains and budhist. Some natives refused to accept the Aryan domination and religious change. They were considered out caste and touchables. The history of the untouchable is necessary for our study.

R Sankar was a repository of culture and tradition. His social achievements were amazing. His social reform movements stressed on the lost glory of the down trodden. Mere words cannot describe the inspiration and moral strength germinated from sree narayana guru. Impeccable are his social reforms. The innovative reform movements of R Sankar and his patriotism were kindled by many national personalities. Among them Sree Narayana Guru stood first He is an unparalleled saint as he was called a jnanin of action. Tagore, gandhiji and Nehru were other builders of modern India. His creative brilliance is not reflected in the Travancore congress alone but also in the SNDP yogam too. Even the seasoned politicians like C.V. Kunjuraman. T.M. Vargheese, Sahodaran Ayyappan and other all India statesmen acknowledged the organizational ability of R Sankar. As an orator, his free flowing, confident impressive articulation made him an asset to the congress party and literary meetings. As a public speaker he has earned the appreciation of one and all because of his melodious voice and his faultless diction. His unquestionable and unshakable leadership quality offered him the general secretaryship of the SNDP yogam in the year 1944 in the annual session held at Anandasharaman,Changanassery. In 1940s he become a doyen in politics and cultural arena. R Sankar as a social reformer who did not want for things to happen but made them happen. His life style, his far reaching social reforms and his achievements even with in the limited resources truly offered him a place among our national icons. He become M.L.A in the travancore cochin assembly and from there he was selected to Indian constituent assembly. There too he contributed much to the making of the Indian Constitution. While he became minister and chief minister he defined stereotype bureaucratic from of govt. machinery R Sankar was an excellent example of a man who made his office make him. He was of opinion that our state's parliamentary system could function only in an atmosphere of social and economic progress which based on social equality.

R Sankar was intelligent enough to understand the socio economic structure of our society. Eighty percent of the population are branded as untouchables and backward classes. The remaining 20% is controlling the destiny of our state with religious power. Sankar was an unblemished idealist with scholarship. Assuming charge of SNDP yogam general escalatory, his major concern was to start educational institutions. He tried to give new life to the organization, through commencing charitable learning temples.

Why he was constrained to take up education in his reform movement ? elucidation needs pages.

Before the dawn of 20$^{th}$ century the backward classes subjected to untold miseries under the yoke of

caste system. Primary needs and even birth rights were totally denied to them in the name of preserving sanathana Hindu Dharma. It is shocking to know that each man of untouchable had to pay a tax for the natural hair on his head and each women had to remit breast tax. They were ill treated like animals. This social inequality was alleviated by Sree Narayana Guru and his disciples. It is bewildering how sankar a student of science (Chemistry) did more than anyone else before him to win freedom for the backward people. He understood the ebb and flow of past history, ancient cultural changes, by making journeys in the relams of literature. The thought provoking lines of Asan pained him.

"how many perumals, and sankaracharyas

എത്രപെരുമാക്കൾ ശങ്കരാചാര്യ ന്മാ-

How many thunches and Kunchans

രെത്രയോ തുഞ്ചന്മാർ കുഞ്ച ന്മാരും

Have been aborted in the womb 'O' Mother Kerala, of untouchables

ക്രൂരയാം ജാതിയാൽ നൂനമലസി പ്പോയ്

By the cruel monster of caste."

കേരളമാതാവേ നിൻ വയറ്റിൽ

To dispel the miseries of the poor down trodden, literacy is the only panacea for the malady. Sri Narayana Guru advised the mass to be free though education and be strong through organization. Sankar took up these twin forces. All his reforms are clear testimony that there was a non violent way of doing things. Like sree narayana guru he belived that if one had to fight and hurt people to gain something that was not at all worth possessing. Sankar fully assimilated the message of guru and tried to establish a new social order based on equality. Without sufficient education, backwardness could not be smashed away. Untouchable kids, neither enter the portals of the schools now worship the temples which upper classes used. Worst of all they could not even draw drinking water from public wells. Total abolition of the entire fabric of the existing society was sankar's aim.

Aesthetic sense, adventurous sprit and leadership quality are discernible from his boyhood period. During his primary school days once he was returning from school accompanied by his mates he noticed one girl was anxiously watching a lotus in the nearby temple pond. She was the daughter of his master. In order to satiate her thirst for the lotus, sankar strips off his dress except the loin cloth unmindful of the consequences plunged in the deep pond and plucked the lotus and presented the girl. Thereby he polluted the temple pond. There raised much hue and cry about it but for his father's nicety and gentleness the incident ceased to exist without any bloodshed or other havocs.

His father was a philanthropist who conducted handloom weaving centre which provided employment for unemployed villagers. One of the employees from the nearby village knows sword fight, wrestling, bodily exercise, fencing and martial art. Sankar trained all martial arts from him. Sankar was an expert handloom weaver. He knew the processing from thread to cloth production. There were several methods and item in the handloom weaving process. While he was weaving in the loom he used to sing Asan's "Neyithukarude Oru Pattu". (നെയ്ത്തുകാരുടെ ഒരു പാട്ട്)

In 1930's he was know as silver – tongued literary orator in Kerala, and Ceylon. It seems that his mission in life was to elucidate and educate the poetry of Asan to the public. He could speak with ease, fluency, effectiveness and proper intonation. When he recites and explain the fourth canto of Budha Charitham, we could get an insight into the prince's character' with the divine poetic beauty. Asan pictures the palace with its pomp and splendour. Servants, maids are pictured in a befitting manner. Prince sidhardha bid good bye to his sweet heart yeshodhara, the innocent kid are depicted in a heart rending way. King's willingness to throw away the crown and sceptres also cast in an enthralling manner. His dislike to power, annexation of kingdoms with the might of sword is also vividly portrayed.

My chariot shall not roll with bloody wheels from victory to victory…………

I choose to the read its path with patients etc.

കൈന്നിടേണ്ട നൃപന്റെ കിരീടവു -മാവശ്യമില്ലിങ്ങെനിയ്ക്കു സാമ്രാ ജ്യവും

ഊരിയവാളിനുണാക്കിരി പൂക്കളെ -പ്പാരിടയ്യോ പിടിച്ചടക്കില്ല ഞാൻ

ചോരയൊഴുക്കിലിരുൾ മുങ്ങുമാറ
ന്റെ- തേരോടിയൂഴി വലം വയ്ക
വേണ്ട താൻ

ശോണിത ശോണാക്ഷരങ്ങളിലുമാ
രുമീ-ക്ഷോണിയിൽ വർണ്ണിച്ചെഴു
തേണ്ട യെൻ കഥ

are soul stirring lines. The conversation which dawned up on the prince's mind is one of the most dramatic moments in the poem. The poet very consciously prophesied the extinct of kingship and the advent of democracy. When sankar renders those portions with powerful gestures and explanations, women folk among the audience are moved and began to weep and yell.

Sankar as an administrator never carried things in a slipshod way. He analysed the prose and cons of issue before arrive at a conclusion. One of his greatest qualities was he never let any false sense of dignity of status in the way of admitting mistakes. His keen intelligence phenomenal memory helped his proficiency in the discharge of political and social duties.

Another occasion Dewan Raghavayya raised the monthly fees of the students. Against this, Trivandrum based students protested and agitated. Dewan employed the mounted police and ruthlessly crushed the agitation. The brutality reached Kottarakkara only after noon. At that time Sankar was doing his English high school classes. With in no time he organized the student and staged an effective protest meeting. He proved his rhetorical skill and organizational ability. Yet another remarkable occasion gained acceptance of his leadership is as follows. While he was studying in the Trivandrum science college, a literary annual meeting was celebrated under the auspicious of the college literary association. The dias was controlled by mahakavi ulloor and other literature. Before that Asan met with a watery grave at Thrikunnappuzha. In the deliberation Asan was not at all given proper respects or to be precise Asan was ignored. Sankar was among the audience. He could not tolerate this indifference and negation. He requested the chair and sought permission for a brief speech. His charming appearance, mellifluous eloquence impressed the audience much. Received applause.

He was gifted with a handsome personality. As a social reformer, as an original thinker, as a politician, as a parliamentarian, as an able administrator, as pedantic and impressive school master, as a journalist, as an effective public speaker, he stood up like a colossus. He believed in work. His dynamism forced him to entangle numerous creative activities for beyond the capacity of an ordinary man. He is an incarnation of energy. His endeavors are faithful.

One of his disciples prof. : N. Krishan pillai observes "As a teacher he always came to our class with sufficient preparation. He possessed a mine of information including from the scriptures to the most modern scientific development. With the aid of the materials, classes are illumined and decorated with examples from poverty and literature, quotation and relevant stories he made the classes lively, interesting and charming. Prof. adds that nobody else could have taught the English lessons especially English poetry better than sankar himself. He continues that his students were so much impressed with his chaste language sweet manner of expression his methodological way of teaching lingered long in the minds of his students.

Dr. Henry Austin records another information. Sanker's speeches are very best that he has ever heard, in national level too. On one occasion famous criminal lawyer Malloor Govinda Pillai tried in vain to over come Sankar's arguments and statistics a public meeting. Sankar easily retorted that his statistics are based on internationally approved and published statements. It is also known that his work as a lawyer kept him so busy that he hardly got time to attend his morning ablutions.

Sankar as a Minister and Chief Minister made sincere efforts to improve the standard of living of common folk. We could see an important trait of his personality is his faith in education as a means of rousing the country. He believed education should prepare youngsters for jobs they could fulfill in the country as a whole not merely for local needs. Sankar is known for his versatility. His organizational ability blossomed in the Travancore State Congress, SNDP Yogam Golden jubilee Celebration, Vimochana Samaram (Liberation Movement).

Sivagiri Gurudeva Prathima prathishta installation in 1969. The all Kerala literary Association annual (സമസ്ത കേരള സാഹിത്യ പരിഷത്) in 1963. In all these functions he gave his Sankar touch and a new vigour and life to the functions. He started a dozen S. N. Colleges under the aegis of SN trust. He has also seen to it that they kept high academic excellence. His concept in the institutions are worthy of emulation. He always acted on the principle that bricks and mortars alone cannot for a college. As an educationalist he realized the importance of library, laboratories in the infrastructure of Schools and Colleges. He appointed highly qualified gifted expert teachers. Without fear or favour the selection of faculty has been done by himself. He also presented a blueprint for the reorganization of higher secondary education. When he was education minister he boldly issued orders for starting 64 colleges spreading the length and breadth of our country aiming to give higher education for the common folk. His faith in education as a means of rousing the country can be from his reform measures.

To start with SN colleges he planned to collect a lakh of rupees within a single day. The venture met with success. When he became the secretary of SNDP yogam he made the yogam office a nerve centre of social activity. After Kumaran asan under the steward ship of R. Shankar, Yogam became healthy, articulate association attracting the attention of ALL India. He has carried out all actions with zest and zeal. When he took charge of yogam General secretary he presented an annual report. It is an ever green manifesto.

Even now the political parties and social organization are emulating the progressive measures enunciated in the report. Sankar led liberation struggle against communist ministry in Kerala. He succeeded in the task and proved his ability in the ensuing assembly election by scoring a thumbing majority for the congress led front.

During independence struggle he courted arrest at several times, while he entered the central prison cells he recited loudly 'The song of freedom by Asan"

Poem starting

"The paramount power of freedom's domain

സ്വാതന്ത്ര്യ രാജ്യത്തിൻ സാമ്രാട്ടേ തേജസിൻ

Seated on the golden throne of Clustered light of 'O Lord'

വ്രാതമാം സ്വർണ്ണ സിംഹാസനത്തിൽ

Holding the royal secpture of lustrous rays in thy holy hands

ജ്യോതിഷ്കിരണാ വലി ചെങ്കോൽ തൃക്കൈയ്യിൽ

showering sheen and shine

ദ്യോതിപ്പിച്ചമ്പുന്ന തമ്പുരാനെ

May thy majestic reign be triumphant

നിന്തിരുവാഴ്ച ജയിക്കട്ടെ

Let the dynamic flame of your shapely sword

ചട്ടറ്റ നിൻ കരവാളിൻ ചലൽ പ്രഭ

Flash in our eyes

തട്ടുമാറാക ഞങ്ങൾക്കു കണ്ണിൽ

Cut asunder O, Mighty one the fetters own our feet

വെട്ടമുറിക്കുക കാൽചങ്ങല വിഭോ

Break the shackles own our hands

പൊട്ടിച്ചെറിയുകയീ കൈവിലങ്ങും

Like Asan, Sankar believed freedom in its sublime form

"freedom indeed its elixir (nector)

സ്വാതന്ത്ര്യം തന്നെ അമൃതം

Freedom itself is life.

സ്വാതന്ത്ര്യം തന്നെ ജീവിതം

Bondage to men of self respect

പാരതന്ത്ര്യം മാനികൾക്ക്

Is more frightful than death

മൃതിയെക്കാൾ ഭയാനകം

Almost every word and deed of this principle guided him. Whether he is on platform in a public function or in a congress forum or general secretary of SNDP Yogam or when reign of power of government machinery this guiding principle is inherent.

When he assumed charge as Minister & Chief Minister his residence was cliff house. The cliff house and its compound, 'The house of culture' was occupied by jackals, stray dogs, rats and cats. Even the day time howling of jackals, barking of dogs are heard and reptiles were seen. Thorny bushes and shrubs also contributed to the thick growth of the jungle. These areas was converted into a cultivable land, plantains, vegetables, Jasmine, rose, variety of cottons

also planted and the compound had become beautiful garden, a lovely place.

The jungle area transformed into an agricultural Land. The aesthetic sense and practical approach of this creative work occupied in media at their main story columns.

He is a humanist to the core. In 1946 Sept. 2nd interim central government headed by Nehru assumed charge at New Delhi. Quit India movement was a land mark in the freedom struggle in india. Indian communist party abstained from this movement. They tried to redeem the political glory by making a rebellion in Cherthala and Alleppy. The Government decided to face it and suppress the rebellion. The labourers of Punnapra Vayalar in Alleppy and Cherthala were misguided. They have been taught and instructed to fight (Oppose) with sharpened arecanut stumps to the machine guns. The result was labourers become food for powder. The innocent human blood was sprinkled in the punnappara vayalar gutters and polluted the vergin soil with no political or social gain. Sankar anticipated the danger and futile attempts of the common man. Without any fear Sankar entered the dangerous party camps with peace mission and advised them to take wise political decision and be away from the battle filed. This is a candid dedicated work to save the life of the human scape goats. His appearance of the political scene created some heart burning among the communist party. It bore testimony to the fact Sankar was a real humanist and constructive ideologist. He believed in bloodless revolution not in bloodly revolution.

Under his leadership SNDP Young celebrated its golden jubilee in the year 1953. It became a national event. At that time Sankar published a "who is who' and a year book which were novel experience and become torch bearers of many historic publications.

He introduced beneficiary land reforms and agricultural facilities o the poor agriculturists. He ordered Pension for widows and aged persons. The working hours of factory labourers are fixed at 8 hours a day. For them weekly off also suggested. In library movement rules and regulation are framed and an year book also formulated, systematic facilities were opened in the libraries and reading rooms, to the research scholars. Today private college teachers enjoyed all rights and privileges of the government college teachers. The private college teachers are obliged to Sankar for their privileges. Another important mile stone was he allowed the AKPCTA to function in SN College compound. Also the first meeting was inaugurated by the great R. Sankar himself.

In 1963 while Sankar was Chief Minister he reorganized the all Kerala literary association which was in a deep slumber for a long period. Indian president came to inaugurate the function. It was a novel experience to the literary field. Among other creative works he started a daily newspaper 'Dinamony'. As a newspaper with National perspective it rendered incalculable service to Indian National congress for spreading its ideologies.

In 1964 was Cheif Minister the had to face a no confidence motion in the Assembly for false allegations. In reply to the noconfidence motion in the assembly he delivered a historic reply. It will be a record in the annals of assembly proceedings. It is a magnificent speech. The dust and tumble of crisis he prepares himself to grapple with the situation un like other politicians escape from the facts.

Even if all his reforms will be forgotten and fall into oblivion his learning temples which he instituted will shine like ever shining stars.

The government of india released a postal stamp in recognition of this national leader, during his centenary year. Asan Academy Trivendrum also played a decisive role in the national event. Asan Academy published a R. Sankar Centenary Souvenir. It also sent resolution to the Government of india demanding the release of centenary stamp, and also requested the philatelic department, Prime Minister, Soniya Gandhi, president of India, Vayalar Ravi etc. Asan academy is the first association to put forward the resolution of its kind. Here mention must be made Central Minister. Vayalar Ravi who took sincere effort to expedite the legal and official correspondence

Here again I am reminded of the opening lines in this article. It is course of our social life the communal milieu could not vent Sankar the flower to blossom fully and scintillated with sweet fragrance around.

## ഗുരുരത്നം ത്രൈമാസികയിൽ വരിക്കാരാകാം

**ഗുരുരത്നം ത്രൈമാസിക തപാലിൽ ലഭിക്കുന്നതിന് മൂന്നുവർഷത്തേക്ക് 100 രൂപ, ആജീവനാന്തം 500 രൂപ മണി ഓർഡർ, മുംബൈയിൽ മാറ്റാവുന്ന ചെക്ക്, ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ Sree Narayana Mandira Samiti എന്ന പേരിൽ** Sree Narayana Mandira Samiti, Sree Narayana Nagar, P.L.Lokhande Marg, Chembur, Mumbai – 400 089 ***എന്ന വിലാസത്തിൽ താഴെ കൊടുത്ത ഫോറം പൂരിപ്പിച്ച് അതോടുകൂടി അയക്കുവാൻ താൽപര്യപ്പെടുന്നു.***

# ഗുരുരത്നം

**GURURATNAM** **QUARTERLY**

*Published by :*
**SREE NARAYANA MANDIRA SAMITI**
Sree Narayana Nagar, P.L.Lokhande Marg, Chembur,
Mumbai – 400 089
Tel: 2525 5337/25286104/25256083 Fax: 25255347
E.mail: samiti2@mtnl.net.in Website: www.snms.in

**Sr.** ______________

Name : ____________________________________________

Address : ____________________________________________

Tel. No. (With STD Codes) : __________________ Mobile No. : __________________

E-mail ID : ____________________________________________

**Subscription for**

(a) Three Years Rs. 100/- ☐ (b) Life Time Rs. 500/- ☐

Paid by Cheque / Draft No. __________________ dated ________________ drawn on **SREE NARAYANA MANDIRA SAMITI** / money orders.

---

Date : ________________ ***Signature***

**Office Use**

Received Rs. _____________ vide Receipt No. ________________ dt. ____________ by Cash/Cheque

***Signature***